ജനപഥം ഏപ്രിൽ 2012



## കവർസ്റ്റോറി


7
പുതിയൊരു കേരളം പിറക്കുന്നു

17
കാരുണ്യത്തോടെ കരുതൽ

4
കേരള ബജറ്റ് 2012-13 : അവലോകനം
ഡോ. ബി.എ. പ്രകാശ്

26
ഫോട്ടോ ഫീച്ചർ

30
സെൻസസിലെ കേരളം

32
വി.കെ. കൃഷ്ണമേനോൻ
ചരിത്രത്തിലെ ഏറ്റവും പ്രശസ്തനായ മലയാളി
സാം ചെക്കാട്

35
ഡോ. വേലുക്കുട്ടി അരയൻ
ധീരനായ സാമൂഹിക വിപ്ലവകാരി
പി.ടി. പ്രമീഷ്

37
പാലക്കാടൻ വയലേലകളുടെ രോദനം
പി. ഉണ്ണികൃഷ്ണൻ

38
നിശ്ശബ്ദതയ്ക്കു ശേഷം...?
വിനീഷ് കളത്തറ

44
ദേവഭൂമി ഉത്തരാഞ്ചൽ – യാത്രാവിവരണം
ഉണ്ണികൃഷ്ണൻ ഉളിയക്കോവിൽ


കവർ : വി.എസ്. പ്രകാശ്



39
കഥയുടെ കുലപതി
പ്രൊഫ. ടോണി മാത്യു





40 ജില്ലകളിലൂടെ
46 ചരിത്രത്തിലൂടെ
47 വാർത്തയിൽ
49 പെൺജീവിതം
51 സമീക്ഷ
52 കാലത്തിനൊപ്പം

# പ്രതികരണം



## കാരുണ്യത്തിന്റെ ഭാഗ്യസ്പർശം

*ജനപഥം* മാർച്ച് ലക്കത്തിൽ ഉൾപ്പെടുത്തിയ കാരുണ്യത്തിന്റെ ഭാഗ്യസ്പർശം എന്ന ലേഖനം വളരെ നല്ലതായിരുന്നു. ഇന്ന് രോഗത്തെക്കാൾ ജനങ്ങൾ ഭയക്കുന്നത് ചികിത്സാച്ചെലവിനെയാണ്. നിർധനരായ ഒരുപാട് രോഗികൾ ഒരുനേരത്തെ മരുന്നിനും ആഹാരത്തിനുംവേണ്ടി കഷ്ടപ്പെടുന്ന സാഹചര്യമാണ് ഇന്ന് കേരളത്തിലുള്ളത്. ഈ അവസരത്തിൽ കഷ്ടതയനുഭവിക്കുന്നവർക്ക് കാരുണ്യത്തിന്റെ ഭാഗ്യസ്പർശവുമായി എത്തിയ സർക്കാരിന് എല്ലാവിധ ആശംസകളും.

**ഭാഗ്യരാജ്,** തിരുമല

## വിവാഹരജിസ്ട്രേഷൻ

*ജനപഥം* (മാർച്ച് ലക്കം) സ്ത്രീകൾക്ക് അത്യാവശ്യം അറിഞ്ഞിരിക്കേണ്ട കാര്യങ്ങൾ ഉൾപ്പെടുത്താൻ ശ്രമിച്ചിട്ടുണ്ട്. വിവാഹരജിസ്ട്രേഷനെക്കുറിച്ചും വനിതാ കമ്മിഷനെക്കുറിച്ചും അറിയാമെങ്കിലും അതിന്റെ നടപടിക്രമങ്ങളെക്കുറിച്ച് വ്യക്തമായ ധാരണ മിക്ക സ്ത്രീകൾക്ക് ഉണ്ടായിരിക്കില്ല. ഇനിയും ഇത്തരത്തിലുള്ള വിജ്ഞാനപ്രദമായ ലേഖനങ്ങൾ ഉൾപ്പെടുത്തുമെന്നു പ്രതീക്ഷിക്കുന്നു.

**രാജേന്ദ്രൻ**
കല്പറ്റ നോർത്ത്

## ലേഖനം സാങ്കല്പികമോ ?

മാർച്ച് ലക്കത്തിൽ ഉൾപ്പെടുത്തിയ *പെൺജീവിതം* കൃത്രിമത്വം നിറഞ്ഞതായി തോന്നി. സ്ത്രീകൾക്ക് ആൾക്കൂട്ടത്തിനിടയിൽ പലവിധത്തിലുള്ള ബുദ്ധിമുട്ടുകളും അനുഭവിക്കേണ്ടിവരുന്നുണ്ട് എന്നുള്ളത് സത്യം തന്നെയാണ്. പക്ഷേ ലേഖനം തികച്ചും സാങ്കല്പികമായ ഒരു കഥപോലെയാണ്. ലേഖനത്തിൽ സൂചിപ്പിച്ചതുപോലെ 'ബസ്സിനി പോകില്ല, ബ്ലോക്കാണ്', എന്ന പറയുന്ന അവസരങ്ങൾ തന്നെ അപൂർവമാണ്. എന്റെ അനുഭവത്തിൽ ബസ് ഒരിക്കലും പോകാതിരുന്നിട്ടില്ല. റൂട്ട് മാറ്റി പോകാറുണ്ട്. അതുകൊണ്ട് ലേഖനങ്ങൾ തിരഞ്ഞെടുക്കുമ്പോൾ അണിയറപ്രവർത്തകർ കുറച്ചുകൂടി ശ്രദ്ധിക്കാൻ താത്പര്യപ്പെടുന്നു.

**ഷീജ,** തിരുവനന്തപുരം

## പ്രസംഗകലയും അഴീക്കോടും

സാധാരണയിൽ നിന്നു വ്യത്യസ്തമായി മുഖചിത്രം പെയിന്റിങ്ങാക്കിയത് ശ്രദ്ധേയമായി (മാർച്ച് 2012). വനിതാശാക്തീകരണത്തിനു പ്രാധാന്യം നൽകിയാണ് മാസികയിലെ വിഭവങ്ങൾ ചിട്ടപ്പെടുത്തിയിരുന്നത്. അഭിനന്ദനങ്ങൾ! അഴീക്കോടിനെക്കുറിച്ചുള്ള അനുസ്മരണം വളരെ ആകർഷകമായിരുന്നു. പ്രസംഗകല അഴീക്കോടിനോടെ ഒടുങ്ങി എന്ന ധ്വനി ശരിയാണെന്നു തോന്നുന്നില്ല. ഫോട്ടോ ഫീച്ചറും യാത്രാവിവരണവും ചരിത്രത്തിലൂടെയും ഒക്കെക്കൂടി *ജനപഥ*ത്തെ ഒരുത്തമ വിജ്ഞാനമാസികയായി മാറ്റിത്തീർത്തിരിക്കുന്നു. *ബാലപഥം* ഒഴിവാക്കിയത് ശരിയായില്ല.

**എ. മൊയ്തീൻ**

പേരാവൂർ, കണ്ണൂർ

## വനിതാദിനം

വനിതാദിനത്തോടനുബന്ധിച്ച് വനിതകൾക്ക് പ്രാധാന്യം കൊടുത്തുകൊണ്ടുള്ള *ജനപഥം* നല്ല നിലവാരം പുലർത്തി. മാധ്യമരംഗത്തു പ്രവർത്തിക്കുന്ന സ്ത്രീകൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ എത്രത്തോളമുണ്ടെന്ന് പലർക്കും അറിയില്ല. ഇത്രയും ബുദ്ധിമുട്ടുകൾ അനുഭവിക്കുമ്പോഴും സ്ത്രീകൾ ഈ രംഗത്തേക്ക് കടന്നുവരുന്നതിൽ നമുക്ക് അഭിമാനിക്കാം.

**മാലതി,** പട്ടാമ്പി

# ജനപഥം

ഇൻഫർമേഷൻ & പബ്ളിക് റിലേഷൻസ് വകുപ്പ് പ്രസിദ്ധീകരണം

ഏപ്രിൽ 2012
പുസ്തകം 1 ലക്കം 2
e-mail : janapatham@prd.kerala.gov.in
Website : www.prd.kerala.gov.in

ചീഫ് എഡിറ്റർ
**എ. ഫിറോസ്**
*ഡയറക്ടർ*
*ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ്*

കോ-ഓർഡിനേറ്റിങ് എഡിറ്റർ
**ജേക്കബ് സാംസൺ**
അഡീഷണൽ ഡയറക്ടർ

*ഡെപ്യൂട്ടി ചീഫ് എഡിറ്റർ*
**വി. ശുഭാമണി**
*ഡെപ്യൂട്ടി ഡയറക്ടർ*

എഡിറ്റർ
**എൽ. വാൾട്ടർ ഡിക്രൂസ്**

അസി. എഡിറ്റർ
**എസ്.ആർ. പ്രവീൺ**

ഡിസൈനർ
**പ്രകാശ് വി.എസ്.**

ചിത്രങ്ങൾ
**ഐ. & പി.ആർ.ഡി.**
*ഫോട്ടോഗ്രാഫി വിഭാഗം*

സർക്കുലേഷൻ
**എൻ. ഷൈലാബീഗം**
ഫോൺ : 0471-2517036

കവർ & ലേഔട്ട്
**കെ. ബിജു**

**പ്രതിനിധികൾ:**

- **ടി.എ. ഷൈൻ,** തിരുവനന്തപുരം
- **എൻ.പി. സന്തോഷ്,** കൊല്ലം
- **ഡോ. സി. വേണുഗോപാൽ,** പത്തനംതിട്ട
- **പി.എസ്. രാജശേഖരൻ,** ഇടുക്കി
- **എൻ. സുനിൽകുമാർ,** ആലപ്പുഴ
- **ടി.സി. ചന്ദ്രഹാസൻ,** എറണാകുളം
- **കെ. അബ്ദുൾ റഷീദ്.** കോട്ടയം
- **എം.എസ്. അലിക്കുഞ്ഞ്,** തൃശൂർ
- **ടി.സി. ജോസഫ്,** പാലക്കാട്
- **വി.പി. സുലഭകുമാരി,** മലപ്പുറം
- **കെ.പി. അബ്ദുൾ ഖാദർ,** കോഴിക്കോട്
- **ഇ. സജീവ്,** വയനാട്
- **ഇ.വി. സുഗതൻ,** കണ്ണൂർ
- **കെ. അബ്ദുൾ റഹ്മാൻ,** കാസർകോട്
- **സി. ഉണ്ണിക്കൃഷ്ണൻ,** ന്യൂഡൽഹി

**വരിക്കാരാകാൻ:** *ജനപഥം* തപാലിൽ ലഭിക്കാൻ ഡയറക്ടർ, ഇൻഫർമേഷൻ - പബ്ളിക് റിലേഷൻസ് വകുപ്പ്, ഒന്നാം നില, സെക്രട്ടേറിയറ്റ് അനക്സ്, തിരുവനന്തപുരം-695001 വിലാസത്തിൽ എം.ഒ. അയയ്ക്കുക. വാർഷിക വരിസംഖ്യ 80 രൂപ. നേരിട്ട് പണം സ്വീകരിക്കുന്ന കേന്ദ്രങ്ങൾ: സ്റ്റേറ്റ് ഇൻഫർമേഷൻ സെന്റർ, പ്രസ് ക്ലബ് ബിൽഡിങ്, തിരുവനന്തപുരം, ഫോൺ:2518471 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, സിവിൽ സ്റ്റേഷൻ, കുടപ്പനക്കുന്ന് പി.ഒ, തിരുവനന്തപുരം, ഫോൺ: 731300 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഒന്നാംനില, സിവിൽ സ്റ്റേഷൻ, കൊല്ലം, ഫോൺ:2794911 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഗ്രൗണ്ട് ഫ്ളോർ, സിവിൽ സ്റ്റേഷൻ, പത്തനംതിട്ട, ഫോൺ:2222657 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഗ്രൗണ്ട് ഫ്ളോർ, സിവിൽ സ്റ്റേഷൻ, കുയിൽമല, പൈനാവ്, ഇടുക്കി, ഫോൺ:2233036 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, സിവിൽ സ്റ്റേഷൻ കോമ്പൗണ്ട്, ആലപ്പുഴ, ഫോൺ:2251349 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഫസ്റ്റ് ഫ്ളോർ, സിവിൽ സ്റ്റേഷൻ, കോട്ടയം, ഫോൺ:2562558 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, പാർക്ക് അവന്യു, കൊച്ചി, ഫോൺ:2354208 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, രണ്ടാം നില, സിവിൽ സ്റ്റേഷൻ, അയ്യന്തോൾ, തൃശൂർ, ഫോൺ:2360644 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഗ്രൗണ്ട് ഫ്ളോർ, സിവിൽ സ്റ്റേഷൻ, പാലക്കാട്, ഫോൺ:2533329 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, സിവിൽ സ്റ്റേഷൻ, മലപ്പുറം, ഫോൺ:2734387 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, സിവിൽ സ്റ്റേഷൻ, മെയിൻ ബിൽഡിംഗ്, കോഴിക്കോട്, ഫോൺ:2370225 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഗ്രൗണ്ട് ഫ്ളോർ, സിവിൽ സ്റ്റേഷൻ, കൽപ്പറ്റ നോർത്ത്, വയനാട്, ഫോൺ:6202529 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഗ്രൗണ്ട് ഫ്ളോർ, സിവിൽ സ്റ്റേഷൻ, കണ്ണൂർ, ഫോൺ:2700231 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, സിവിൽ സ്റ്റേഷൻ, വിദ്യാനഗർ, കാസർഗോഡ്, ഫോൺ:4255145 • ഇൻഫർമേഷൻ ഓഫീസ്, കേരള ഹൗസ്, 3-ജന്തർ മന്തർ റോഡ്, ന്യൂഡൽഹി, ഫോൺ: 011 23343424

ലേഖകരുടെ അഭിപ്രായങ്ങൾ സർക്കാരിന്റേതായിരിക്കണമെന്നില്ല. അവയുടെ ഉത്തരവാദിത്തം ലേഖകർക്കു മാത്രമായിരിക്കും.

**വിലാസം**
എഡിറ്റർ, ജനപഥം,
ഇൻഫർമേഷൻ & പബ്ളിക് റിലേഷൻസ് വകുപ്പ്,
സെക്രട്ടേറിയറ്റ് അനക്സ്, ഒന്നാം നില,
തിരുവനന്തപുരം-1
**ഫോൺ: 0471- 2518171**

മുഖക്കുറിപ്പ്

# പുതിയൊരു കേരളം സാധ്യമാകട്ടെ

വലിയ സ്വപ്നങ്ങൾ കാണുന്നതിനും അത് സഫലമാക്കുന്നതിനും വിശാലമായ കാഴ്ചപ്പാടും ഉറപ്പുള്ള ദർശനവും ഉണ്ടായിരിക്കണം. വിവേകമതികളായ ഭരണകർത്താക്കൾ എന്നും വലിയ സ്വപ്നങ്ങൾ കാണുന്നവരും ഉറപ്പുള്ള ദർശനമുള്ളവരുമായിരിക്കും. നമ്മുടേതുപോലെ വാദങ്ങൾകൊണ്ട് ഉപജീവനം നടത്തുന്ന രാഷ്ട്രീയപശ്ചാത്തലമുള്ള ഒരു നാട്ടിൽ ബൃഹത്തായ പദ്ധതികൾ നടപ്പിലാക്കുന്നതിന് അസാമാന്യമായ നിശ്ചയദാർഢ്യമുണ്ടായിരിക്കണം.

കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട പ്രകൃതിദത്ത തുറമുഖമായ വിഴിഞ്ഞം ജലയാനങ്ങളുടെ പുതിയ കവാടമായിത്തീരുവാൻ തയാറെടുക്കുകയാണ്. 224 കോടി രൂപ ബജറ്റിൽ വകയിരുത്തിക്കൊണ്ട് വിഴിഞ്ഞം പദ്ധതിക്ക് കുതിച്ചുമുന്നേറാൻ ശക്തമായ പിന്തുണ നൽകിയിരിക്കുകയാണ് സർക്കാർ. മെട്രോ റെയിൽ പദ്ധതിയുടെ പ്രാരംഭപ്രവർത്തനങ്ങൾ കൊച്ചിയിൽ തുടങ്ങിയിട്ടുണ്ട്. കൊച്ചിയുടെ മുഖഛായ മാറ്റി പൊതുഗതാഗതത്തിന് നവീനമായ യാത്രാനുഭവം നൽകുവാൻ കൊച്ചി മെട്രോയ്ക്കു കഴിയും. പുതിയ പൊതുയാത്രാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുമ്പോൾ നഗരത്തിൽ സ്വകാര്യവാഹനങ്ങളുടെ തിക്കും തിരക്കും ഒരു പരിധിവരെ കുറയ്ക്കുവാൻ കഴിയും. ഇത് അന്തരീക്ഷമലിനീകരണവും ശബ്ദമലിനീകരണവും നിയന്ത്രിക്കുന്നതിന് സഹായകമാകും. അന്തരീക്ഷമലിനീകരണം മൂലം ഓസോൺ പാളികൾക്കുണ്ടാകുന്ന ക്ഷതം കുറയ്ക്കുവാൻ പൊതുഗതാഗതസംവിധാനങ്ങൾ പരമാവധി വർധിപ്പിക്കേണ്ടതുണ്ട്.

മെട്രോ റെയിൽകൂടാതെ മോണോ റെയിൽ, ആകാശ കാർ മുതലായ യാത്രാ സംവിധാനങ്ങളും കേരളത്തിന്റെ യാത്രാദുരിതം മാറ്റാൻ പര്യാപ്തമായ നിലയിൽ രൂപംകൊള്ളുകയാണ്. ഈ നൂറ്റാണ്ടിന്റെ സവിശേഷമായ വേഗത്തെ നാം നമ്മുടെ പരമാവധി കഴിവുകൾ ഉപയോഗിച്ച് ഒപ്പം നിർത്താൻ ശ്രമിക്കുകയാണ്.

വികസനവും കരുതലും എന്ന ഈ സർക്കാരിന്റെ പ്രഖ്യാപിത മുദ്രാവാക്യത്തെ അന്വർഥമാക്കിക്കൊണ്ടാണ് ഓരോ പ്രവർത്തനവും നടത്തുന്നത്. വലിയ പദ്ധതികൾ കൊണ്ട് നാടിന്റെ മുഖഛായ മാറ്റാമെങ്കിലും ജനങ്ങളുടെ ജീവിതനിലവാരം ഉയർത്തണമെങ്കിൽ സാധാരണ ജനങ്ങൾക്ക് പ്രയോജനപ്രദമായ ക്ഷേമപ്രവർത്തനങ്ങൾ കൂടി നടപ്പിലാക്കേണ്ടതുണ്ട്. എല്ലാ ക്ഷേമപെൻഷനുകളുടെയും തുക വർധിപ്പിച്ചുകൊണ്ട് സാധാരണക്കാരുടെ ആവശ്യങ്ങളോട് അനുഭാവപൂർവം പ്രതികരിക്കാൻ സർക്കാരിനു കഴിഞ്ഞു. സമരങ്ങളും പ്രക്ഷോഭങ്ങളുമില്ലാതെ സാധാരണക്കാരുടെ ആവശ്യം അറിഞ്ഞുപ്രവർത്തിക്കാൻ സർക്കാരിനു കഴിഞ്ഞു.

മാലിന്യം വലിയൊരു വിപത്തായി നമ്മെ തുറിച്ചുനോക്കുന്നു. വലിയൊരു പ്രതിസന്ധിയാണിത്. പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് വളരെ അടിയന്തരമായി സർക്കാർ നടപടികൾ സ്വീകരിക്കുകയാണ്. വിളപ്പിൽശാലയിലെയും ലാലൂരിലെയും പ്രശ്നങ്ങൾ കൂടാതെ കേരളത്തിൽ മാലിന്യസാന്നിധ്യംകൊണ്ട് ശ്രദ്ധിക്കപ്പെട്ട സ്ഥലങ്ങളിലും മാലിന്യസംസ്കരണത്തിന് ആധുനികസംവിധാനങ്ങൾ ഒരുക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണ്.

ഇതോടൊപ്പം മലിനപ്പെടുന്ന ജലസ്രോതസുകളും ജലാശയങ്ങളും ശുദ്ധീകരിച്ച് സംരക്ഷിക്കുന്നതിനും സർക്കാർ സത്വരനടപടികൾ സ്വീകരിച്ചുവരുന്നു. നമ്മൾ അഭിമുഖീകരിക്കാൻപോകുന്ന മറ്റൊരു വലിയ മാലിന്യപ്രശ്നമാണ് ഇ-വേസ്റ്റ്. ഇത് വലിയൊരു സാമൂഹികപ്രശ്നമായി വളരുന്നതിനു മുമ്പുതന്നെ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. കേരളത്തിലെ എല്ലാ സർക്കാർ ഓഫീസുകളിലും കേടുവന്ന കംപ്യൂട്ടറുകളും മറ്റ് അനുബന്ധവസ്തുക്കളും എങ്ങനെ ഫലപ്രദമായി ഒഴിവാക്കാനാകുമെന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു.

കേരളം ഒരു വികസനക്കുതിപ്പിന് തയാറെടുക്കുകയാണ്. എല്ലാ വികസന പ്രക്രിയകൾക്കും ചില ന്യൂനതകളും പ്രശ്നങ്ങളും ഉണ്ടാകുമെങ്കിലും അവയൊക്കെ സമചിത്തതയോടെ നേരിട്ട് പുതിയൊരു കേരളം സാധ്യമാക്കാൻ നമുക്കു കഴിയട്ടെ.


**എ. ഫിറോസ്**
ചീഫ് എഡിറ്റർ

■ ഡോ. ബി.എ. പ്രകാശ്

# കേരള ബജറ്റ് 2012–13 : അവലോകനം

**വൻതോതിൽ മൂലധനനിക്ഷേപം കാർഷിക–വ്യാവസായിക–സേവനമേഖലകളിൽ നടത്തിയും അടിസ്ഥാനസൗകര്യവികസനത്തിന് മുൻതൂക്കം നൽകിയും എല്ലാ രംഗങ്ങളിലും നൂതന സാങ്കേതികവിദ്യകൾ ഉപയോഗിച്ച് വികസനം ത്വരിതപ്പെടുത്തുക എന്നതാണ് ബജറ്റിന്റെ ലക്ഷ്യം.**

കേരളം സാമ്പത്തികവികസനത്തിലും ധനകാര്യരംഗത്തും പ്രതിസന്ധിയിലാണ്. കാർഷിക-വ്യാവസായിക-സേവനമേഖലകളിൽ തുടർച്ചയായി കാര്യമായ നിക്ഷേപം ഉണ്ടാകാത്തതുമൂലം സംസ്ഥാന സമ്പദ്ഘടന കുറേ വർഷങ്ങളായി സാമ്പത്തിക മുരടിപ്പിലാണ്. റബർ ഒഴിച്ച് മറ്റു വിളകൾ പൊതുവിൽ ആദായകരമല്ലാത്തതിനാൽ കാർഷികരംഗം സ്തംഭനാവസ്ഥയിലാണ്. കേരളത്തിനാവശ്യമായ അരിയുടെ 15 ശതമാനംമാത്രമാണ് ഇവിടെ ഉത്പാദിപ്പിക്കുന്നത്. പച്ചക്കറികൾ, പയറുവർഗങ്ങൾ, പഴങ്ങൾ, മുട്ട, ഇറച്ചി തുടങ്ങി മിക്ക ഭക്ഷ്യസാധനങ്ങളുടെയും നാലിൽ മൂന്നിലധികം ഭാഗവും അന്യസംസ്ഥാനങ്ങളിൽ നിന്നും ഇറക്കുമതിചെയ്യുന്നു. നിക്ഷേപവിരുദ്ധ സമീപനങ്ങളും ശൈലികളും നിലനിൽക്കുന്നതിനാൽ വ്യവസായരംഗം പൊതുവിൽ





ധനകാര്യമന്ത്രി കെ.എം. മാണി നിയമസഭയിൽ ബജറ്റ് അവതരിപ്പിക്കുന്നു

തളർച്ചയിലാണ്. പൊതുവിലുള്ള മാന്ദ്യം മൂലം നിർമാണമേഖലയും മുരടിപ്പിലാണ്. അടിസ്ഥാനഘടകമേഖലയായ റോഡ്, റോഡു ഗതാഗതം, കുടിവെള്ളം, ജലസേചനം, മാലിന്യനിർമാർജനം തുടങ്ങിയവയും രൂക്ഷമായ പ്രതിസന്ധിയിലാണ്. പൊതുവിദ്യഭ്യാസം, ആരോഗ്യം തുടങ്ങിയ മേഖലയിലെ സർവീസുകളുടെ ഗുണനിലവാരം മോശമായിവരുന്നു. വയനാട്, ഇടുക്കിപോലുള്ള മലയോരജില്ലകളിലും തീരദേശമേഖലയിലും അടിസ്ഥാനഘടക വികസനം നടക്കാതെ പിന്നാക്കം നിൽക്കുന്നു. പൊതുവിലുള്ള പിന്നാക്കാവസ്ഥമൂലം കേരളത്തിലെ മൊത്തം കുടുംബങ്ങളിൽ 42 ശതമാനവും ബി.പി.എൽ. ആണ്. തൊഴിൽസേനയിലെ 20 ശതമാനത്തോളം തൊഴിലില്ലാത്തവരാണ്. സർക്കാരിന്റെയും തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെയും പദ്ധതി നടത്തിപ്പ് കഴിഞ്ഞ കുറേവർഷങ്ങളിൽ പരിതാപകരമാണ്. വാർഷികപദ്ധതിയുടെ സിംഹഭാഗവും ജനുവരി-ഫെബ്രുവരി മാസങ്ങളിൽ മാത്രമാണ് നടക്കുന്നത്. സംസ്ഥാനസർക്കാർ ഇപ്പോൾ ധനപ്രതിസന്ധിയിലാണ്. ധനപ്രതിസന്ധി പരിഹരിക്കാൻ കുറേ വർഷങ്ങളായി തുടർച്ചയായി വായ്പ എടുത്തതുമൂലം വായ്പാത്തുക ഗണ്യമായി വർധിച്ചു. 2006 ലെ പൊതുകടം 47,940 കോടിയായിരുന്നത് 2011 ൽ 82,486 കോടി രൂപയായി വർധിച്ചു. ഈ സാഹചര്യത്തിലാണ് സംസ്ഥാന ബജറ്റ് അവതരിപ്പിച്ചത്. ധനകാര്യമന്ത്രി കെ.എം. മാണി അവതരിപ്പിച്ച ബജറ്റിലെ നിർദേശങ്ങൾ ചർച്ചചെയ്യുകയാണ് ഈ ലേഖനത്തിൽ



## വികസന നയം

വികസനവും കരുതലുമാണ് യു.ഡി.എഫ് സർക്കാരിന്റെ ലക്ഷ്യങ്ങൾ. വൻതോതിൽ മൂലധനനിക്ഷേപം കാർഷിക-വ്യാവസായിക-സേവനമേഖലകളിൽ നടത്തിയും അടിസ്ഥാനസൗകര്യവികസനത്തിന് മുൻതൂക്കം നൽകിയും എല്ലാ രംഗങ്ങളിലും നൂതന സാങ്കേതികവിദ്യകൾ ഉപയോഗിച്ച് വികസനം ത്വരിതപ്പെടുത്തുക എന്നതാണ് ബജറ്റിന്റെ ലക്ഷ്യം. ഇതോടൊപ്പം, വികസനത്തിന്റെ ഗുണഫലങ്ങൾ സാധാരണക്കാർക്കും സാമൂഹികമായും സാമ്പത്തികമായും പിന്നാക്കം നിൽക്കുന്ന ജനവിഭാഗങ്ങളിലും എത്തിച്ച് ദരിദ്രജനവിഭാഗങ്ങളുടെ ജീവിതനിലവാരം മെച്ചപ്പെടുത്താനും ലക്ഷ്യമിടുന്നു. ഇതിനായി ഒരു രൂപയ്ക്ക് ഒരു കിലോ അരി തുടങ്ങിയ ഒട്ടനവധി ക്ഷേമപ്രവർത്തനങ്ങളും പെൻഷൻപദ്ധതികളും നടത്തുന്നു. ഈ ലക്ഷ്യത്തോടു കൂടിയാണ് അടുത്ത അഞ്ചു വർഷക്കാലത്ത് നടപ്പിലാക്കേണ്ട പഞ്ചവത്സരപദ്ധതി രൂപീകരിച്ചിട്ടുള്ളത്. ഇത് സാധ്യമാകണമെങ്കിൽ സംസ്ഥാന സർക്കാരിന്റെ ധനകാര്യസ്ഥിതിയും മെച്ചമാക്കേണ്ടതുണ്ട്.

സംസ്ഥാനത്തെ സാമ്പത്തികവികസനത്തിന് ഏഴു ഘടകങ്ങളിൽ അധിഷ്ഠിതമായ വികസനതന്ത്രമാണ് ബജറ്റ് നിർദേശിക്കുന്നത്. സമസ്തമേഖലകളുടെയും നിലവാരവർധന, അടിസ്ഥാനസൗകര്യ വികസനം, തൊഴിൽവൈദഗ്ധ്യവികസനം, സ്വയംസംരംഭകവികസനം, നൂതന സാങ്കേതികവിദ്യകളുടെ സ്വാംശീകരണം, മൂലധനനിക്ഷേപ വർധന, പൊതു-സ്വകാര്യ പങ്കാളിത്തം എന്നിവയാണവ. നിക്ഷേപം, ഉത്പാദനവർധന, സാങ്കേതിക പുരോഗതി എന്നീ അടിസ്ഥാന സാമ്പത്തിക തത്വങ്ങളിൽ അധിഷ്ഠിതമാണ് ഈ വികസനതന്ത്രം. ഉത്പാദനമേഖലകളുടെ വികസനത്തിന് മുന്തിയ പരിഗണനയാണ് ബജറ്റ് നൽകുന്നത്.

## കാർഷികമേഖല

ആധുനിക ശാസ്ത്രസാങ്കേതികവിദ്യയുടെ വിന്യാസത്തോടെ ഹൈ-ടെക് കൃഷിരീതി വ്യാപിപ്പിക്കാൻ ബജറ്റ് ലക്ഷ്യമിടുന്നു. നെല്ലുത്പാദനം വർധിപ്പിക്കാൻ സഹായകരമായ റൈസ് ബയോപാർക്കുകൾ കുട്ടനാട്ടിലും പാലക്കാട്ടും സ്ഥാപിക്കാൻ ലക്ഷ്യമിടുന്നു. പൊതു-സ്വകാര്യ കർഷക കൂട്ടായ്മകളുടെ ആഭിമുഖ്യത്തിൽ പ്രത്യേക കമ്പനികൾ രൂപീകരിച്ച് പ്രസ്തുത പാർക്കുകളുടെ പ്രവർത്തനം നടത്തുന്നതാണ്. നാളീകേരത്തിന്റെ ഉത്പാദനം വർധിപ്പിക്കാനും വിവിധയിനം മൂല്യവർധിത ഉത്പന്നങ്ങൾ ഉത്പാദിപ്പിക്കാനും മൂന്ന് നാളീകേര ബയോപാർക്കുകൾ സ്ഥാപിക്കുന്നതാണ്. കാർഷിക ഉത്പാദനത്തിൽ വൻ വർധന സൃഷ്ടിക്കുന്ന ആധുനിക സാങ്കേതികവിദ്യയായ ഗ്രീൻ ഹൗസ് പദ്ധതി കേരളത്തിലെ എല്ലാ പ്രദേശങ്ങളിലും വ്യാപിപ്പിക്കുന്നതാണ്. പൊതുവിൽ കൃഷിക്ക് മുന്തിയ പരിഗണനയാണ് ബജറ്റ് നൽകിയിട്ടുള്ളത്.

## വ്യവസായമേഖല

എമർജിങ് കേരള എന്നപേരിൽ വ്യവസായനിക്ഷേപം പ്രോത്സാഹിപ്പിക്കാൻ ആഗോളനിക്ഷേപക സംഗമം നടത്തുന്നതാണ്. അടിസ്ഥാനസൗകര്യവികസനത്തിന് നിരവധി പൊതു-സ്വകാര്യപങ്കാളിത്ത പ്രോജക്കുകൾ നടപ്പിലാക്കും. പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം ലാഭകരവും കാര്യക്ഷമവുമാക്കാൻ പ്രൊഫഷണൽ മാനേജർമാരെ നിയമിക്കും. കിൻഫ്രയുടെ സഹകരണത്തോടെ ഒരു ഗ്ലോബൽ ആയുർവേദ വില്ലേജ് സ്ഥാപിക്കുന്നതാണ്. കേരളത്തിന്റെ വ്യവസായ പുരോഗതി ലക്ഷ്യമാക്കിക്കൊണ്ട് ഒരു സീ-പോർട്ട്-എയർപോർട്ട് ഡെവലപ്മെന്റ് അതോറിറ്റി സ്ഥാപിക്കും. കയർ, കശുവണ്ടി, കൈത്തറി, തുടങ്ങിയ പരമ്പരാഗത വ്യവസായങ്ങളുടെ വികസനങ്ങൾക്കും ബജറ്റ് ഊന്നൽ നൽകുന്നു. ഐടി രംഗത്ത് ഇന്ത്യയുടെ മൊത്തം ഐടി വിപണിയുടെ അഞ്ചു ശതമാനമെങ്കിലും നേടാനും ആറു ലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും ബജറ്റ് ലക്ഷ്യമിടുന്നു.

## സാമൂഹിക ക്ഷേമം

ഭൂരഹിതരായ എല്ലാവർക്കും ഭൂമി നൽകുന്ന 'ഭൂരഹിതരില്ലാത്ത കേരളം' പദ്ധതി ഈ ബജറ്റിലെ സുപ്രധാനമായ ഒരു പദ്ധതിയാണ്. ഭൂരഹിതരുടെ കണക്കെടുപ്പ് ഈ വർഷം ഏപ്രിൽ മാസത്തിൽത്തന്നെ ആരംഭിച്ച് ഭൂമി നൽകുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്. ദരിദ്രജനവിഭാഗങ്ങളുടെ പ്രതിമാസ പെൻഷൻ വർധിപ്പിച്ചു. വിധവ-അഗതി പെൻഷൻ 400 രൂപയിൽനിന്നും 525 രൂപയായി വർധിപ്പിച്ചു. ക്യാൻസർ, കുഷ്ഠം, ക്ഷയം എന്നിവ ബാധിച്ച രോഗികളുടെ പ്രതിമാസ പെൻഷൻ 525 രൂപയാക്കി ഉയർത്തി. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പുപദ്ധതിയിൽ ഒരു സാമ്പത്തികവർഷം 100 ദിവസമെങ്കിലും ജോലിചെയ്തിട്ടുള്ള സ്ത്രീത്തൊഴിലാളികളുടെ കുട്ടികൾക്ക് വിദ്യാഭ്യാസ സഹായമായി 1000 രൂപ നൽകും.

## പെൻഷൻപ്രായ വർധന

മുൻ സർക്കാർ കേരളത്തിൽ നടപ്പിലാക്കിയ വിരമിക്കൽ തീയതി ഏകീകരണം ജീവനക്കാർക്ക് ഒട്ടനവധി പ്രയാസങ്ങളും ഭരണപരമായ ബുദ്ധിമുട്ടുകളും സൃഷ്ടിച്ചിരുന്നു. ഇതിന് പരിഹാരമായി ജീവനക്കാരുടെ പെൻഷൻപ്രായം 56 ആക്കി ഉയർത്തി. ഈ നടപടിക്ക് പൊതുവിൽ വലിയ ജനപിന്തുണയാണ് ലഭിച്ചിരിക്കുന്നത്.

## മറ്റു നിർദേശങ്ങൾ

- സംസ്ഥാനത്തെ മാലിന്യവിമുക്തമാക്കാനുള്ള 'മാലിന്യവിമുക്ത കേരളം' പദ്ധതി ഒരു സുപ്രധാന നിർദേശമാണ്. വീടുകളിലെ ജൈവമാലിന്യങ്ങളിൽനിന്നും കമ്പോസ്റ്റ് വളവും ബയോ ഗ്യാസും ഉണ്ടാക്കാനും അതിന് സബ്സിഡി നൽകാനും പദ്ധതി ലക്ഷ്യമിടുന്നു.
- നഗരങ്ങളിലെ മാലിന്യനിർമാർജന പ്രവർത്തനങ്ങൾക്ക് ആധുനിക സാങ്കേതികവിദ്യയിലധിഷ്ഠിതമായ വൻകിട മാലിന്യസംസ്കരണ പ്ലാന്റുകൾ പ്രധാന നഗരങ്ങളിൽ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു.
- പിന്നാക്ക പ്രദേശങ്ങൾക്കും മലയോര ജില്ലകളായ വയനാടിന്റെയും ഇടുക്കിയുടെയും വികസനത്തിനും തീരദേശ വികസനത്തിനും ബജറ്റ് മുന്തിയ പരിഗണന നൽ കുന്നു.
- പുതുതായി രൂപീകരിക്കുന്ന ആയുർവേദ സർവകലാശാല ആയുർവേദ പഠനത്തിനും മരുന്നുകളുടെ ഉത്പാദനത്തിനും നാടൻ ചികിത്സാരീതികളുടെ വികസനത്തിനും സഹായിക്കും.
- കുടിവെള്ളവിതരണത്തിന്, പ്രത്യേകിച്ച് രൂക്ഷമായ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്ന തീരപ്രദേശങ്ങളിലും കുട്ടനാട് പ്രദേശത്തും പുതിയ കുടിവെള്ള പദ്ധതികൾ ഈ ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.
- ജലസ്രോതസുകളുടെ സംരക്ഷണത്തിനും ജലസേചനപദ്ധതികൾക്കും ബജറ്റ് പ്രത്യേക പരിഗണന നൽകിയിട്ടുണ്ട്. മുല്ലപ്പെരിയാറിൽ ഒരു പുതിയ സംരക്ഷണ അണക്കെട്ട് നിർമിക്കാൻ 50 കോടിരൂപ വകയിരുത്തിയിട്ടുണ്ട്.
- കേരളത്തിലെ അഭ്യസ്തവിദ്യർക്ക് തൊഴിൽ ചെയ്യാനും സ്വയംതൊഴിൽ സംരംഭങ്ങളിൽ ഏർപ്പെടാനും സഹായകരമായ തൊഴിൽപരിശീലന പദ്ധതികളും ബജറ്റ് വിഭാവനം ചെയ്യുന്നു.
- പുതുതായി ഒരു സാങ്കേതിക സർവകലാശാലയും ഒരു ഐ.ഐ.ടിയും സ്ഥാപിക്കാൻവേണ്ട നിർദേശങ്ങൾ സാങ്കേതികവിദ്യാഭ്യാസവികസനത്തിന് വളരെ സഹായകരമാകും.

## വിഭവസമാഹരണം

സംസ്ഥാന സർക്കാരിന്റെ ധനസ്ഥിതി മോശമായതിനാൽ സർക്കാരിന് വികസന രംഗത്ത് പണംമുടക്കാനുള്ള കഴിവ് കുറഞ്ഞുവരുന്നു. ഈ സാഹചര്യത്തിൽ ധനസ്ഥിതി മെച്ചമാക്കാൻ ചില നികുതി നിർദേശങ്ങളും ബജറ്റിലുണ്ട്. മോട്ടാർവാഹനനികുതി, വാണിജ്യനികുതി, സിഗരറ്റ്, വിദേശമദ്യം തുടങ്ങിയവയുടെ നികുതി എന്നിവയിൽ ചെറിയ വർധന വരുത്തിയിട്ടുണ്ട്. 1512 കോടി രൂപയുടെ അധികനികുതി ബജറ്റിൽ ലക്ഷ്യമിടുന്നു.

മുകളിലെ ചർച്ചയുടെ അടിസ്ഥാനത്തിൽ ബജറ്റ് നിർദേശങ്ങളെ നമുക്കു വിലയിരുത്താം.

നിക്ഷേപവർധന, അടിസ്ഥാനഘടക വികസനം, സാങ്കേതികപുരോഗതി, കാർഷിക, വ്യവസായ മേഖലകളുടെ വികസനം, തൊഴിലവസരങ്ങൾ സൃഷ്ടിക്കൽ, വിഭവസമാഹരണം എന്നിവയ്ക്ക് ഊന്നൽ നൽകുന്ന വികസനോന്മുഖ ബജറ്റാണിത്. കഴിഞ്ഞ കുറേ വർഷങ്ങളായി നിക്ഷേപ മുരടിപ്പുമൂലം വളർച്ചയില്ലാതെ കഴിയുന്ന സംസ്ഥാന സമ്പദ്ഘടനയെ വികസനപാതയിലേക്കു നയിക്കാൻ ഈ ബജറ്റ് സഹായിക്കും. സംസ്ഥാന സർക്കാർ ജീവനക്കാരുടെ ദീർഘകാലത്തെ ആവശ്യമായ പെൻഷൻപ്രായ വർധന നടപ്പിലാക്കാൻ ധീരമായ നിലപാടാണ് ധനമന്ത്രി സ്വീകരിച്ചത്. എല്ലാ രംഗത്തും സർക്കാർപണംമുടക്കി മാത്രം വികസനം എന്ന നിയത്തിൽനിന്നും പൊതു-സ്വകാര്യപങ്കാളിത്തംവഴി വികസനം എന്ന നയംമാറ്റം കാർഷിക-വ്യവസായ-സേവന മേഖലകളിൽ വൻതോതിൽ നിക്ഷേപം ഉണ്ടാക്കാൻ സഹായകരമാകും. കാർഷികമേഖലയിൽ കേരളത്തിലെ ഏറ്റവും മുഖ്യവിളകളായ നാളികേരത്തിനും നെല്ലിനും മുന്തിയ പരിഗണന നൽകിയിട്ടുണ്ട്. ഇത് കാർഷിക പ്രതിസന്ധിയിലായ ബഹുഭൂരിപക്ഷം കർഷകർക്കും ആശ്വാസം നൽകുന്ന നടപടിയാണ്. എല്ലാ ഭൂരഹിതർക്കും ഭൂമി എന്ന പദ്ധതി ദരിദ്രജനങ്ങൾക്ക് ഭൂമിയും പാർപ്പിടവും ലഭ്യമാക്കാൻ സഹായകരമായ സുപ്രധാന പദ്ധതിയാണ്. അഭ്യസ്തവിദ്യരുടെയും ചെറുപ്പക്കാരുടെയും തൊഴിലവസരങ്ങൾ വർധിപ്പിക്കാനുള്ള വിവിധ തൊഴിൽ പരിശീലനപദ്ധതികളും സ്വയംതൊഴിൽ പദ്ധതികളും തൊഴിലില്ലായ്മ പരിഹരിക്കാൻ സഹായകരമാകുമെന്നതിൽ സംശയമില്ല.



സംസ്ഥാനത്തെ വികസനരംഗത്ത് മുന്നോട്ടുനയിക്കാൻ സഹായകമായ ശ്രദ്ധേയമായ നിർദേശങ്ങളാണ് ബജറ്റിലുള്ളത്. എന്നാൽ ഇവ സമയബന്ധിതമായും കാര്യക്ഷമമായും നടപ്പിലാക്കുക എന്നത് കേരളത്തിന്റെ സാഹചര്യത്തിൽ എളുപ്പമായ കാര്യമല്ല. വാർഷികപദ്ധതികളും മറ്റു വികസനപദ്ധതികളും കേന്ദ്രാവിഷ്കൃതപദ്ധതികളും വർഷങ്ങളായി വളരെ മോശമായി നടപ്പിലാക്കുന്ന രീതിയാണ് നാം അനുവർത്തിച്ചുവരുന്നത്. ഈ പ്രവണതയിൽ എത്രത്തോളം മാറ്റംവരുത്താൻ കഴിയും എന്നതിനെ ആശ്രയിച്ചായിരിക്കും ബജറ്റിലെ നിർദേശങ്ങൾ യാഥാർഥ്യമാകുന്നത്. ■



# പുതിയൊരു കേരളം പിറക്കുന്നു





വളരെ വേഗത്തിൽ മുന്നോട്ടുസഞ്ചരിക്കുന്ന ശീലം കേരളത്തിന് എന്നുമുണ്ട്. ചരിത്രത്തിൽ അതിന് ഉദാഹരണങ്ങൾ ഏറെയാണ്. ഇപ്പോൾ ഒമ്പതു മാസം പ്രായമായ ഉമ്മൻ ചാണ്ടി സർക്കാർ കേരളത്തിന് പുതിയ ചരിത്രം രചിച്ചുകൊണ്ടിരിക്കുകയാണ്. ഭരണസുതാര്യത എന്നത് വെറുംവാക്കല്ലെന്ന് ഭരണമേറി അധികം കഴിയാതെതന്നെ ഈ സർക്കാർ തെളിയിച്ചു. മുഖ്യമന്ത്രിയുടെ ഓഫീസ് 24 മണിക്കൂറും ഓൺലൈനാക്കിക്കൊണ്ടാണ് സുതാര്യതയുടെ ആദ്യചുവട്. മറ്റൊരു പ്രധാന ചുവടുവയ്പായിരുന്നു 24 X 7 പ്രവർത്തിക്കുന്ന കോൾ സെന്റർ. ലോകത്തിന്റെ ഏതു കോണിൽനിന്നും എപ്പോഴും ഏതുസമയത്തും മുഖ്യമന്ത്രിയെ വിളിക്കാൻ കഴിയുന്നതാണ് ഈ സംവിധാനം. അഴിമതി തടയുന്നതിന് വിസിൽ ബ്ലോവർ സംവിധാനം ഏർപ്പെടുത്തി.

അധികാരമേറ്റയുടൻ തന്നെ പ്രഖ്യാപിച്ച 100 ദിന കർമപരിപാടി ആരെയും അമ്പരിപ്പിക്കുന്നതായിരുന്നു. സർക്കാർ സംവിധാനത്തെ ചലനാത്മകമാക്കാനും രാഷ്ട്രീയനേതൃത്വത്തെ ജാഗ്രത്താക്കുവാനും ഈ നടപടി സഹായകമായി. തുടർന്ന് ഒരു വർഷ കർമപരിപാടി പ്രഖ്യാപിച്ചു. ഭരണം ജനക്ഷേമകരമാക്കുന്നതിന് ഒരു ജനാധിപത്യസർക്കാരിന് ചെയ്യാൻ കഴിയുന്ന കാര്യങ്ങളൊക്കെ വളരെവേഗത്തിലും കാര്യക്ഷമമായും ചെയ്യുന്നതിന് ഈ സർക്കാരിനു കഴിഞ്ഞിട്ടുണ്ട്.

കേരളത്തെ ലോകശ്രദ്ധയിലേക്കു കൊണ്ടുവന്ന മഹത്തായ മറ്റൊരു ഉദാഹരണമായിരുന്നു മുഖ്യമന്ത്രിയുടെ ജനസമ്പർക്കപരിപാടി. ഇത് ലോകരാജ്യങ്ങളുടെ ശ്രദ്ധ ആകർഷിക്കുക മാത്രമല്ല ഐക്യ രാഷ്ട്രസഭാ പ്രതിനിധിയുടെ പ്രത്യേക പ്രശംസയ്ക്കും കാരണമായി. യു.എൻ.ഡി.പിയുടെ ഡെമോക്രാറ്റിക് ഗവേണൻസ് ഡയറക്ടർ കേരളത്തിലെത്തുകയും മുഖ്യമന്ത്രിയെ നേരിൽക്കണ്ട് ചർച്ച നടത്തുകയും ചെയ്തു. ജനസമ്പർക്കപരിപാടിയുടെ സുതാര്യതയും ഫലപ്രാപ്തിയും ജനകീയതയും ഏഷ്യ, ആഫ്രിക്ക, ലാറ്റിനമേരിക്കൻ രാജ്യങ്ങൾക്ക് മാതൃകയാണെന്നും യു.എൻ.ഡി.പി ഇതിനേക്കുറിച്ച് വിശദമായി പഠിക്കുമെന്നും അവർ പറഞ്ഞു. മാത്രമല്ല ഡെമോക്രാറ്റിക് ഗവേർണൻസ് ലോക ഉച്ചകോടിയിൽ അഭിസംബോധന ചെയ്യാൻ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയെ ക്ഷണിക്കുമെന്നും അവർ അറിയിച്ചു.

കേരളം ഇപ്പോൾ സമയത്തെ വേഗം കൊണ്ടു കീഴടക്കാൻ തയാറെടുക്കുകയാണ്. വികസനയാത്രയിൽ നമുക്കു നഷ്ടമായ അവസരങ്ങൾ തിരിച്ചുപിടിക്കാനും മുന്നോട്ടുകുതിക്കാനും ഒരുങ്ങുകയാണ് നാം. ഇനിയുള്ള വർഷങ്ങൾ വളരെ നിർണായകമാണെന്ന് നമ്മെ ബോധ്യപ്പെടുത്തുന്ന ഒരുകൂട്ടം ബൃഹത്തായ പദ്ധതികൾ സംസ്ഥാനസർക്കാർ പ്രഖ്യാപിച്ചിരിക്കുകയാണ്. വികസനവഴിയിൽ ഇനിയും കാത്തുനിൽക്കാനാകില്ലെന്നും നഷ്ടപ്പെടുത്തുവാൻ ഇനി അവസരങ്ങളില്ലെന്നും നമ്മെ ഉത്ബോധിപ്പിക്കുന്നതാണ് ഓരോ പദ്ധതിയും.

ആധുനിക കേരളം എങ്ങനെ രൂപപ്പെടുത്താമെന്ന യാതൊരു ധാരണയുമില്ലാത്ത കഴിഞ്ഞ സർക്കാരിനുള്ള മറുപടിയാണ് ഭാവനാപൂർണമായ പദ്ധതികൾ ആർജവത്തോടെ പ്രഖ്യാപിക്കുകയും നടപ്പാക്കുവാൻ അക്ഷീണം പ്രവർത്തിക്കുകയും ചെയ്യുന്ന കേരളത്തിന്റെ പുതിയ സർക്കാർ.





# കൊച്ചി മെട്രോ അതിവേഗം മുന്നോട്ട്

വർധിച്ചുവരുന്ന ഗതാഗതാവശ്യങ്ങൾക്ക് പരമ്പരാഗത ഗതാഗതസംവിധാനങ്ങൾ മതിയാകില്ലെന്ന് വ്യക്തമായിക്കഴിഞ്ഞു. കാൽനടയാത്രക്കർക്കും വാഹനയാത്രക്കാർക്കും ഉപയോഗ്യമായ റോഡുകളുടെ അപര്യാപ്തത നമ്മുടെ മുഖ്യപ്രശ്നങ്ങളിലൊന്നാണ്. സുഗമവും സൗകര്യപ്രദവുമായ യാത്രാസംവിധാനം ഏതൊരു നാടിന്റെയും വികസനത്തിന്റെ അടിത്തറയാണ്. സർക്കാർ മെട്രോ റെയിൽ സംവിധാനത്തെക്കുറിച്ച് ആലോചിക്കുന്നത് ഈ സാഹചര്യത്തിലാണ്. കൊച്ചിയിൽ മെട്രോ റെയിൽ ആരംഭിക്കുന്നതിന് നടപടികൾ പുരോഗമിക്കുകയാണ്. ഇതിന് കേന്ദ്ര സർക്കാരിന്റെ പബ്ലിക് ഇൻവെസ്റ്റ്മെന്റ് ബോർഡിന്റെ അനുമതി ലഭിച്ചുകഴിഞ്ഞു. ഇനി കേന്ദ്രമന്ത്രിസഭ അംഗീകരിച്ചാൽ കൊച്ചി മെട്രോ എന്ന നമ്മുടെ സ്വപ്നം യാഥാർഥ്യമാകാൻ അധികം കാത്തിരിക്കേണ്ടിവരില്ല.




ചെന്നൈ മാതൃകയിലായിരിക്കും പദ്ധതി നടപ്പിലാക്കുക. ഏകദേശം 5181 കോടി രൂപ ചെലവു പ്രതീക്ഷിക്കുന്നു. ജപ്പാൻ ഇന്റർനാഷണൽ കോ-ഓപ്പറേഷൻ ഏജൻസിയിൽ നിന്ന് വായ്പ പ്രതീക്ഷിക്കുന്നു. 40 വർഷമാണ് തിരിച്ചടവിനുള്ള കാലാവധി. ആദ്യഘട്ടമായി പദ്ധതി നടപ്പിലാക്കുന്ന ഡി.എം.ആർ.സി.യ്ക്ക് 158 കോടി രൂപ അനുവദിച്ചു. കൊച്ചി ഷിപ്‌യാർഡിനു സമീപം മേൽപ്പാലം പണിയുന്നതിന് സ്ഥലം ഏറ്റെടുക്കാൻ നഗരസഭക്ക് 48 കോടി രൂപ നൽകി. ഏഴു വില്ലേജുകളിൽ കൂടി കടന്നുപോകുന്ന മെട്രോ റെയിലിന് 25.25 കിലോമീറ്റർ നീളവും 20 സ്റ്റേഷനുകളും ഉണ്ടാകും.



# സ്മാർട്ടാകുന്ന കേരളം

90,000 പേർക്ക് പ്രത്യക്ഷമായും അതിൽക്കൂടുതൽ പേർക്ക് പരോക്ഷമായും തൊഴിൽ ലഭിക്കുന്ന കൊച്ചിയിലെ സ്മാർട്ട് സിറ്റി പദ്ധതി പുരോഗമിക്കുന്നു. കേരളത്തിന്റെ പൊതുകാഴ്ചപ്പാടിനെ മാറ്റിമറിക്കാൻ പര്യാപ്തമായ പദ്ധതിയാണിത്. 246 ഏക്കർ പദ്ധതിപ്രദേശത്തിന് ഒറ്റ സെസ്സായി അനുമതി ലഭിച്ചു.

പദ്ധതിയുടെ പവലിയൻനിർമാണം സമയബന്ധിതമായി പൂർത്തിയായി. രണ്ടു കോടി രൂപ ചെലവിൽ 6000 ചതുരശ്ര അടിയിൽ പൂർത്തിയായ ഈ ഇരുനില കെട്ടിടത്തിൽ സ്മാർട്സിറ്റിയുടെ സെയിൽസ്, അഡ്മിനിസ്ട്രേഷൻ, മാർക്കറ്റിങ്, പ്രോജക്ട് വിഭാഗങ്ങൾ ഉടൻ പ്രവർത്തനമാരംഭിക്കും. മാസ്റ്റർപ്ലാനിനും അന്തിമരൂപമായി. 3.5 ലക്ഷം ചതുരശ്ര അടി വിസ്തീർണമുള്ള ആസ്ഥാനമന്ദിരമാണ് നിർമിക്കുന്നത്.



# വിഴിഞ്ഞത്തിന് 224 കോടി രൂപ

ജലയാനങ്ങൾക്ക് പുതിയൊരു താവളം. പ്രകൃതിദത്തമായ വിഴിഞ്ഞം അന്താരാഷ്ട്രതുറമുഖം ലോകവുമായി പുതിയ യാത്രാബന്ധങ്ങൾക്ക് തയ്യാറാകുന്നു. കേരളത്തിന്റെ ചിരകാലസ്വപ്നം യാഥാർഥ്യമാകുന്നു. 4010 കോടി രൂപയുടെ ഈ ബൃഹത്തായ പദ്ധതി നടപ്പിലാക്കാൻ വെൽസ്പൺ ഇൻഫ്രാടെക്കാണ് യോഗ്യത നേടിയത്. തുറമുഖത്തിനാവശ്യമായ അനുബന്ധ സൗകര്യങ്ങളുടെ നിർമാണം പുരോഗമിച്ചുവരുന്നു.

നാടിന്റെ മുഖഛായ മാറ്റുന്ന ഈ പദ്ധതി 2015 ൽ പ്രവർത്തനസജ്ജമാകും. ഈ ബജറ്റിൽ 224 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഒരു പടി കൂടി മുന്നോട്ടുപോയി വെൽസ്പൺ കൺസോർഷ്യവുമായി വിലപേശാൻ നാലംഗ കമ്മിറ്റിയെയും മന്ത്രിസഭ ചുമതലപ്പെടുത്തി. പാരിസ്ഥിതികപഠനം അടുത്ത ജൂലൈയിൽ പൂർത്തിയാകുന്നതോടെ സർക്കാർ പ്രവർത്തനങ്ങൾക്ക് വേഗതകൂടും.







# കണ്ണൂർ വിമാനത്താവളം

കണ്ണൂരിന്റെ വിമാനസ്വപ്നങ്ങൾ യാഥാർഥ്യത്തിലേക്ക്. പരിസ്ഥിതിപഠനം പൂർത്തിയായി. വിശാലമായ പദ്ധതി രൂപരേഖ സിയാൽ തയ്യാറാക്കി. ഏപ്രിലിൽ ടെൻഡർ ചെയ്യും. 1277 ഏക്കർ സ്ഥലം പദ്ധതിക്കായി ഏറ്റെടുത്തു. സംസ്ഥാന സർക്കാരിന്റെ ഓഹരിവിഹിതത്തിന് തുല്യമായ തുകയ്ക്കുള്ള 645 ഏക്കർ ഭൂമി സിയാലിനു കൈമാറി. ബാക്കി 619 ഏക്കർ 60 വർഷത്തെ പാട്ടത്തിനു നൽകും. കുറഞ്ഞ ഓഹരിവില രണ്ടു ലക്ഷത്തി ഒരുനൂറു രൂപയിൽനിന്ന് 50,000 രൂപയാക്കി കുറച്ചതോടെ സാധാരണക്കാർക്കും ഈ എയർപോർട്ടിന്റെ ഷെയർ ലഭ്യമാകും.

ഈ പദ്ധതി വടക്കൻ കേരളത്തിന്റെ മുഖഛായ തന്നെ മാറ്റുമെന്ന കാര്യത്തിൽ സംശയമില്ല. 2014 ൽ ആദ്യഘട്ടം പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.





# ആമ്പല്ലൂർ ഇലക്ട്രോണിക് പാർക്ക്

യുവജനങ്ങളുടെ തൊഴിൽ അഭിലാഷങ്ങൾക്ക് പുതിയ പ്രതീക്ഷകൾ നൽകിക്കൊണ്ട് എറണാകുളം ജില്ലയിലെ ആമ്പല്ലൂരിൽ ഇലക്ട്രോണിക്സ് പാർക്ക് ആരംഭിക്കുന്നു. 334 ഏക്കറിൽ സ്ഥാപിക്കുന്ന ഇലക്ട്രോണിക്സ് പാർക്കിന് സ്ഥലമെടുക്കാൻ വിജ്ഞാപനം പുറപ്പെടുവിച്ചു. 600 കോടിയുടെ ഈ പദ്ധതിക്ക് പുതിയ ഐടി നയപ്രകാരം 200 കോടിയുടെ കേന്ദ്രസഹായവും പ്രതീക്ഷിക്കുന്നു.

# കൊച്ചി- കോയമ്പത്തൂർ വ്യാവസായിക ഇടനാഴി

വ്യവസായവികസനത്തിന് പുതിയ ആശയങ്ങളും പുതിയ പദ്ധതികളും അനിവാര്യമായ ഒരു കാലഘട്ടമാണിത്. വ്യവസായമേഖലയ്ക്ക് പുത്തൻ ഉണർവ് നൽകുന്ന കൊച്ചി- കോയമ്പത്തൂർ വ്യാവസായിക ഇടനാഴി സംബന്ധിച്ച വിശദമായ പദ്ധതി റിപ്പോർട്ട് തയാറായി. ദേശീയപാതയുടെ 50 കിലോമീറ്റർ ചുറ്റളവിലുള്ള വിവിധ സെന്ററുകളിലാണ് ഇത് വികസിപ്പിച്ചെടുക്കുന്നത്.

സ്വകാര്യമേഖലയിൽനിന്ന് 50,000 കോടിയുടെയും കേന്ദ്രത്തിന്റെ 15,000 കോടിയുടെയും നിക്ഷേപമാണ് വ്യാവസായിക ഇടനാഴിയിൽ പ്രതീക്ഷിക്കുന്നത്.





# മോണോ റെയിൽ നെയ്യാറ്റിൻകര വരെ

യാത്രാസൗകര്യങ്ങൾ എത്ര വർധിച്ചാലും അധികമാവില്ല നമ്മുടെ കൊച്ചുകേരളത്തിൽ. കാരണം വാഹനങ്ങളുടെ ആധിക്യം അത്രത്തോളമുണ്ട്. നവീനമായ പൊതുഗതാഗത സംവിധാനങ്ങൾ നമുക്ക് ആശ്രയിക്കേണ്ടിവരുന്നത് പുതിയ കാലത്തിന്റെ ആവശ്യം കൂടിയാണ്.

മോണോ റെയിൽ സംവിധാനം മുംബെയിൽ നിലവിൽവന്നുകഴിഞ്ഞു. തിരുവനന്തപുരത്തും കോഴിക്കോട്ടും മോണോ റെയിൽ സാധ്യമാക്കാൻ നടപടികൾ തുടങ്ങി. രണ്ടു പദ്ധതികളുടെയും സാധ്യതാപഠനം



പൂർത്തിയായി. രണ്ടു സ്ഥലങ്ങളിലും മോണോറെയിൽ സാധ്യമാണെന്നാണ് പഠനറിപ്പോർട്ട് പറയുന്നത്. തിരുവനന്തപുരത്ത് രണ്ടുഘട്ടമായാണ് പദ്ധതി നടപ്പിലാക്കുന്നത്. 41.8 കിലോമറ്ററാണ് പദ്ധതി. മംഗലപുരം-തമ്പാനൂർ ഒന്നാം ഘട്ടം 22.2 കിലോമീറ്ററും തമ്പാനൂർ-നെയ്യാറ്റിൻകര രണ്ടാംഘട്ടം 19.6 കിലോമീറ്ററും. രണ്ടുപദ്ധതികൾക്കുമായി 20 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

# ബുള്ളറ്റ് ട്രെയിൻ

വികസിതരാജ്യങ്ങളിൽ നിലവിൽവന്നുകഴിഞ്ഞ ബുള്ളറ്റ് ട്രെയിൻ എന്ന നവീന ആവശ്യവും സർക്കാരിന്റെ സജീവ പരിഗണനയിലാണ്. ഡൽഹി മെട്രോ റെയിൽ കോർപ്പറേഷൻ (ഡി.എം.ആർ.സി) ഇതിന്റെ വിശദപഠനം തയാറാക്കിവരുന്നു. പുതിയ ബജറ്റിൽ 50 കോടി രൂപ ഇതിനായി വകയിരുത്തിയിട്ടുണ്ട്. 1,20,000 കോടി രൂപയുടെ ഈ പദ്ധതിക്ക് ജപ്പാൻ വായ്പയും പ്രതീക്ഷിക്കുന്നുണ്ട്. കുറഞ്ഞ പലിശയും പത്തു വർഷത്തെ മൊറൊട്ടോറിയവും ഉള്ളതിനാൽ സാമ്പത്തികബാധ്യതയില്ലാതെ പദ്ധതി നടപ്പാക്കാനാകും. നിർദിഷ്ട തിരുവനന്തപുരം, മംഗലാപുരം അതിവേഗ റെയിലിലൂടെയാണ് പദ്ധതി വിഭാവനം ചെയ്യുന്നത്. ബുള്ളറ്റ് ട്രെയിൻ സാധ്യമാകുമ്പോൾ തിരുവനന്തപുരത്തുനിന്ന് 53 മിനിട്ടിനുള്ളിൽ കൊച്ചിയിലും 2.36 മണിക്കൂറിൽ മംഗലാപുരത്തും എത്തിച്ചേരാൻ കഴിയും.



# ആകാശ കാർ




മികച്ച ഗതാഗതസംവിധാനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി തിരുവനന്തപുരത്തും കോട്ടയത്തും പേഴ്സണൽ റാപ്പിഡ് ട്രാൻസിറ്റ് സിസ്റ്റം ആരംഭിക്കുന്നു. ഇതുസംബന്ധിച്ച വിശദമായ റിപ്പോർട്ട് ഇൻകെൽ തയാറാക്കിവരുന്നു. ചെറിയ റോഡുകളെയും ഉൾപ്രദേശങ്ങളെയും ബന്ധപ്പെടുത്തിയുള്ള ഗതാഗതസംവിധാനമാണിത്. ഭൂമിക്കുമുകളിൽ ഉയർത്തിയ തൂണുകളിൽ സ്ഥാപിച്ച പാതകളിലൂടെ സഞ്ചരിക്കുന്ന ഡ്രൈവറില്ലാ ക്യാബിനുകളാണിത്. അമൃത്സറിൽ മാത്രമാണ് ഇപ്പോൾ ഈ യാത്രാസംവിധാനമൊരുങ്ങുന്നത്. തിരുവനന്തപുരം കൂടാതെ കോട്ടയം, പാല, ഭരണങ്ങാനം എന്നീ പ്രദേശങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന രീതിയിലും ആകാശ കാർ പദ്ധതി നടപ്പാക്കും. ഇതിന്റെ പ്രാരംഭപ്രവർത്തനങ്ങൾക്കായി 25 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.



# കാരുണ്യത്തോടെ കരുതൽ



**വൻകിട പദ്ധതികൾ സംസ്ഥാനത്തിന്റെ മുഖഛായ മാറ്റുവാൻ പര്യാപ്തമാണ്. എന്നാൽ അടിസ്ഥാന ജനവിഭാഗങ്ങളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ പദ്ധതികളും നടപടികളും ഒരു ജനകീയസർക്കാരിനും ഒഴിവാക്കാനാവില്ല. ഏറ്റവും ദരിദ്രായവരുടെ അടിസ്ഥാനാവശ്യങ്ങൾ കണ്ടറിഞ്ഞുകൊണ്ടുള്ള ക്ഷേമപദ്ധതികളും സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്.**



# കാരുണ്യ ബനവലന്റ് ഫണ്ട്



രോഗങ്ങളെക്കാൾ ജനങ്ങളിപ്പോൾ ഭയക്കുന്നത് ചികിത്സയെയാണ്. കാരണം അതിപ്പോൾ സാധാരണക്കാരന് താങ്ങാവുന്നതിനും അപ്പുറത്താണ്. രോഗം വന്നാൽ പണമില്ലാത്തുകൊണ്ടുമാത്രം ദുരിതം അനുഭവിക്കേണ്ടിവരുന്ന ജനങ്ങളെ സഹായിക്കുന്നതിനാണ് സർക്കാർ കാരുണ്യ ബനവലന്റ് ഫണ്ട് ആവിഷ്കരിച്ചിരിക്കുന്നത്.

കാൻസർ, കിഡ്നിരോഗം, ഹൃദയസംബന്ധമായ അസുഖം, ഹീമോഫീലിയ എന്നിവയ്ക്ക് രണ്ടു ലക്ഷം രൂപവരെ ധനസഹായം ലഭിക്കും. ശസ്ത്രക്രിയയ്ക്കും അനുബന്ധചികിത്സയ്ക്കുമാണ് സഹായം. മുഴുവൻ ബി.പി.എൽ കാർഡുടമകൾക്കും ഈ ആനുകൂല്യത്തിന് അർഹതയുണ്ട്. രണ്ടു ലക്ഷത്തിൽ താഴെ വരുമാനമുള്ള എ.പി.എല്ലുകാർക്കും ഈ ആനുകൂല്യം ലഭിക്കും. മറ്റു രോഗങ്ങൾക്ക് 3000 രൂപവരെ ധനസഹായം ലഭിക്കും.




കാരുണ്യ ബനവലന്റ് ഫണ്ടിന്റെ ഉദ്ഘാടനവേളയിൽ കേന്ദ്ര പ്രതിരോധ മന്ത്രി എ.കെ. ആന്റണി, മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി, ധനകാര്യമന്ത്രി കെ.എം. മാണി തുടങ്ങിയവർ

# ലോകശ്രദ്ധയാകർഷിച്ച ജനസമ്പർക്കം

മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി 14 ജില്ലകളിലും നടത്തിയ ജനസമ്പർക്കപരിപാടി ഐക്യരാഷ്ട്രസഭയുടെ പ്രത്യേക ശ്രദ്ധ നേടിയെടുക്കുകയുണ്ടായി. മൂന്നാം ലോകരാജ്യങ്ങൾക്ക് മാതൃകയാകുന്ന ഒരു സംവിധാനമാണിതെന്നും അവർ അഭിപ്രായപ്പെടുകയുണ്ടായി.

ജനങ്ങളുടെ നീറുന്ന പ്രശ്നങ്ങൾ നേരിൽക്കണ്ട് നടപടി സ്വീകരിക്കുന്ന ജനസമ്പർക്കപരിപാടി സാധാരണക്കാരെ സംബന്ധിച്ച് വലിയൊരു അനുഗ്രഹമാണ്. 5.45 ലക്ഷം പരാതികളാണ് ജനസമ്പർക്കപരിപാടിയിൽ ലഭിച്ചത്. 2.97 ലക്ഷം പരാതികൾക്ക് പരിഹാരം കാണാനായി. സാധാരണക്കാരായ ജനങ്ങൾക്ക് 22.68 കോടി രൂപ ധനസഹായമായി അനുവദിക്കുകയും ചെയ്തു. മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി ആരംഭിച്ച ജനസമ്പർക്കപരിപാടി പുതിയൊരു ജനകീയ ഭരണരീതിക്കുതന്നെ തുടക്കമിട്ടു കഴിഞ്ഞു.









# വിദ്യാഭ്യാസ പാക്കേജ്



ഈ സർക്കാർ നടപ്പാക്കിയ മറ്റൊരു പ്രധാന പദ്ധതിയാണ് വിദ്യാഭ്യാസ പാക്കേജ്. വിദ്യാഭ്യാസരംഗം നേരിടുന്ന അനേകം പ്രശ്നങ്ങൾക്ക് ഇതിലൂടെ പരിഹാരം കാണാൻകഴിഞ്ഞിട്ടുണ്ട്. അധ്യാപക വിദ്യാർഥി അനുപാതം ഒന്നാം ക്ലാസ്സുമുതൽ നാലാം ക്ലാസ്സുവരെ 1:30 ഉം അഞ്ചാം ക്ലാസ്സുമുതൽ പത്താം ക്ലാസ്സുവരെ 1:35 ഉം ആക്കിയിട്ടുണ്ട്. എയ്ഡഡ് സ്കൂൾ ഹെഡ്മാസ്റ്റർമാരെ സെൽഫ് ഡ്രോയിങ് ഓഫീസർമാരാക്കി. അധ്യാപക വിദ്യാഭ്യാസത്തിനും ജോലിസുരക്ഷയ്ക്കും അധ്യാപക പാക്കേജ് രൂപംകൊടുത്തു. പതിനായിരം അധ്യാപകർക്ക് ശമ്പളവും ജോലി സ്ഥിരതയും ലഭിച്ചു.

# കരമന – കളിയിക്കാവിള റോഡ് നാലുവരിയാക്കും

കരമന – കളിയിക്കാവിള റോഡ് നാലുവരിപ്പാതയായി വികസിപ്പിക്കും. ഭൂമി ഏറ്റെടുക്കുന്നതിനുള്ള തുക പ്രത്യേകം വകയിരുത്തിയിട്ടുണ്ട്.



ഫോട്ടോ വി. ശങ്കരനാരായണൻ







# തൊഴിൽ സംരംഭങ്ങൾ

ഒരു ഉപഭോക്തൃ സംസ്ഥാനമായി നമുക്ക് എക്കാലവും നിലനിൽക്കാനാവില്ല. കൃഷിയിലും വ്യവസായത്തിലും സ്വയംപര്യാപ്തത നേടിയെങ്കിൽമാത്രമെ നമ്മുടെ യുവജനങ്ങളുടെ തൊഴിൽമോഹങ്ങൾ സാക്ഷാത്കരിക്കാനാവു. ഈ ലക്ഷ്യം മുന്നിൽക്കണ്ടാണ് സ്വയംസംരഭകമിഷന് തുടക്കംകുറിച്ചത്. പതിനായിരം ചെറുകിട തൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിന് അര ലക്ഷംപേർക്ക് തൊഴിൽ പരിശീലനം നൽകുന്നതാണ് സ്വയംസംരംഭക മിഷന്റെ ലക്ഷ്യം. ഒരു ലക്ഷം യുവജനങ്ങൾക്ക് പ്രത്യക്ഷമായും അഞ്ചു ലക്ഷം പേർക്ക് പരോക്ഷമായും ഈ പദ്ധതിയിലൂടെ തൊഴിൽ ലഭിക്കും.






# ക്ഷേമപെൻഷനുകൾ വർധിപ്പിച്ചു

- അനാഥാലയങ്ങളിലെ അന്തേവാസികൾക്ക് 525 രൂപ
- കാൻസർ, കുഷ്ഠം, ക്ഷയം ബാധിച്ചവർക്ക് 525 രൂപ
- വിധവ, അഗതി, വികലാംഗക്ഷേമ പെൻഷൻ 525 രൂപ
- 80% ലേറെ വൈകല്യമുള്ളവർക്ക് 700 രൂപ
- വാർധക്യപെൻഷൻ 900 രൂപ
- തൊഴിലുറപ്പിലെ സ്ത്രീകൾക്ക് 1000 രൂപ സഹായം
- ആശാവർക്കർ വേതനം 600 രൂപ
- ഡയാലിസിസ് വേണ്ട ബി.പി.എൽ വിഭാഗത്തിലെ വൃക്കരോഗികൾക്ക് 525 രൂപ
- പട്ടികജാതി-വർഗ പ്രൊമോട്ടർമാർക്ക് 4000 രൂപ
- പ്രീപ്രൈമറി അധ്യാപകർക്ക് 900 രൂപ
- ആയമാർക്ക് 600 രൂപ
- ജനങ്ങൾ കൃഷി ഉപേക്ഷിക്കുകയും നെൽപ്പാടങ്ങൾ നികത്തുകയും ചെയ്യുന്ന സാഹചര്യത്തിൽ നെല്ലിന് സംഭരണവില സർക്കാർ 15 രൂപയാക്കി
- 1977 ജനുവരി ഒന്നിന് മുമ്പ് കുടിയേറിയ 4900 പേർക്ക് പട്ടയം നൽകി



# മാലിന്യസംസ്കരണം




ദൈവത്തിന്റെ സ്വന്തം നാട് മാലിന്യങ്ങളുടെ നാടായി മാറിക്കൊണ്ടിരിക്കുന്നു. നഗരവും നാട്ടുമ്പുറങ്ങളും ഒരുപോലെ മാലിന്യപ്രശ്നങ്ങൾകൊണ്ട് സംഘർഷഭരിതമായിക്കൊണ്ടിരിക്കുകയാണ്. പ്രകൃതി കനിഞ്ഞുനൽകിയ ജലസ്രോതസുകളും പ്രകൃതിഭംഗിയും ഒക്കെ മലിനപ്പെടുത്തുന്ന സാഹചര്യമാണിന്നുള്ളത്. യുദ്ധകാലാടിസ്ഥാനത്തിൽത്തന്നെ ഈ പ്രശ്നത്തിനു പരിഹാരം കാണേണ്ടതുണ്ട്. സർക്കാർ വളരെ ചടുലമായ രീതിയിൽതന്നെ മാലിന്യപ്രശ്നങ്ങൾ കൈകാര്യം ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്.

വിളപ്പിൽശാല, ലാലൂർ, ബ്യഹ്മപുരം, പെട്ടിപ്പാലം (തലശ്ശേരി), വടവാതൂർ (കോട്ടയം), കുരിപ്പുഴ (കൊല്ലം), ഞെളിയംപറമ്പ് (കോഴിക്കോട്) തുടങ്ങിയ സ്ഥലങ്ങൾ മാലിന്യകേന്ദ്രങ്ങളായാണ് അറിയപ്പെടുന്നത്. ഇതിന് ശാശ്വതപരിഹാരം കാണുന്നതിനുള്ള തീവ്രശ്രമത്തിലാണ് സർക്കാർ. തിരുവനന്തപുരത്തിനുവേണ്ടി ടെക്നിക്കൽ ആൻഡ് ഫിനാൻഷ്യൽ ബിഡ് ക്ഷണിച്ചു. അടിയന്തിര സാഹചര്യം പരിഗണിച്ച് രണ്ടു മൊബൈൽ മാലിന്യ സംസ്കരണ പ്ലാന്റുകൾ വാങ്ങാൻ അനുമതി നൽകി. കോഴിക്കോടിനും എറണാകുളത്തിനുംവേണ്ടി ഉടനെ ബിഡ് ക്ഷണിക്കും. മാലിന്യ നിർമാർജന പ്ലാന്റുകൾ സ്ഥാപിക്കുന്ന വ്യക്തികൾക്ക് 75% (5000 രൂപവരെ) സബ്സിഡി ലഭിക്കും. നിലവിലുള്ള പ്ലാന്റുകൾ ആധുനികവത്ക്കരിക്കാനുള്ള നടപടികൾ പൂർത്തിയായി.





# അരിവില നിയന്ത്രണ വിധേയമായി



എല്ലാ വികസന പ്രക്രിയകളിലും പാവപ്പെട്ട ജനങ്ങളെ ഒപ്പം കൂട്ടുകയെന്ന ഉമ്മൻ ചാണ്ടി സർക്കാരിന്റെ നയം എല്ലാ അർഥത്തിലും നടപ്പിലാക്കാൻ ബാധ്യസ്ഥമാണ് ഈ സർക്കാർ. ഏറ്റവും വലിയ ജനക്ഷേമ പദ്ധതിക്ക് തുടക്കമിടാനും അത് തടസം കൂടാതെ നടപ്പിലാക്കാനും സർക്കാരിനു കഴിഞ്ഞു. സംസ്ഥാനത്തെ മുഴുവൻ പാവപ്പെട്ടവർക്കും ഒരു രുപ നിരക്കിൽ 25 കിലോ അരി പ്രതിമാസം നൽകുന്ന പദ്ധതി വിജയകരമായി നടന്നുവരുന്നു. സർക്കാർ അംഗീകൃത അനാഥാലയങ്ങളിലെ അന്തേവാസികൾക്കും സൗജന്യനിരക്കിൽ അരി നൽകിവരുന്നു. നൂറുദിവസം കൊണ്ട് 5.75 ലക്ഷം റേഷൻ കാർഡുകൾ നൽകാനും കഴിഞ്ഞത് വലിയ നേട്ടം തന്നെയാണ്. പൊതുവിപണിയിലെ അരിവില നിയന്ത്രിച്ചു നിർത്തുന്നതിന് ഈ പദ്ധതി സഹായകമായി.

# നൂറു ദിന വിസ്മയം




ഉറച്ച തീരുമാനങ്ങൾ എടുക്കുകയും വേഗത്തിൽ നടപ്പിലാക്കുകയും ചെയ്യുന്ന സർക്കാരാണിതെന്ന് സാധാരണക്കാർക്കിപ്പോൾ ബോധ്യമായിട്ടുണ്ട്. സർക്കാർ അധികാരത്തിലേറി ആദ്യ നൂറു ദിനങ്ങൾകൊണ്ടുതന്നെ പ്രവർത്തിക്കുന്ന സർക്കാരാണിതെന്ന് അറിയിച്ചുകഴിഞ്ഞു. 107 പരിപാടികൾ പ്രഖ്യാപിച്ചതിൽ 102 എണ്ണവും പൂർത്തിയാക്കാൻ നൂറു ദിവസം കൊണ്ടുകഴിഞ്ഞു. 24 മണിക്കൂറും പ്രവർത്തിക്കുന്ന കോൾസെന്റർ, മന്ത്രിമാരുടെ സ്വത്ത് പ്രഖ്യാപനം, അഴിമതിയെക്കുറിച്ച് അറിയിക്കാനുള്ള വിസിൽ ബ്ലോവർ സംവിധാനം, മൂലമ്പിള്ളി, ചെങ്ങറ സമരം ഒത്തുതീർപ്പാക്കൽ, സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷ ഉറപ്പാക്കുവാൻ നിർഭയ പദ്ധതി, കർഷകർക്ക് പെൻഷൻ, പി.എസ്.സി റാങ്ക് ലിസ്റ്റുകളുടെ കാലാവധി നീട്ടൽ, ശ്രീ പത്മനാഭസ്വാമി ക്ഷേത്രത്തിനു കനത്ത സുരക്ഷ, എല്ലാ വിഭാഗം ജനങ്ങളെയും ഒന്നായിക്കണ്ടുക്കൊണ്ടുള്ള പദ്ധതികളും പരിപാടികളുമാണ് സർക്കാർ നിരന്തരം നടപ്പാക്കി വരുന്നത്.





ഫോട്ടോ ഫീച്ചർ

# അനൂപ് ജേക്കബും മഞ്ഞളാംകുഴി അലിയും






അനൂപ് ജേക്കബും മഞ്ഞളാംകുഴി അലിയും മന്ത്രിമാരായി സത്യപ്രതിജ്ഞ ചെയ്തു. ഏപ്രിൽ 12 രാവിലെ പത്തിന് രാജ്ഭവൻ വളപ്പിൽ ഒരുക്കിയ പ്രത്യേക പന്തലിലാണ് സത്യപ്രതിജ്ഞാ ചടങ്ങുകൾ നടന്നത്. ദേശീയഗാനത്തിനു ശേഷം ചീഫ് സെക്രട്ടറി ഗവർണറുടെ അനുമതിയോടെ നിയുക്ത മന്ത്രിമാരെ ഒരോരുത്തരെയായി സത്യപ്രതിജ്ഞയ്ക്കായി ക്ഷണിച്ചു. ഗവർണർ ചൊല്ലിക്കൊടുത്ത സത്യപ്രതിജ്ഞാവാചകങ്ങൾ ഏറ്റുചൊല്ലിയും തുടർന്ന് രജിസ്റ്ററിൽ ഒപ്പ് രേഖപ്പെടുത്തിയും ഇരുവരും മന്ത്രി സ്ഥാനമേറ്റു. പുതിയ മന്ത്രിമാർ ഇരുവരും ദൈവനാമത്തിലാണ് സത്യപ്രതിജ്ഞ ചെയ്തത്.

ആദ്യം സത്യപ്രതിജ്ഞയ്ക്കെത്തിയത് അനൂപ് ജേക്കബ് ആണ്. അദ്ദേഹത്തിനും രണ്ടാമത് സത്യപ്രതിജ്ഞ ചെയ്ത മഞ്ഞളാംകുഴി അലിക്കും ഗവർണറും മുഖ്യമന്ത്രിയും ബൊക്കെ കൈമാറി ആശംസകൾ അറിയിച്ചു. 15 മിനിറ്റുകൾക്കുള്ളിൽ സത്യപ്രതിജ്ഞാചടങ്ങുകൾ അവസാനിപ്പിച്ചു ഗവർണർ വേദിവിട്ടതോടെ മുഖ്യമന്ത്രിയും മറ്റു മന്ത്രിമാരും സ്ഥാനമേറ്റ പുതിയ മന്ത്രിമാർക്ക് ആശംസകളർപ്പിച്ചു.



# മന്ത്രിമാരായി സത്യപ്രതിജ്ഞ ചെയ്തു




സത്യപ്രതിജ്ഞാ ചടങ്ങിൽ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി, നിയമസഭാ സ്പീക്കർ ജി. കാർത്തികേയൻ, പ്രതിപക്ഷ നേതാവ് വി.എസ്. അച്യുതാനന്ദൻ, കേന്ദ്രമന്ത്രി ഇ. അഹമ്മദ്, സംസ്ഥാന മന്ത്രിമാരായ പി.കെ. കുഞ്ഞാലിക്കുട്ടി, കെ.എം. മാണി, തിരുവഞ്ചൂർ രാധാകൃഷ്ണൻ, വി.എസ്. ശിവകുമാർ, എം.കെ. മുനീർ, എ.പി. അനിൽ കുമാർ, പി.ജെ.ജോസഫ്, കെ.സി.ജോസഫ്, അടൂർ പ്രകാശ്, കെ.പി. മോഹനൻ, പി.കെ. അബ്ദുറബ്ബ്, വി.കെ. ഇബ്രാഹിംകുഞ്ഞ്, ഷിബു ബേബിജോൺ, കെ. ബാബു, പി.കെ. ജയലക്ഷ്മി എന്നിവരും എംപിമാരായ ശശി തരൂർ, കൊടിക്കുന്നിൽ സുരേഷ്, എംഎൽഎമാർ, ജില്ലാ-ബ്ലോക്ക്-ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ, ഡി.ജി.പി. ജേക്കബ്ബ് പുന്നൂസ്, പുതിയ മന്ത്രിമാരുടെ കുടുംബാംഗങ്ങൾ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു. വൻ ജനാവലി സാക്ഷ്യം വഹിച്ചു.







# വിദഗ്ധരുടെ സാന്നിധ്യം

സർക്കാരിന്റെ പദ്ധതികൾ ആവിഷ്കരിക്കുന്നതിൽ ആഗോളതലത്തിൽ ശ്രദ്ധേയരായ വിദഗ്ധരുടെ സേവനം പ്രയോജനപ്പെടുത്തുന്നുണ്ട്. കേന്ദ്ര പ്ലാനിങ് കമ്മിഷൻ വൈസ് ചെയർമാൻ മൊണ്ടെക് സിങ് അലുവ യിലെ നാഷണൽ ഇന്നോവേഷൻ കൗൺസിൽ ചെയർമാനും ഇന്ത്യയിലെ ടെലഫോൺ വിപ്ലവത്തിന്റെ സൂത്രധാരനുമായ സാം പിട്രോഡ, ഡി.എം.ആർ.സി. മുൻ എം.ഡി ഇ. ശ്രീധരൻ, കോൺഫെഡറേഷൻ ഓഫ് ഇന്ത്യൻ ഇൻഡസ്ട്രിയുടെ മെമ്പർ തരുൺ ദാസ്, സംസ്ഥാന ആസൂത്രണ ബോർഡ് വൈസ് ചെയർമാൻ ഡോ. കെ.എം. ചന്ദ്രശേഖരൻ തുടങ്ങി നിരവധി പ്രമുഖ വ്യക്തികളുടെ സേവനം കേരളത്തിന് ലഭ്യമാണ്.

തീരദേശ റെയിൽപ്പാത, സമഗ്ര ഇൻഷുറൻസ് പദ്ധതി തുടങ്ങിയവ ഉൾപ്പെടുന്ന സാംപിട്രോഡയുടെ പത്തിന നിർദേശങ്ങളും സർക്കാരിന്റെ സജീവ പരിഗണനയി ലാണ്.



# പ്രവാസികൾക്ക് സാന്ത്വനവും സ്വപ്നസാഫല്യവും



പ്രവാസികൾക്കുള്ള അപകടമരണ ഇൻഷുറൻസ് തുക മന്ത്രി കെ.സി. ജോസഫ് നൽകുന്നു

ഗൾഫിലും മറ്റ് വിദേശ രാജ്യങ്ങളിലും ഭാരതത്തിലെ മറ്റ് സംസ്ഥാനങ്ങളിലും പണിയെടുക്കുന്ന മലയാളികൾക്കും അവരുടെ കുടുംബാംഗങ്ങൾക്കും പരമാവധി സഹായം നൽകാൻ നോർക്ക വകുപ്പിലൂടെ സർക്കാർ നിരവധി പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്.

### സാന്ത്വനം പദ്ധതി

2005 ൽ ആരംഭിച്ച സാന്ത്വനം പദ്ധതിപ്രകാരമുള്ള സാമ്പത്തിക സഹായം 2012 മാർച്ച് മുതൽ വർധിപ്പിച്ചിട്ടുണ്ട്. ഇതനുസരിച്ച് മരണാനന്തര ചടങ്ങുകൾക്ക് 20000 രൂപയും കാൻസർ, ഹൃദയസംബന്ധമായ ഓപ്പറേഷൻ, ഗുരുതരമായ വൃക്കരോഗങ്ങൾ, പലാലിസിസ്, ഗുരുതരമായ അംഗവൈകല്യം എന്നിവയുടെ ചികിത്സാ സഹായം 20,000 രൂപയും, മറ്റ് അസുഖങ്ങൾക്ക് ചികിത്സാ തുക 10,000 രൂപയും കല്യാണ ആവശ്യങ്ങൾക്ക് തുക 15,000 രൂപയും വീൽ ചെയർ, ക്രച്ചസ്, കൃത്രിമ കാൽ എന്നിവയ്ക്ക് തുക 10,000 രൂപയായും വർധിപ്പിച്ചിട്ടുണ്ട്.

### അപകടമരണ ഇൻഷുറൻസ് പദ്ധതി

പ്രവാസികൾക്കുള്ള അപകടമരണ ഇൻഷുറൻസ് പദ്ധതിയുടെ ആനുകൂല്യം 2011 നവംബർ മുതൽ രണ്ടു ലക്ഷമാക്കി വർധിപ്പിച്ചിട്ടുള്ളതായി നോർക്ക മന്ത്രി കെ.സി. ജോസഫ് അറിയിച്ചിട്ടുണ്ട്. പൂർണമായി അംഗവൈകല്യം സംഭവിക്കുന്നവർക്ക് രണ്ടു ലക്ഷം രൂപയും ഭാഗീകമായി അംഗവൈകല്യം സംഭവിക്കുന്നവർക്ക് ഒരു ലക്ഷവും മരണപ്പെടുന്നവരുടെ ആശ്രിതർക്ക് മൂന്നൂറു രൂപയും ഈ പദ്ധതിപ്രകാരം ലഭ്യമാണ്.

### സ്വപ്നസാഫല്യം പദ്ധതി

നടപടിക്രമത്തിലെ തെറ്റുകൾമൂലവും സാങ്കേതിക കാരണങ്ങളാലും ജോലി വാഗ്ദാനം ചെയ്യപ്പെട്ട് ഗൾഫ് നാടുകളിലെ ജയിലിൽ കുടുങ്ങിപ്പോയ മലയാളികൾക്ക് നാട്ടിലേക്ക് മടങ്ങാൻ സഹായിക്കുന്ന സ്വപ്നസാഫല്യം പദ്ധതിയും ഒട്ടേറെപ്പേർക്ക് ആശ്വാസമാകും.

# പിന്നാക്ക ക്ഷേമത്തിന് പുതിയ വകുപ്പ്

ഈ സർക്കാർ അധികാരത്തിലെത്തിയ ഉടൻ തന്നെ പിന്നാക്കക്ഷേമ വകുപ്പ് രൂപീകരിക്കാൻ പട്ടികജാതി വികസനവകുപ്പ് അഡീഷണൽ ഡയറക്ടറെ സ്പെഷ്യൽ ഓഫീസറായി നിയമിച്ചു. മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ 2011 നവംബർ 16 ന് ചേർന്ന യോഗത്തിൽ പിന്നാക്ക സമുദായ വികസനവകുപ്പ് രൂപീകരിക്കാൻ തീരുമാനിച്ചു. സ്പെഷ്യൽ ഓഫീസറെ പ്രഥമ ഡയറക്ടറായി നിയമിച്ചു. ഡയറക്ടറേറ്റും സെക്രട്ടേറിയറ്റിൽ പ്രത്യേകവകുപ്പും രൂപീകരിച്ചു. 2012 ഫെബ്രുവരി എട്ടിന് ഡയറക്ടറേറ്റിന്റെ ഔപചാരിക പ്രവർത്തനം ആരംഭിച്ചു.

രാജ്യത്തിന്റെ മികച്ച വികസന കോർപ്പറേഷനുകളിൽ ഒന്നായി അംഗീകാരം നേടിക്കഴിഞ്ഞ കേരള സംസ്ഥാന പിന്നാക്ക സമുദായവികസന കോർപ്പറേഷൻ ഇപ്പോൾ പുതിയ വകുപ്പിനു കീഴിലാണ് പ്രവർത്തിക്കുന്നത്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോർപ്പറേഷൻ വിവിധ വായ്പാ പദ്ധതികളിൽ 126 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്.

സംസ്ഥാന സർക്കാരിന്റെ 100 ദിന കർമപരിപാടിയിൽ ഉൾപ്പെടുത്തി മറ്റു പിന്നാക്കവിഭാഗത്തിൽപ്പെട്ടവർക്ക് വിദ്യാഭ്യാസ വായ്പയായി അനുവദിക്കാവുന്ന പരമാവധി തുക രണ്ടു ലക്ഷം രൂപയിൽനിന്നും മൂന്നു ലക്ഷം രൂപയായി വർധിപ്പിച്ചു. ഈ പദ്ധതി പ്രകാരം അപേക്ഷിച്ച 148 പേർക്ക് 3.95 കോടി രൂപയുടെ വായ്പ അനുവദിച്ചു.

## മുന്നാക്ക വികസന കോർപ്പറേഷൻ

എല്ലാ വിഭാഗം ജനങ്ങളുടെയും ക്ഷേമം സർക്കാരിന്റെ ലക്ഷ്യമാണ്. മുന്നാക്ക സമുദായത്തിൽപ്പെട്ട പാവപ്പെട്ട ജനങ്ങളുടെ ക്ഷേമം ഉറപ്പുവരുത്തുന്നതിന് മുന്നാക്കസമുദായ വികസന കോർപ്പറേഷൻ രൂപീകരിച്ചു. 10 കോടി രൂപ ഇതിന് വകയിരുത്തിയിട്ടുണ്ട്.

## പിന്നാക്ക വികസന കോർപ്പറേഷൻ

സാമ്പത്തികമായും സാമൂഹികമായും പിന്നാക്കം നിൽക്കുന്ന ജനവിഭാഗങ്ങളുടെ ക്ഷേമം ഉറപ്പുവരുത്തുന്നതിന് സർക്കാർ പ്രതിജ്ഞാബദ്ധമാണ്. നൂറ്റാണ്ടുകളായി സാമൂഹിക പിന്നാക്കാവസ്ഥയിൽ കഴിഞ്ഞുവന്ന ഒരു ജനതയുടെ ഉയർത്തെഴുന്നേപ്പിനാണ് പിന്നാക്കവികസന കോർപ്പറേഷൻ സ്ഥാപിച്ചത്. 10 കോടി രൂപ ഇതിന് വകയിരുത്തിയിട്ടുണ്ട്.

# സെൻസസിലെ കേരളം

**ജനങ്ങളുടെയും രാജ്യത്തിന്റെയും ക്ഷേമവും വികസനവും ലക്ഷ്യമാക്കി ശരിയായ നയങ്ങളും പരിപാടികളും ആവിഷ്കരിക്കുന്നത് സെൻസസ് വിവരങ്ങളെ അടിസ്ഥാനമാക്കിയാണ്. അതുകൊണ്ട്തന്നെ മൂലധന നിക്ഷേപങ്ങൾക്കും, സാങ്കേതിക പുരോഗതിക്കും നൽകേണ്ടതിനേക്കാൾ പ്രാധാന്യം സെൻസസ് കണക്കുകൾക്ക് നൽകേണ്ടതുണ്ട്.**




ടെലിഫോൺ സാന്ദ്രതയിലും ടെലിവിഷൻ കാണുന്നവരുടെ എണ്ണത്തിലും കൊച്ചു കേരളം മറ്റ് ഇന്ത്യൻ സംസ്ഥാനങ്ങളെക്കാൾ ബഹുദൂരം മുന്നിലാണെന്ന് മാർച്ച് 30 ന് പുറത്തിറക്കിയ 2011 ലെ സെൻസസ് കണക്കുകൾ വ്യക്തമാക്കുന്നു.

രാജ്യത്തെ മൊത്തം ടെലിഫോൺ ഉപയോക്താക്കൾ 63.2 ശതമാനം മാത്രമായിരിക്കെ സംസ്ഥാനത്ത് ഇത് 89.7 ശതമാനമാണ്. പത്തുവർഷത്തിനകമാണ് ഈ ഗണ്യമായ വർധനവുണ്ടായതെന്നതും ശ്രദ്ധേയമാണ്. 2001 ൽ 19.1 ശതമാനം പേർക്കുമാത്രമാണ് സംസ്ഥാനത്ത് ടെലിഫോൺ ഉണ്ടായിരുന്നത്. സംസ്ഥാനത്തെ മൊത്തം ടെലിഫോൺ ഉപയോക്താക്കളിൽ 11.6 ശതമാനത്തിന് മാത്രമാണ് ലാന്റ് ലൈൻ ഫോണുള്ളത്. 46.8 ശതമാനം പേർക്ക് മൊബൈൽ ഫോണും 31.3 ശതമാനം പേർ രണ്ടും ഒരുമിച്ച് ഉപയോഗിക്കുന്നവരാണ്.

മൊബൈൽ ഉപഭോക്താക്കളിൽ 47.4 ശതമാനം പേർ നഗരവാസികളാണ്. ഗ്രാമീണ മേഖലയിൽ ടെലിഫോൺ ഉപയോഗിക്കുന്നവരുടെ എണ്ണം 2001 ൽ 15.7 ശതമാനം ആയിരുന്നത് 2011 ൽ 88 ശതമാനമായാണ് ഉയർന്നത്. നഗരമേഖലയിലാകട്ടെ ഈ വർധനവ് 29.3% നിന്ന് 91.5% ആയിട്ടാണ്.

വയനാട് ജില്ലയിലാണ് ടെലിഫോൺ ഉപയോക്താക്കൾ ഏറ്റവും കുറവ്. 83.7 ശതമാനം. 2001 ൽ ഇത് 8.4 ശതമാനമായിരുന്നു. കോട്ടയം ജില്ലയിലാണ് കൂടുതൽ: 93.9 ശതമാനം.

2001 ൽ ഇത് 25.4 ശതമാനമായിരുന്നു. 2001 ൽ മലപ്പുറം ജില്ലയിൽ 11.5 ശതമാനം ആയിരുന്നത് പത്തു വർഷത്തിനുശേഷം 93 ശതമാനമായി ഉയർന്നു.

മറ്റു ജില്ലകളിലെ കണക്ക് ഇങ്ങനെ (ബ്രായ്ക്കറ്റിൽ 2001 ലെ കണക്ക്) കാസർകോട് - 89.4 (91.1), കണ്ണൂർ - 92.6 (18.7), കോഴിക്കോട് - 92.5 (16.1), പാലക്കാട് - 84.9 (12.2), തൃശൂർ - 90.2 (23.5), എറണാകുളം - 93.6 (29.1), ഇടുക്കി - 89.2 (12.3), ആലപ്പുഴ - 88.4 (17.5), പത്തനംതിട്ട - 91 (27.7), കൊല്ലം - 85.9 (16.6), തിരുവനന്തപുരം - 84.2 (21.1)

## ടിവി റേഡിയോ

സംസ്ഥാനത്ത് ടെലിവിഷൻ കാണുന്നവരുടെ എണ്ണം കുതിച്ചുകയറി. 76.8 ശതമാനം കുടുംബങ്ങളും ടെലിവിഷൻ ഉപയോഗിക്കുന്നതായി സെൻസസ് രേഖകൾ വ്യക്തമാക്കുന്നു. 2001 ൽ 38.8 ശതമാനം കുടുംബങ്ങളിൽ മാത്രമായിരുന്നു ടെലിവിഷൻ ഉണ്ടായിരുന്നത്.

ടെലിവിഷൻ ഉപയോഗിക്കുന്നവരിൽ മുമ്പന്മാർ എറണാകുളം ജില്ലക്കാരാണ്. 87.9 ശതമാനം വീടുകളിലും ഇവിടെ ടെലിവിഷൻ ഉണ്ട്. തൊട്ടപിന്നാലെ കോട്ടയവും (84.7) തൃശൂരും (82.9) ആണ്. വയനാടാണ് ഏറ്റവും പിന്നിൽ 59.3 ശതമാനം.

വിവിധ ജില്ലകളിലെ കണക്ക്: ബ്രാക്കറ്റിൽ 2001 ലെ സെൻസസ് വിവരം. കാസർകോട് - 67.1 (26), കണ്ണൂർ - 77.9 (36.1), വയനാട് - 59.3 (19.2), കോഴിക്കോട് - 71.8 (31.4), മലപ്പുറം - 62.7 (18.8), പാലക്കാട് - 71.2 (28), തൃശൂർ - 82.9 (46.4), എറണാകുളം - 87.9 (61.6), ഇടുക്കി - 74.9 (30.3), കോട്ടയം - 84.7 (47.4), ആലപ്പുഴ - 80.6 (40.6), പത്തനംതിട്ട - 80 (40.6), കൊല്ലം - 79.3 (36.7), തിരുവനന്തപുരം - 79.5 (49.2)

രാജ്യത്ത് ടെലിവിഷൻ ഉള്ള മൊത്തം വീടുകളുടെ നിരക്ക് 47.2 ശതമാനമാണ്. 2001 ൽ ഇത് 31.6 ശതമാനമായിരുന്നു.

റേഡിയോ ഉപയോഗം 2001 ലെ 35.1 ശതമാനത്തിൽനിന്ന് 19.9 ശതമാനമായാണ് താണത്.

## കക്കൂസില്ലാത്തവരുടെ എണ്ണം കുറഞ്ഞു

സംസ്ഥാനത്ത് കക്കൂസില്ലാത്തവരുടെ എണ്ണത്തിൽ വൻ കുറവ്. 2001 ൽ 16 ശതമാനം കുടുംബങ്ങൾക്ക് സ്വന്തമായി കക്കൂസില്ലായിരുന്നു. ഇതിപ്പോൾ 4.8 ശതമാനമായി കുറഞ്ഞു. ദേശീയതലത്തിൽ 53.1 ശതമാനം കുടുംബങ്ങൾക്ക് സ്വന്തമായി കക്കൂസില്ലാത്തവരാണ്.

സംസ്ഥാനത്ത് 95.2 ശതമാനം കുടുംബങ്ങൾക്കും വീടിനടുത്ത് തന്നെ കക്കൂസ് ഉണ്ട്. 2001 ൽ ഇത് 84 ശതമാനമായിരുന്നു. 66.7 ശതമാനം കുടുംബങ്ങൾക്കും വെള്ളം ഒഴിച്ച് വൃത്തിയാക്കുന്ന ഫ്ളഷ് കക്കൂസ് ലഭ്യമാണ്. 50.3 ശതമാനം കുടുംബങ്ങൾ സെപ്റ്റിക് ടാങ്ക് കക്കൂസ് ഉപയോഗിക്കുന്നു.

ടെലിവിഷൻ ഉപയോഗിക്കുന്നവരിൽ മുമ്പന്മാർ എറണാകുളം ജില്ലക്കാരാണ്. 87.9 ശതമാനം വീടുകളിലും ഇവിടെ ടെലിവിഷൻ ഉണ്ട്. തൊട്ടപിന്നാലെ കോട്ടയവും (84.7) തൃശൂരും (82.9) ആണ്. വയനാടാണ് ഏറ്റവും പിന്നിൽ 59.3 ശതമാനം.

## 1.2 കോടി വീടുകൾ

28.3 ശതമാനം വീടുകളിൽ കുഴികക്കൂസ് ഉപയോഗിക്കുന്നു. എറണാകുളം ജില്ലയിൽ 97.9 ശതമാനം പേർക്ക് സ്വന്തമായി കക്കൂസ് ഉണ്ട്. ഇടുക്കി ജില്ലയിൽ 89.1 ശതമാനം പേർക്കുമാത്രമേ കക്കൂസ് ഉള്ളു.

കേരളത്തിൽ പത്തു വർഷത്തിനുള്ളിൽ കെട്ടിടങ്ങളുടെ എണ്ണത്തിൽ 19.9 ശതമാനം വർധനവാണ് ഉണ്ടായത്. 1.2 കോടി വീടുകളാണ് സംസ്ഥാനത്ത് ഉള്ളത്. ഇതിൽ 58,57,785 വീടുകൾ ഗ്രാമപ്രദേശങ്ങളിലും 53,60,068 വീടുകൾ നഗരപ്രദേശങ്ങളിലുമാണ്.

എറണാകുളത്ത് ആകെയുള്ള 11,74,691 വീടുകളിൽ 1,36,722 എണ്ണത്തിലും താമസക്കാരില്ല. തൊട്ടടുത്ത സ്ഥാനം തിരുവനന്തപുരം ജില്ലയ്ക്കാണ്. ഇവിടെ 1,13,968 വീടുകൾ ഒഴിഞ്ഞുകിടക്കുന്നു.

സംസ്ഥാനത്തെ വീടുകളിൽ 77 ശതമാനവും താമസത്തിനുവേണ്ടി ഉപയോഗിക്കുന്നു. പത്തു ശതമാനത്തിൽ താഴെ മാത്രമാണ് വാണിജ്യാടിസ്ഥാനത്തിൽ ഉപയോഗിക്കുന്നത്.

ജില്ലകളിൽ ഓലമേഞ്ഞ വീടുകൾ ഏറ്റവും കുറവ് എറണാകുളത്താണ്. 0.4 ശതമാനം. എന്നാൽ തിരുവനന്തപുരത്ത് ഓലപ്പുരയുള്ളവർ 7 ശതമാനവും.

എറണാകുളത്ത് 30 ശതമാനം ഓടിട്ട വീടുകളാണ്. തിരുവനന്തപുരത്ത് അവ 22.5 ശതമാനവും ആലപ്പുഴയിൽ 40.4 ശതമാനവുമാണ്. കോൺക്രീറ്റ് മേൽക്കൂരയുള്ളത് എറണാകുളത്ത് 64.1 ശതമാനം വീടുകൾ. തിരുവനന്തപുരത്ത് ഇത് 53.8 ശതമാനവും പാലക്കാട്ട് 30.1 ശതമാനവുമാണ്. ടെറസ് കെട്ടിടത്തിന്റെ തൃശൂരിലെ സാന്ദ്രത 59.4 ശതമാനമാണ്.

കേരളത്തിലെ വീടുകളിൽ 30 ശതമാനത്തിലും നാല് അംഗങ്ങൾ താമസിക്കുന്നുണ്ട്. ഒമ്പതിലധികം അംഗങ്ങൾ ഒരു വീട്ടിൽ താമസിക്കുന്നുണ്ട്. ഒമ്പതിലധികം അംഗങ്ങൾ ഒരുവീട്ടിൽ താമസിക്കുന്ന വീടുകളുടെ എണ്ണക്കൂടുതൽ മലപ്പുറത്താണ് (9.7 ശതമാനം)

കാസർകോട്ട് ഇത് 7.7 ഉം കണ്ണൂരിൽ 6.8 മാണ്. എന്നാൽ എറണാകുളം, തിരുവനന്തപുരം എന്നിവിടങ്ങളിൽ ഇത്തരം വീടുകൾ 1.8 ശതമാനം മാത്രമാണുള്ളത്. കേരളീയ ഭവനങ്ങളിൽ 74.2 ശതമാനത്തിനും ബാങ്കിങ് സൗകര്യങ്ങൾ ലഭ്യമാണ്. 90 ശതമാനം വീടുകൾ സ്വന്തം ഉടമസ്ഥതിയുള്ളവയാണ്. 7.3 ശതമാനം വാടകവീടുകൾ.

മറ്റുതരത്തിലുള്ളവ 2 ശതമാനത്തിന് താഴെമാത്രം. വാടകവീടുകൾ ഏറ്റവും കൂടുതൽ എറണാകുളത്താണ്. 11.2 ശതമാനം. തിരുവനന്തപുരത്തെ ശതമാനം 10.1 ആണെന്ന് സെൻസസ് രേഖകൾ വ്യക്തമാക്കുന്നു.

66.4 ശതമാനം വീടുകളും നല്ല നിലയിലുള്ളവയാണ്. 28.4 ശതമാനം വീടുകൾ നല്ലതല്ലെങ്കിലും താമസയോഗ്യമാണ്. 5.3 ശതമാനം ജീർണാവസ്ഥയിലുള്ളതാണെന്നും സെൻസസ് രേഖകൾ വ്യക്തമാക്കുന്നു.

## കിണർ ഉപയോഗിക്കുന്നവരുടെ എണ്ണം കുറഞ്ഞു

കുടിക്കാനായി കിണർ ഉപയോഗിക്കുന്നവരുടെ എണ്ണം സംസ്ഥാനത്ത് കുറഞ്ഞു. 2001 ൽ 71.9 ശതമാനംപേർ കുടിക്കാൻ കിണർവെള്ളത്തെ ആശ്രയിച്ചപ്പോൾ 2011 ൽ ഇത് 62 ശതമാനമായി കുറഞ്ഞു. ടാപ്പ് വെള്ളം കുടിക്കുന്നവരുടെ എണ്ണത്തിൽ ഒമ്പതു ശതമാനത്തിന്റെ വർധനയാണുണ്ടായത്.

2001 ൽ 20.4 ശതമാനംപേർ ടാപ്പ് വെള്ളം ഉപയോഗിച്ചിരുന്ന സ്ഥാനത്തിപ്പോൾ 29.3 ശതമാനംപേർ ടാപ്പ് വെള്ളം ഉപയോഗിക്കുന്നുണ്ട്. ദേശീയതലത്തിലും ടാപ്പ് വെള്ളം ഉപയോഗിക്കുന്നവരുടെ എണ്ണത്തിൽ വർധനയുണ്ടായിട്ടുണ്ട്. 2001 ൽ 36.7 ശതമാനംപേർ ടാപ്പ് വെള്ളം ഉപയോഗിച്ചിരുന്ന സ്ഥാനത്ത് ഇപ്പോൾ 43.5 ശതമാനം പേർ ടാപ്പ് വെള്ളം ഉപയോഗിക്കുന്നതായി റിപ്പോർട്ടിൽ പറയുന്നു.

23.4 ശതമാനം ടാപ്പ് വെള്ളം മാത്രമാണ് ശുദ്ധീകരിക്കപ്പെട്ടവ. കുടിവെള്ളത്തിനായി കിണറിനെ ആശ്രയിക്കുന്നവർ ഏറ്റവും കൂടതൽ കണ്ണൂർ ജില്ലക്കാരാണ്. 81.3 ശതമാനം പേർ ഇപ്പോഴും കിണർ വെള്ളമാണ് കുടിക്കാനായി ഉപയോഗിക്കുന്നത്.

ഇടുക്കി ജില്ലയിൽ 40.3 ശതമാനം പേർ മാത്രമാണ് കിണർ വെള്ളം കുടിക്കാനായി ഉപയോഗിക്കുന്നത്. ടാപ്പ് വെള്ളം ഏറ്റവും കൂടുതൽ ഉപയോഗിക്കുന്നത് എറണാകുളം ജില്ലക്കാരാണ്. 57.2 ശതമാനം ഇവിടെ ടാപ്പ് വെള്ളം ഉപയോഗിക്കുന്നവരാണ്.

ബോർവെൽ, ഹാൻഡ് പമ്പ്, ട്യൂബ് വെൽ ഉപയോഗത്തിൽ കാസർകോട് ജില്ലയാണ് മുന്നിൽ. ■

■ സാം ചെക്കാട്

2012 മേയ് മൂന്ന് 117–ാം ജന്മദിനം

# വി. കെ. കൃഷ്ണമേനോൻ

## ചരിത്രത്തിലെ ഏറ്റവും പ്രശസ്തനായ മലയാളി



അസാധാരണമായ പ്രതിഭയും മികച്ച പാണ്ഡിത്യവും ആദർശങ്ങളിലുള്ള കടുംപിടുത്തവും ത്യാഗപൂർണമായ സേവനസന്നദ്ധതയും അർപ്പണമനോഭാവവും അനീതിയോടുള്ള കടുത്ത എതിർപ്പും ഉദാത്തമായ മനുഷ്യസ്നേഹവും ഒത്തുചേർന്ന സവിശേഷമായ ഒരു വ്യക്തിത്വമായിരുന്നു 1896 മെയ് മൂന്നിന് കോഴിക്കോട്ടെ പന്നിയങ്കരയിൽ അഡ്വക്കേറ്റ് കൃഷ്ണക്കുറുപ്പിന്റെയും ലക്ഷ്മിക്കുട്ടിയമ്മയുടെയും മകനായി ജനിച്ച കൃഷ്ണമേനോന്റേത്.

പഴയ മദിരാശി സംസ്ഥാനത്തെ സ്കൗട്ട് പ്രസ്ഥാനത്തിന്റെ യുവാവായ സംഘാടകൻ, മദിരാശിയിലെ കോളേജ് പഠനകാലത്തെ സ്വാതന്ത്ര്യസമരസേനാനി, ഡോ. ആനിബസന്റിന്റെ നേതൃത്വത്തിലുണ്ടായിരുന്ന ഹോം റൂൾ പ്രസ്ഥാനത്തിന്റെയും തിയോസഫിക്കൽ സൊസൈറ്റിയുടെയും സജീവ പ്രവർത്തകൻ, ഇംഗ്ലണ്ടിൽ വിദ്യാർഥിയും അധ്യാപകനും പിന്നീട് രണ്ട് ദശാബ്ദക്കാലത്തിലധികം ഇംഗ്ലണ്ടിൽ താമസിച്ച് ഇന്ത്യയുടെ വിമോചനത്തിനുവേണ്ടി ബ്രിട്ടീഷുകാർക്കിടയിൽ ത്യാഗപൂർവം അക്ഷീണമായി പോരാടിയ സ്വാതന്ത്ര്യപ്പോരാളിയും പത്രപ്രവർത്തകനും, 1947 ൽ അഞ്ചുവർഷക്കാലം ബ്രിട്ടനിലെ ആദ്യത്തെ ഇന്ത്യൻ ഹൈക്കമ്മിഷണർ, 1953 മുതൽ 1957 വരെ ഐക്യരാഷ്ട്രസഭയിലെ ഇന്ത്യൻ പ്രതിനിധിസംഘനേതാവ്, 1957 മുതൽ 62 വരെ കേന്ദ്രപ്രതിരോധമന്ത്രി, അന്താരാഷ്ട്ര വേദികളിലെ മൂന്നാം ലോകരാജ്യങ്ങളുടെ മുന്നണി



പ്പോരാളി, പ്രഗത്ഭനായ നിയമജ്ഞനും പാർലമെന്റ് അംഗവും, അന്താരാഷ്ട്ര പ്രശ്നപരിഹാരരംഗത്തെ അതിസമർഥനായ കൂടിയാലോചകൻ എന്നീ നിലകളിലെല്ലാം ബഹുമുഖമായിരുന്നു കൃഷ്ണമേനോന്റെ വ്യക്തിത്വം. 78 വർഷങ്ങൾ നീണ്ടുനിന്ന സംഭവബഹുലമായ ജീവിതത്തിൽ വിവാദങ്ങൾ അദ്ദേഹത്തെ വിടാതെ പിന്തുടർന്നിരുന്നു.

കൃഷ്ണമേനോന്റെ ജീവിതത്തിലെ ഏറ്റവും തിളക്കമാർന്ന ഘട്ടം 1953 മുതൽ 57 വരെ ഐക്യരാഷ്ട്രസഭയിൽ ഇന്ത്യൻ പ്രതിനിധിസംഘ നേതാവായി പ്രവർത്തിച്ച കാലമാണ്. യു.എൻ. കണ്ട ഏറ്റവും മികച്ച നയതന്ത്രപ്രതിനിധികളിലൊരാളായിരുന്നു മേനോൻ. ലോകസമാധാനത്തിനുവേണ്ടിയുള്ള ഫലപ്രദമായ ഒരുപകരണമായി യു.എന്നിനെ മാറ്റാനാണ് മേനോൻ അക്കാലത്ത് അക്ഷീണം പരിശ്രമിച്ചത്. അന്താരാഷ്ട്രരംഗത്ത് ഏതു പ്രശ്നത്തിലും അതെത്ര കെട്ടുപിണഞ്ഞതായാലും ഒരു പരിഹാരം നിർദേശിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞിരുന്നു.

കൊറിയൻ യുദ്ധവിരാമപദ്ധതിയുടെ മുഖ്യശില്പികളിലൊരാളെന്ന നിലയിൽ തുടക്കത്തിലേ അദ്ദേഹം ലോകശ്രദ്ധപിടിച്ചുപറ്റി. സൂയസ് കനാൽപ്രശ്നത്തിലുണ്ടാകാമായിരുന്ന വൻ യുദ്ധം ഒഴിവാക്കുന്നതിൽ നടന്ന ചർച്ചകൾക്ക് വിജയകരമായ നേതൃത്വം നൽകി അദ്ദേഹം ലോകത്തിന്റെ അഭിനന്ദനങ്ങൾ പിടിച്ചുപറ്റി. 18 വർഷം നീണ്ടുനിന്ന ഇന്തോ-ചൈന യുദ്ധം അവസാനിപ്പിച്ചുകൊണ്ട് 1954 ജൂലൈ 21 ന് ഒപ്പുവച്ച ജനീവാ കരാറിന്റെ മധ്യസ്ഥനായി പ്രവർത്തിച്ചതോടെ രാജ്യതന്ത്രജ്ഞൻ എന്ന നിലയിൽ മേനോന്റെ പ്രശസ്തി അതിന്റെ അത്യുച്ചകോടിയിലെത്തി. അക്കാലത്ത് ലോക തലസ്ഥാനങ്ങളിലൊക്കെ പറന്നുനടന്ന് വിവിധ രാജ്യാന്തര പ്രശ്നങ്ങളെപ്പറ്റി അദ്ദേഹം ലോക നേതാക്കളുമായി ഓരോ ദിവസവും വിശദമായി ചർച്ചകൾ നടത്തിക്കൊണ്ടിരുന്നു.

1592 മുതൽ 57 വരെ ഐക്യരാഷ്ട്രസഭയിൽ നടന്ന മിക്കവാറും എല്ലാ വിഷയങ്ങളെപ്പറ്റിയുമുള്ള ചർച്ചകളിൽ അദ്ദേഹം സജീവമായി പങ്കെടുത്തിരുന്നു. വാദപ്രതിവാദരംഗത്ത് ലോകം കണ്ട അസാമാന്യ പ്രതിഭയായിരുന്നു മേനോൻ. പരിഹാസവും ഫലിതവും കലർന്നതും ഉജ്വലവും ധിഷണാവൈഭവം നിറഞ്ഞതുമായ വാദമുഖങ്ങൾ അദ്ദേഹത്തെ ഈ രംഗത്തെ അതികായനാക്കി. ഐക്യരാഷ്ട്രസഭയിൽ അദ്ദേഹത്തിന്റെ പ്രസംഗങ്ങളുണ്ടാകുമ്പോഴെല്ലാം മുഴുവൻ പ്രതിനിധികളും സഭയിൽ ഹാജരാകുകയും സന്ദർശക ഗാലറികൾ നിറഞ്ഞുകവിയുകയും ചെയ്യുമായിരുന്നു. പ്രസംഗങ്ങളിലായാലും പ്രവൃത്തിയിലായാലും കൃഷ്ണമേനോൻ എന്നും ഒരു ശുഭാപ്തിവിശ്വാസിയായിരുന്നു. ജീവിതത്തിൽ പരാജയങ്ങളുടെ നിരവധി അനുഭവങ്ങളുണ്ടായിട്ടും അതൊന്നും അദ്ദേഹത്തെ ബാധിച്ചില്ല. തുളച്ചുകയറുന്ന അദ്ദേഹത്തിന്റെ വാഗ്ധോരണി രാജ്യത്തിനകത്തും പുറത്തുമുള്ള എതിരാളികൾക്ക് എന്നും പേടിസ്വപ്നമായിരുന്നു. നിരവധി ശത്രുക്കളും അതിലേറെ ആരാധകരും ദേശീയ-അന്തർദേശീയ വേദികളിൽ അദ്ദേഹത്തിനുണ്ടായിരുന്നു. അങ്ങേയറ്റം നിശ്ചയദാർഢ്യവും നിർബന്ധബുദ്ധിയും അദ്ദേഹത്തിന്റെ സ്വഭാവത്തിന്റെ പ്രത്യേകതകളായിരുന്നു.

**തുളച്ചുകയറുന്ന അദ്ദേഹത്തിന്റെ വാഗ്ധോരണി രാജ്യത്തിനകത്തും പുറത്തുമുള്ള എതിരാളികൾക്ക് എന്നും പേടിസ്വപ്നമായിരുന്നു. നിരവധി ശത്രുക്കളും അതിലേറെ ആരാധകരും ദേശീയ-അന്തർദേശീയ വേദികളിൽ അദ്ദേഹത്തിനുണ്ടായിരുന്നു. അങ്ങേയറ്റം നിശ്ചയദാർഢ്യവും നിർബന്ധബുദ്ധിയും അദ്ദേഹത്തിന്റെ സ്വഭാവത്തിന്റെ പ്രത്യേകതകളായിരുന്നു.**

ഐക്യരാഷ്ട്രസഭയിൽ ഇന്ത്യയുടെ മാത്രമല്ല, ഏഷ്യയിലെയും ആഫ്രിക്കയിലെയും ലാറ്റിൻ അമേരിക്കയിലെയും കോളനിവാഴ്ചയിൽനിന്നും പുതുതായി സ്വാതന്ത്ര്യം നേടിയ എല്ലാ രാജ്യങ്ങളുടെയും ദേശീയ വിമോചനപ്രസ്ഥാനങ്ങളുടെയും ശക്തനായ വക്താവും നേതാവുമായിരുന്നു മേനോൻ. ഇതായിരുന്നു ലോക വേദികളിൽ അദ്ദേഹത്തിനു കിട്ടിയ മികച്ച അംഗീകാരത്തിനു കാരണം.

1957 കൃഷ്ണമേനോന്റെ ജീവിതത്തിലെ ഏറ്റവും പ്രധാനപ്പെട്ട വർഷങ്ങളിലൊന്നായിരുന്നു. കാശ്മീരിനെപ്പറ്റി യു.എന്നിൽ ചൂടുപിടിച്ച ചർച്ചകൾ നടക്കുന്ന കാലം. വളരെയധികം കുഴഞ്ഞുമറിഞ്ഞ കാശ്മീർ പ്രശ്നത്തിന്റെ എല്ലാ വസ്തുതകളും വിശദമായി അവതരിപ്പിച്ചുകൊണ്ട് ഇന്ത്യയ്ക്കു വേണ്ടി മേനോൻ നടത്തിയ അത്യുജ്ജ്വലമായ പ്രസംഗം ലോകത്തിന്റെ ആകെ പ്രശംസപിടിച്ചുപറ്റിയതായിരുന്നു. അന്ന് പാക്കിസ്ഥാന്റെ ഹിതപരിശോധനാവാദത്തെ തകർത്തെറിഞ്ഞത് അദ്ദേഹത്തിന്റെ അതിസമർഥമായ വാദമുഖങ്ങളാണ്. ഇതോടെ അദ്ദേഹം ഇന്ത്യൻ ജനതയുടെ ആരാധനാപാത്രമായി മാറി. ഏഴര മണിക്കൂർ നീണ്ടുനിന്ന ആ പ്രസംഗം ഒരു ലോക റിക്കോർഡാണ്. അണ്വായുധവ്യാപനത്തിനെതിരേ പോരാടുന്നതിലും വർണവിവേചനവും കോളനിവാഴ്ചയും അവസാനിപ്പിക്കുന്നതിലും അക്കാലത്ത് ലോകമൊട്ടാകെ ഉരുത്തിരിഞ്ഞുവന്ന നിരവധി സംഘർഷങ്ങൾക്ക് അയവു വരുത്തുന്നതിലും അദ്ദേഹം വഹിച്ച നേതൃത്വപരമായ പങ്ക് ചരിത്രത്തിലെന്നും ഓർമിക്കപ്പെടുന്നതാണ്. യു.എന്നിൽ കൃഷ്ണമേനോനോടൊപ്പം പ്രവർത്തിച്ചിരുന്ന നയതന്ത്രജ്ഞനായ കെ.പി.എസ്. മേനോൻ ഒരിക്കൽ ഇങ്ങനെ പറഞ്ഞു. 'അദ്ദേഹത്തിന്റേതിനെക്കാൾ ശക്തമായ ശബ്ദം യു.എന്നിൽ ഒരിക്കലും കേൾക്കുകയുണ്ടായിട്ടില്ല. അത് ഇന്ത്യക്കാരുടെ ശബ്ദമായിരുന്നു. അല്ല പുനർജനിക്കുന്ന ഏഷ്യയുടെയും ആഫ്രിക്കയുടെയും ശബ്ദമായിരുന്നു. അനീതിയും അടിച്ചമർത്തലുകളും എവിടെ നടന്നാലും അതിനെതിരെ പോരാടാൻ കൃഷ്ണമേനോൻ രംഗത്തിറങ്ങിയിരുന്നു'.

ചേരിചേരായ്മയെന്ന ആശയം രൂപപ്പെടുത്തുന്നതിലും ഇന്ത്യൻ വിദേശനയത്തിന്റെ പ്രമാണരേഖയായി അതിനെ വളർത്തുന്നതിലും നെഹ്രുവിനോടൊപ്പം കൃഷ്ണമേനോൻ വഹിച്ച പങ്ക് ചരിത്രപ്രധാനമാണ്. ഇന്ത്യൻ വിദേശനയത്തിന്റെ വക്താവ് എന്ന നിലയിലാണ് അദ്ദേഹം ലോകത്തെമ്പാടും അറിയപ്പെട്ടത്. അതോടൊപ്പം വികസ്വരരാജ്യങ്ങളുടെ ശക്തനായ പോരാളിയായും. കടുത്ത എതിർപ്പുകൾക്കിടയിലും അദ്ദേഹം ലോകവേദികളിൽ ഇന്ത്യയുടെ യശസ് ഉയർത്തിപ്പിടിച്ചു. ഇന്ത്യൻ വിദേശനയത്തിന്റെ ലക്ഷ്യം ലോകസമാധാനം, രാജ്യങ്ങൾ തമ്മിലുള്ള സഹവർത്തിത്വം, ദേശീയ സ്വാതന്ത്ര്യത്തിന്റെ സംരക്ഷണം എന്നിവയായിരിക്കണമെന്ന് അദ്ദേഹം അടിവരയിട്ടു പറഞ്ഞു. ഈ വിശ്വാസപ്രമാണങ്ങളെ അടിസ്ഥാനപ്പെടുത്തിയാണ് അദ്ദേഹം അന്താരാഷ്ട്രരംഗത്ത് ചേരിചേരായ്മ എന്ന ആശയം രൂപപ്പെടുത്തുന്നതിൽ മുഖ്യ പങ്കുവഹിച്ചത്.

ഒരു യോഗിയുടെ മനോഭാവത്തോടുകൂടിയാണ് അദ്ദേഹം പ്രശ്നങ്ങളെ സമീപിച്ചത്. തനിക്ക് ശരിയെന്നു തോന്നുന്ന മാർഗത്തിലൂടെ മുന്നോട്ടു പോകുന്നതിൽനിന്നും അദ്ദേഹത്തെ തടയാൻ ആർക്കും കഴിയുമായിരുന്നില്ല. അത്രയും നിശ്ചയദാർഢ്യമായിരുന്നു അദ്ദേഹത്തിന്. എപ്പോഴും ഒരു ശുഭാപ്തിവിശ്വാസിയായിരുന്ന അദ്ദേഹം ഏതു പ്രതികൂലസാഹചര്യത്തിലും ഭാവിയെപ്പറ്റിയുള്ള പ്രതീക്ഷ കൈവിട്ടില്ല. അദ്ദേഹത്തിന്റെ പ്രസംഗങ്ങളിലൊക്കെ ധിഷണയുടെ തിളക്കമുണ്ടായിരുന്നു. പ്രവർത്തനങ്ങളിലൊക്കെ ആത്മാർഥതയും നന്മയും നിറഞ്ഞുനിന്നിരുന്നു. പല കാര്യങ്ങളിലും

സാധാരണ രാഷ്ട്രീയനേതാക്കളിൽ നിന്നെല്ലാം തീർത്തും വ്യത്യസ്തനായിരുന്നു അദ്ദേഹം. ജനപ്രീതിക്കും കയ്യടിക്കുംവേണ്ടി ഒരു ചെപ്പടിവിദ്യയും കാട്ടാൻ അദ്ദേഹം തയാറല്ലായിരുന്നു. മറ്റുള്ളവരെ തന്റെ ആകർഷണവലയത്തിലാക്കുന്നതിൽ ഒരു തികഞ്ഞ പരാജയമായിരുന്നു അദ്ദേഹം. പുറത്ത് പലപ്പോഴും പരുക്കനായിരുന്നുവെങ്കിലും സ്നേഹസമ്പന്നനും മനുഷ്യസ്നേഹിയുമായിരുന്നു. കൃഷ്ണമേനോന്റെ ശത്രുക്കളും മിത്രങ്ങളും ഒരുപോലെ യോജിക്കുന്ന ചിലകാര്യങ്ങളുണ്ട്. അതിലൊന്ന് തന്റെ വിശ്വാസപ്രമാണങ്ങളിൽ ഉറച്ചുനിൽക്കാനുള്ള അദ്ദേഹത്തിന്റെ ധീരതയായിരുന്നു. മറ്റൊന്ന് അദ്ദേഹത്തിന്റെ നിലപാടുകളിലെയും വാക്കുകളിലെയും ആത്മാർഥയും സത്യസന്ധതയുമായിരുന്നു.

**ഇന്ത്യയും മറ്റെല്ലാ മോചിത രാജ്യങ്ങളും സ്വാശ്രയശീലം പടുത്തുയർത്തുകയും ചരിത്രത്തിന്റെ പാഠങ്ങൾ ഒരിക്കലും മറക്കാതിരിക്കുകയും വേണം. ഇന്ത്യ ഇന്ന് അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ ദേശീയ സ്വാതന്ത്ര്യത്തെയും പുരോഗതിയെയും ഭീഷണിപ്പെടുത്തുമാറ് പുത്തൻ കോളനി വാഴ്ചയ്ക്ക് അവസരമുണ്ടാക്കിക്കൂടാ.**



നെഹ്രുവും കൃഷ്ണമേനോനും പല കാര്യങ്ങളിലും സമാന ചിന്താഗതിക്കാരായിരുന്നു. രണ്ടുപേരും പ്രാദേശിക ചിന്താഗതികൾക്ക് അതീതരും അന്താരാഷ്ട്രവാദികളുമായിരുന്നു. ഇരുവരും സമൂഹത്തിലെ ഉച്ചനീചത്വം എത്രയും പെട്ടെന്ന് അവസാനിപ്പിക്കണമെന്ന് ആഗ്രഹിച്ച ഉറച്ച സോഷ്യലിസ്റ്റുകളായിരുന്നു. മേനോനെ അങ്ങേയറ്റം വിശ്വസിച്ചിരുന്ന നെഹ്രു അദ്ദേഹത്തിന്റെ അഭിപ്രായങ്ങൾക്ക് എക്കാലവും മുന്തിയ പരിഗണന നൽകിയിരുന്നു. സ്വതന്ത്ര ഇന്ത്യയുടെ ആഭ്യന്തര വിദേശനയങ്ങൾ രൂപപ്പെടുത്തുന്നതിൽ അദ്ദേഹം വഹിച്ച പങ്ക് ചരിത്രത്തിൽ സ്ഥാനം പിടിച്ചു.

ഇന്ത്യയുടെ ഭാവിയെപ്പറ്റി കൃഷ്ണമേനോന് വ്യക്തമായ സങ്കല്പങ്ങളുണ്ടായിരുന്നു. സ്വതന്ത്രഇന്ത്യ മുതലാളിത്ത–സാമ്പത്തികനയങ്ങൾ സ്വീകരിക്കുന്നതിനെ അദ്ദേഹം ശക്തമായി എതിർത്തിരുന്നു. സ്വാതന്ത്ര്യമെന്നത് കോളനിമുതലാളിത്തത്തിന്റെ സ്ഥാനത്ത് ദേശീയമുതലാളിത്തത്തെ പ്രതിഷ്ഠിക്കുകയല്ലെന്ന് അദ്ദേഹം തുറന്നടിച്ചു. രാജ്യത്തിന്റെ സമ്പദ്‌വ്യവസ്ഥയിൽ വിദേശമൂലധനനിക്ഷേപം സ്വീകരിക്കുന്നത് വളരെ കരുതലോടെ വേണമെന്ന് അദ്ദേഹം നമ്മെ ഓർമിപ്പിച്ചിരുന്നു. സമ്പദ്ഘടനയുടെ ചരടുകൾ നമ്മുടെ കയ്യിൽനിന്ന് വിട്ടുപോയാൽ രാജ്യത്തിന്റെ പരമാധികാരംതന്നെ അപകടത്തിലാകുമെന്നും സ്വതന്ത്ര സമ്പദ്‌വ്യവസ്ഥ നിലനിർത്തിയാൽ മാത്രമേ നമുക്ക് ദേശീയസ്വാതന്ത്ര്യം നിലനിർത്താനും സ്വതന്ത്ര വിദേശനയം പിന്തുടരാനും ആകൂവെന്നും കൃഷ്ണമേനോൻ മുന്നറിയിപ്പു നൽകിയിരുന്നു.

ഇന്ത്യയുടെയും മറ്റ് വികസ്വരരാജ്യങ്ങളുടെയും ഭാവിയെപ്പറ്റി ഉത്കണ്ഠാകുലനായിരുന്ന അദ്ദേഹം ഇങ്ങനെ മുന്നറിയിപ്പു നൽകി– 'കഷ്ടപ്പെട്ടു നേടിയെടുത്ത സ്വാതന്ത്ര്യം നാം കാത്തുസൂക്ഷിച്ചില്ലെങ്കിൽ സാമ്രാജ്യത്വം പലവിധത്തിലും പല രൂപത്തിലും പിൻവാതിലിലൂടെ കടന്നുവരാൻ ശ്രമിക്കും. ഇന്ത്യയും മറ്റെല്ലാ മോചിത രാജ്യങ്ങളും സ്വാശ്രയശീലം പടുത്തുയർത്തുകയും ചരിത്രത്തിന്റെ പാഠങ്ങൾ ഒരിക്കലും മറക്കാതിരിക്കുകയും വേണം. ഇന്ത്യ ഇന്ന് അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ ദേശീയസ്വാതന്ത്ര്യത്തെയും പുരോഗതിയെയും ഭീഷണിപ്പെടുത്തുമാറ് പുത്തൻ കോളനി വാഴ്ചയ്ക്ക് അവസരമുണ്ടാക്കിക്കൂടാ'. ആഗോളവത്കരണത്തിന്റെയും ഉദാരവത്കരണത്തിന്റെയും സ്വകാര്യവത്കരണത്തിന്റെയും നീരാളിപ്പിടുത്തത്തിൽ മാനവരാശി വിറങ്ങലിച്ചുനിൽക്കുന്ന വർത്തമാനകാലത്ത് അദ്ദേഹത്തിന്റെ വാക്കുകൾ വീണ്ടും പ്രസക്തമാകുകയാണ്.

എഴുപത്തിയെട്ടാം വയസ്സിൽ 1974 ഒക്ടോബർ ആറിന് കൃഷ്ണമേനോൻ അന്തരിച്ചപ്പോൾ അന്നത്തെ പ്രധാനമന്ത്രി ഇന്ദിരാഗാന്ധി ഇങ്ങനെ അനുസ്മരിച്ചു.– 'ഒരഗ്നിപർവതം കെട്ടടങ്ങി'. കൃഷ്ണമേനോൻ വലിയ മേധാശക്തിയുള്ള, ആഴത്തിൽ വിശ്വാസ്യത പുലർത്തിയ ഒരാളായിരുന്നു. രാജ്യത്തിന്റെ കാര്യത്തിൽ വികാരതീവ്രമായ അർപ്പണബോധമാണ് അദ്ദേഹത്തിനുണ്ടായിരുന്നത്. യൂറോപ്പിൽ നമ്മുടെ സ്വാതന്ത്ര്യ പ്രസ്ഥാനത്തിന്റെ വക്താവ് എന്ന നിലയിൽ അദ്ദേഹം നടത്തിയ മുന്നണി പ്രവർത്തനവും മറ്റ് രാജ്യങ്ങളിലെ പുരോഗമന പ്രസ്ഥാനങ്ങളുമായി ഒരു കണ്ണി എന്ന നിലയിൽ വഹിച്ച പങ്കും നമുടെ രാഷ്ട്രചരിത്രത്തിന്റെ ഭാഗമായിക്കഴിഞ്ഞു. പുതിയൊരു അന്താരാഷ്ട്രവ്യവസ്ഥിതി കെട്ടിപ്പടുക്കുന്നതിന് അദ്ദേഹം കുരിശുയുദ്ധം തന്നെ നടത്തി. രാജ്യത്തെ സ്വാശ്രയത്വത്തിലേക്ക് നയിക്കാൻ അദ്ദേഹം ബോധപൂർവം പ്രവർത്തിച്ചു.

ഇത്തരത്തിൽ വിലയിരുത്തിയാൽ ഭാരതത്തിനും ലോകത്തിനും കൃഷ്ണമേനോൻ ചെയ്ത സേവനങ്ങൾ മഹത്തരമാണെന്ന് കാണാൻ കഴിയും. എന്തായാലും ഒരു കാര്യം നമുക്ക് ഉറപ്പിച്ചുപറയാം. ചരിത്രത്തിലെ ഏറ്റവും പ്രശസ്തനായ മലയാളി എന്ന ബഹുമതി ഇന്നും കൃഷ്ണമേനോനുമാത്രം അവകാശപ്പെട്ടതാണ്. ■

പി.ടി. പ്രമീഷ്

# ഡോ. വേലുക്കുട്ടി അരയൻ

# ധീരനായ സാമൂഹിക വിപ്ലവകാരി

**മറ്റ് സമുദായ പരിഷ്കർത്താക്കൾക്ക് കിട്ടിയ പരിഗണനയും ആദരവും ഡോ. വേലുക്കുട്ടി അരയന് സ്വസമുദായത്തിൽ നിന്ന് ലഭിച്ചിട്ടില്ല**



ജാതിജന്മിത്തമേൽക്കോയ്മയിൽ അധിഷ്ഠിതമായ കേരളീയ സാമൂഹിക ഘടന നവീകരിക്കുന്നതിൽ ഒട്ടനവധി പോരാളികളുടെ ധീരമായ പ്രവർത്തനങ്ങളും ചെറുത്തുനില്പുകളുമുണ്ട്. എല്ലാ സാമുദായിക മേല്ക്കോയ്മകളും, മനുഷ്യത്വവിരുദ്ധമായ ആചാരങ്ങളും സമൂഹത്തിൽനിന്ന് ഇല്ലായ്മചെയ്ത്, മാനവിക ബോധത്തിലൂന്നിയ കൂട്ടായ്മകളും, പൊതുമണ്ഡലവും ഒരുക്കുന്നതിൽ ഈ പോരാട്ടങ്ങൾ ഏറെക്കുറെ വിജയിച്ചിട്ടുണ്ട്. ഇത്തരത്തിൽ മുക്കുവസമുദായത്തെയും പൊതുവിൽ അവർണരെയും സംഘടിപ്പിക്കുകയും അവരെ ആത്മാഭിമാനബോധമുള്ളവരാക്കിത്തീർക്കുന്നതിൽ ജീവിതാന്ത്യംവരെ കർമനിരതമായി ഇടപെടുകയും ചെയ്ത സാമൂഹിക വിപ്ലവകാരിയാണ് ഡോ. വേലുക്കുട്ടി അരയൻ.

1894 മാർച്ച് 11 ന് കരുനാഗപ്പള്ളിയിലെ ചെറിയഴീക്കലിൽ ജനിച്ച ഇദ്ദേഹം, സാമൂഹിക പരിഷ്കർത്താവ്, സ്വാതന്ത്ര്യസമരസേനാനി, ശാസ്ത്രഗവേഷകൻ, പത്രപ്രവർത്തകൻ, ചിന്തകൻ, വാഗ്മി, നിരൂപകൻ, രാഷ്ട്രീയ പ്രവർത്തകൻ എന്നീ ബഹുമുഖപ്രവർത്തനങ്ങളിലൂടെ കേരളത്തിന്റെ സാമൂഹിക, രാഷ്ട്രീയ, സാംസ്കാരിക മേഖലകളിൽ നിർണായക സ്വാധീനം ചെലുത്തിയ മഹനീയ വ്യക്തിത്വത്തിനുടമയാണ്. കേരളത്തിലെ വിവിധ ദേശക്കാരായ മുക്കുവസമുദായത്തിലെ പലർക്കും വിശിഷ്യാ പുതിയ തലമുറയിലുള്ളവർക്ക് ഇദ്ദേഹത്തിന്റെ ജീവിത ചരിത്രത്തെക്കുറിച്ചറിയില്ല എന്നുള്ളത് സാമ്പ്രദായിക ചരിത്രനിർമിതിയിലെ വരേണ്യതകൊണ്ടാണ്.

അവർണസമൂഹത്തെ വിദ്യയുടെ വെളിച്ചത്തിലേക്കാനയിച്ച ഡോ. വേലുക്കുട്ടി അരയൻ വിദ്യകൊണ്ട് പ്രബുദ്ധരാവുക എന്ന ശ്രീനാരായണ ഗുരുവിന്റെ കാവ്യാത്മകവും വിപ്ലവകരവുമായ മുദ്രാവാക്യം ഉൾക്കൊണ്ട്, ദരിദ്രരായ മുക്കുവസമുദായാംഗങ്ങൾക്ക് അറിവുപകർന്നു നൽകുന്ന പ്രവർത്തനങ്ങളിലേർപ്പെട്ടു. തന്റെ പതിനാലാമത്തെ വയസിൽ വേലുക്കുട്ടി അരയൻ ചെറിയഴീക്കലിൽ സ്ഥാപിച്ച വിജ്ഞാന സന്ദായനി വായനശാലയിൽവച്ച് പകലന്തിയോളം കടലുമായി മല്ലിട്ടുവരുന്ന നിരക്ഷരസമൂഹത്തെ നിശാപാഠശാലയിലൂടെ അക്ഷരത്തിന്റെയും അതുവഴി വായനയുടെയും ലോകത്തിലേക്കു നയിച്ചു. ഈ ഗ്രന്ഥശാല കേരളത്തിലെതന്നെ ആദ്യത്തെ ഗ്രന്ഥശാലകളിൽ ഒന്നാണ്.

സ്വന്തം സമുദായത്തിലെ അനാചാരങ്ങൾക്കെതിരെ




കലഹിച്ചുകൊണ്ടാണ് ഇദ്ദേഹം സാമൂഹ്യപ്രവർത്തനരംഗത്തേക്ക് കടന്നുവന്നത്. സമുദായോദ്ധാരണപ്രവർത്തനങ്ങൾ കേരളത്തിലുടനീളം സജീവമാക്കുന്നതിനായി 1921 ൽ, സമസ്തകേരളീയ അരയമഹാജനയോഗം സ്ഥാപിച്ചു. എസ്.എൻ.ഡി.പി യോഗം സംഘടിപ്പിച്ച തിരുവിതാംകൂർ അവർണ ഹിന്ദു മഹാസഭയുടെ ആദ്യത്തെ സെക്രട്ടറി വേലുക്കുട്ടി അരയനായിരുന്നു. തിരുവിതാംകൂറിലെ ആദ്യത്തെ രാഷ്ട്രീയ പ്രസ്ഥാനമായ തിരുവിതാംകൂർ രാഷ്ട്രീയമഹാസഭ ഇദ്ദേഹത്തിന്റെ നേതൃത്വത്തിലാണ് രൂപംകൊണ്ടത്.

സംഘടനയുടെ ആശയപ്രചരണത്തിനും ഭരണകൂടത്തിന്റെ നെറികേടുകൾക്കെതിരെയും എഴുതാൻ മാധ്യമങ്ങളുടെ ആവശ്യകത മനസിലാക്കിയ വേലുക്കുട്ടി അരയൻ 1917 ൽ *അരയൻ* എന്ന പത്രം തുടങ്ങുകയും അനീതിക്കും, നീതികേടിനും എതിരെ നിരന്തരം എഴുതുകയും ചെയ്തു. കടലോരത്തും കായലോരത്തുമായി ചിതറിക്കിടക്കുന്ന അരയസമൂഹത്തെ ഏകോപിപ്പിക്കുന്നതിനും, സാമൂഹികമാറ്റങ്ങൾ ഉണ്ടാക്കുന്നതിനും സ്വസമുദായത്തെയും മറ്റ് അവശസമുദായങ്ങളെയും പുരോഗമനബോധത്തിലേക്കും അന്ധവിശ്വാസങ്ങളിൽ നിന്നും ദുരാചാരങ്ങളിൽനിന്നും മോചിപ്പിക്കുന്നതിനും ഈ പത്രം വഹിച്ച പങ്ക് ചരിത്രപ്രാധാന്യമുള്ളതാണ്. ബ്രിട്ടീഷ് സേച്ഛാധിപത്യത്തിനും ദിവാന്റെ ദുർഭരണത്തിനുമെതിരായി പത്രത്തിലൂടെ പ്രതികരിച്ചു. കേരളപത്രപ്രവർത്തന ചരിത്രത്തിലെ ഉന്നത ശീർഷരിൽ ഒരാളാണ് വേലുക്കുട്ടി അരയൻ.

അവർണന് സഞ്ചാരസ്വാതന്ത്ര്യം പോലും നിഷേധിച്ച ജാതിപീഡനങ്ങളുടെയും വംശമഹിമയുടെയും പഴയകാലത്താണ് അദ്ദേഹം തന്റെ പേരിനോട് 'അരയൻ' എന്ന് ചേർത്തത്. വർത്തമാനകാലത്ത് ജാതിബോധം ഉള്ളിൽക്കൊണ്ടുനടക്കുന്നവർ ജാതിപ്പേര് ചേർക്കുന്നതുപോലെയുള്ള ഒന്നായിരുന്നില്ലത്. മറിച്ച് അക്കാലത്ത് ഇച്ഛാശക്തിയും ആത്മാഭിമാനവുമുള്ള ഒരാൾക്കുമാത്രം സാധ്യമാവുന്നതായിരുന്നു അത്.

ഫിഷറീസിൽ ശാസ്ത്രവിദ്യാഭ്യാസം നേടിയ അരയൻ മത്സ്യബന്ധനമേഖലയിൽ പല നവീകരണപ്രവർത്തനങ്ങൾക്കും തുടക്കം കുറിച്ചു. നൂതനമായ മത്സ്യബന്ധനരീതികൾ പ്രയോഗിക്കാൻ പ്രേരിപ്പിക്കുകയും മൂല്യവർധിത ഉത്പന്നങ്ങൾ ഉണ്ടാക്കേണ്ട ആവശ്യകത മത്സ്യത്തൊഴിലാളികളെ ബോധ്യപ്പെടുത്തുകയും ചെയ്തു. മത്സ്യത്തൊഴിലാളികളുടെ പ്രശ്നങ്ങൾ അധികാരികളുടെയും സമൂഹത്തിന്റെയും ശ്രദ്ധയിൽക്കൊണ്ടുവരുന്നതിനായി *ഫിഷറീസ് മാഗസിൽ* (1948), *തീരദേശം മാസിക* എന്നീ പ്രസിദ്ധീകരണങ്ങൾ ആരംഭിച്ചു. അവരുടെ വിദ്യാഭ്യാസത്തിനായി ചെറിയഴീക്കലിൽ സ്കൂൾ സ്ഥാപിക്കുകയും അത് പിന്നീട് സർക്കാരിന് വിട്ടുകൊടുക്കുകയും ചെയ്തു. കേരളത്തിലെ ആദ്യ ട്രേഡ് യൂണിയനുകളിലൊന്നായ അഖില തിരുവിതാംകൂർ നാവിക തൊഴിലാളിസംഘം രൂപീകരിച്ചു.

അധഃസ്ഥിത ജനവിഭാഗത്തിന്റെ സഞ്ചാരസ്വാതന്ത്ര്യത്തിനായുള്ള പോരാട്ടമായ വൈക്കം സത്യഗ്രഹത്തിന്റെ പ്രചാരകനും മുന്നണിപ്പോരാളിയുമായിരുന്നു ഡോ. അരയൻ. മത്സ്യബന്ധനംമൂലം അരയൻമാർക്ക് ക്ഷേത്രപ്രവേശനത്തിന് അർഹതയില്ല എന്ന മേൽക്കോയ്മാ നീതിയെ 1935ൽ ആലപ്പുഴ ശ്രീരാമകൃഷ്ണമഠത്തിൽവെച്ച് ചെയ്ത അധ്യക്ഷപ്രസംഗത്തിൽ, അദ്ദേഹം ചോദ്യംചെയ്തു. മീൻപിടുത്തം മൂലം അരയൻമാർ കൊണ്ടുവന്ന ശംഖിന്, ക്ഷേത്രങ്ങളിലും, കവിടിക്ക് നമ്പൂതിരി ഇല്ലങ്ങളിലും പ്രവേശനം ലഭിക്കും. കക്കയിൽനിന്നുണ്ടാക്കിയ ചുണ്ണാമ്പും കുമ്മായവും പിന്നാക്ക-മുന്നാക്ക സമുദായഭേദമന്യേ ഉപയോഗിക്കുന്നതും വിശദീകരിച്ചു ക്ഷേത്രപ്രവേശനം എല്ലാവരുടെയും അവകാശമാണെന്ന് അദ്ദേഹം പ്രഖ്യാപിച്ചു.

നിരൂപണം, കവിത, ബാലസാഹിത്യം, ആത്മകഥ, നാടകം, ലേഖനങ്ങൾ, ആക്ഷേപഹാസ്യം തുടങ്ങി സാഹിത്യത്തിന്റെ വ്യത്യസ്ത മണ്ഡലങ്ങളിൽ നിരവധി ഗ്രന്ഥങ്ങളുടെ കർത്താവുകൂടിയാണ് ഇദ്ദേഹം. ചെമ്മീൻ ഒരു നിരൂപണം എന്ന വിമർശനഗ്രന്ഥം ഇദ്ദേഹത്തിന്റെ വളരെ ശ്രദ്ധേയമായ ഒരു പുസ്തകമാണ്. ചെമ്മീൻ എന്ന നോവലിനോടൊപ്പം ചേർത്തുവായിക്കേണ്ട ഒരു വിമർശന കൃതിയാണിത്. മുക്കുവസമുദായത്തിന്റെ ഓരോ ജീവിത ചലനങ്ങളും ആചാരങ്ങളും വ്യക്തമായി അറിയാവുന്ന ഡോ. അരയൻ തകഴി ശിവശങ്കരപ്പിള്ളയുടെ ചെമ്മീൻ എന്ന നോവലിലെ കഥയെമാത്രം മുൻനിർത്തിയുള്ള എഴുത്തുകാരുടെ വാഴ്ത്തലുകളെ അന്നത്തെ കാലത്തെ സാമൂഹിക-ചരിത്ര-രാഷ്ട്രീയ പശ്ചാത്തലത്തെ മുൻനിർത്തി വിമർശനവിധേയമാക്കി. *സമുദായത്തിന്റെ ഹൃദയത്തിലേക്ക് അദ്ദേഹം ഇറങ്ങിച്ചെന്നില്ല. അതിന്റെ സ്നേഹപാരവശ്യങ്ങൾ, ആരും പേരുമില്ലാത്തവരോടുള്ള അനുകമ്പ, സൽക്കാര താത്പര്യം, ഔദാര്യോപചാരങ്ങളിലുള്ള നിർബന്ധവ്രതം എന്നിവ അദ്ദേഹം കണ്ടില്ല* എന്ന് ഡോ. വേലുക്കുട്ടി അരയൻ വിമർശിക്കുന്നു. "*ഒരു മരക്കാത്തിയും തൊണ്ടുതല്ലിയും കയറുപിരിച്ചും കഴിയുന്നില്ല. അതൊന്നും പറഞ്ഞിട്ടുള്ളതല്ല*" എന്ന നോവലിലെ വാചകത്തെ ഡോ. അരയൻ ചോദ്യം ചെയ്യുന്നു. *താങ്കൾക്ക് കയർ സംഹിത എവിടെനിന്നാണ് കിട്ടിയത്. തിരുവിതാംകൂറിൽ കയർപിരി പ്രധാനതൊഴിലാക്കി അതുകൊണ്ട് പണ്ടുപണ്ടേ ജീവിച്ചുവരുന്നവരാണ് അരയസ്ത്രീകൾ, ആദ്യമായി കയർ കണ്ടുപിടിച്ചതുതന്നെ മീൻപിടുത്തത്തിന്റെ ആവശ്യത്തിനാണ്, അങ്ങിനെയുള്ള കയറുണ്ടാക്കിയ കരയുടെയും മകളാണ് കറുത്തമ്മ* എന്ന് അവരുടെ ജീവിത ഭൂമികയിൽനിന്നുകൊണ്ട് മൗലികമായ ചോദ്യമുന്നയിച്ചു ഡോ. അരയൻ. 50 വർഷം മുമ്പ് രചിച്ച ഈ പുസ്തകം കീഴാളപക്ഷത്തുനിന്നും സ്ത്രീപക്ഷത്തുനിന്നുകൊണ്ടുമുള്ള ആത്മാർഥവും സാമൂഹിക പ്രതിബദ്ധവുമായ വിമർശനമാണ്.

ഒരു പുരുഷായസ് മുഴുവൻ അരയസമുദായത്തിനും മറ്റുവിഭാഗങ്ങൾക്കും വേണ്ടി അക്ഷീണം യത്നിച്ച വേലുക്കുട്ടി അരയന് മറ്റു സമുദായ പരിഷ്കർത്താക്കൾക്ക് സ്വന്തം സമുദായത്തിൽ കിട്ടിയ പരിഗണനയും ആദരവും സ്വസമുദായത്തിൽ കിട്ടിയിട്ടുണ്ടോ എന്ന് സംശയമാണ്. ഒരുപക്ഷെ അദ്ദേഹത്തിന്റെ ഉയർന്ന യുക്തിവിചാരത്തിലുള്ള ചിന്തകളും, ഭയലേശമന്യേയുള്ള ഇടപെടലും, വ്യവസ്ഥാപിത വിശ്വാസ-ജീവിത ഘടനയ്ക്കകത്തു ജീവിക്കുന്നവർക്ക് ഉൾക്കൊള്ളാൻ പറ്റാത്തതു കൊണ്ടാവാം.

അദ്ദേഹം ആർജിച്ച വിവിധ വിഷയങ്ങളിലുള്ള അക്കാദമിക് പാണ്ഡിത്യവും ജനങ്ങൾക്കിടയിൽനിന്നും വായനയിൽനിന്നും നേടിയ അറിവുകളും സമൂഹത്തിന്റെ ഉന്നതിക്കും സമത്വപൂർണമായ ഒരു ജീവിതചുറ്റുപാടിനായുള്ള മാറ്റത്തിനുമായി പ്രയോഗിച്ച്, ഇടപെട്ട കർമമണ്ഡലങ്ങളിലെല്ലാം വ്യക്തിമുദ്രപതിപ്പിച്ച മനുഷ്യസ്നേഹിയായ ആ പോരാളി 1969 മെയ് 31 ന് ജീവിതത്തിൽനിന്നും വിടവാങ്ങി. ഇനിയും വിശദമായ പഠനം അർഹിക്കുന്നു വേലുക്കുട്ടി അരയൻ എന്ന നവോഥാന നായകന്റെ വൈവിധ്യപൂർണവും ത്യാഗോജ്ജ്വലവുമായ ജീവിതം. ■

■ പി. ഉണ്ണികൃഷ്ണൻ

# പാലക്കാടൻ വയലേലകളുടെ രോദനം

## കൃഷിച്ചെലവിന്റെ കാര്യത്തിലും, കർഷകത്തൊഴിലാളികളുടെ ലഭ്യതയിലും മാറ്റം വരാത്തിടത്തോളം കാലം വയലേലകളുടെ വിസ്തൃതി ചുരുങ്ങിക്കൊണ്ടേയിരിക്കും

ഒട്ടേറെ ചർച്ചകൾക്കും അഭിപ്രായവ്യത്യാസങ്ങൾക്കും ഇടം നൽകിയ ഒരു വിഷയമാണ് കേരളത്തിലെ കാർഷികമേഖലയുടെ തിരിച്ചുപോക്ക്. ഒരു കാർഷികരാജ്യമായ ഇന്ത്യയുടെ വിസ്തൃതിയുടെ നേരിയ ശതമാനം മാത്രമേ വരുന്നുള്ളൂവെങ്കിലും കേരളവും ഒരു കാർഷിക സംസ്ഥാനമായിട്ടാണ് അറിയപ്പെടുന്നത്. എന്നാൽ കേരളത്തിലെ കാർഷികമേഖലയുടെ കഴിഞ്ഞ 30 വർഷത്തെ കണക്കുകൾ എടുത്തു പരിശോധിച്ചാൽ കേരളം കാർഷികരംഗത്തുനിന്നും പിൻവലിയുകയാണോ എന്ന ആശങ്ക ജനിപ്പിക്കുന്നു.

1980 കളിൽ മൊത്തം കൃഷിചെയ്യുന്ന വിസ്തൃതി ആകെ വിസ്തൃതിയുടെ 54 ശതമാനമായിരുന്നെങ്കിൽ 2010 ആയപ്പോഴേക്കും ഇത് 31.9 ശതമാനമായി ചുരുങ്ങി. പ്രധാന കാർഷികവിളകളുടെ കാര്യത്തിലെല്ലാം ഈ ഇടിവു കാണാമെങ്കിലും കേരളത്തിന്റെ പരമ്പരാഗതവും അഭിമാനവുമായ നെൽകൃഷിക്കാണ് ഏറ്റവും വലിയ ക്ഷതമേറ്റിരിക്കുന്നത് എന്നു കണക്കുകൾ കാണിക്കുന്നു. വിസ്തൃതിയിൽ സംസ്ഥാനത്ത് മൊത്തം കാർഷികമേഖലയുടെ 8.77 ശതമാനം മാത്രമാണ് ഇന്ന് നെൽകൃഷിയുടെ സ്ഥാനം. ഇത് പാലക്കാട് ജില്ലയിലാണ് ഏറ്റവും കൂടുതലുള്ളത് (43%). അതുപോലെ തെങ്ങ്, പപ്പായ എന്നിവ കോഴിക്കോട് ജില്ലയിലും, കമുക്, മുരിങ്ങ മലപ്പുറം ജില്ലയിലും മരച്ചീനി കൊല്ലം ജില്ലയിലും കുരുമുളക്, ചായ, കൊക്കോ, ചക്ക ഇവ ഇടുക്കി ജില്ലയിലും ഏത്തവാഴ, മറ്റുവാഴ, മഞ്ഞൾ ഇവ പാലക്കാട് ജില്ലയിലും കൈതച്ചക്ക, ജാതി ഇവ എറണാകുളം ജില്ലയിലും കശുമാവ് കണ്ണൂർ ജില്ലയിലും റബ്ബർ കോട്ടയം ജില്ലയിലും ഇഞ്ചി, കാപ്പി ഇവ വയനാടു ജില്ലയിലുമാണ് കൂടുതൽ കൃഷി ചെയ്യുന്നത്.

ഇനി നമുക്ക് കേരളത്തിന്റെ നെല്ലറയെന്നറിയപ്പെടുന്ന പാലക്കാട്ടേക്കൊന്നു സഞ്ചരിക്കാം. മൊത്തം നെൽകൃഷിയിൽ ജില്ല മുന്നിട്ടുനിൽക്കുന്നുവെങ്കിലും കാർഷികമേഖലയിൽനിന്നുള്ള മൊത്തം അഭ്യന്തര ഉത്പാദനത്തിൽ നെല്ലിന്റെ സംഭാവന 23 ശതമാനം മാത്രമാണ്. റബ്ബറിന്റേത് 30 ശതമാനവും തേങ്ങയുടേത് 17 ശതമാനവും ഏത്തവാഴയുടേത് എട്ട് ശതമാനവുമാണ്. അതായത് ജില്ലയുടെ കാർഷികമേഖലയുടെ വരുമാനനിർണയത്തിൽ നെല്ലിനു കേവലം രണ്ടാം സ്ഥാനമാണെന്നർഥം.

ഇനി ജില്ലയിൽ വിവിധവിളകളുടെ വിസ്തൃതി എത്രയെന്നുനോക്കാം: വനവും പ്ലാന്റേഷനും ഒഴിച്ചുള്ള 3,38,445 ഹെക്ടറിൽ 59% കൃഷിയിറക്കുന്ന ഭൂമിയാണ്. മൂന്നു പൂവ്വൽ വിളകളിലായി നെല്ല് മൊത്തം 29.7%, തെങ്ങ് 16.9%, കമുക് മൂന്ന് ശതമാനം, ഏത്തവാഴ 3.13%, മറ്റു വാഴകൾ 3.07%, മരച്ചീനി 0.84%, മാവ് 2.3%, പ്ലാവ് 1.65%, പുളി 1.3%, കുരുമുളക് 1.7%, കശുമാവ് 0.88%, ഏലം 0.81%, കിഴങ്ങുവർഗങ്ങൾ 0.61%, പച്ചക്കറികൾ 2.26%, കരിമ്പ് 1.88%, കടല 0.4%, ചായ 0.25%, കാപ്പി 1.37% കൃഷിചെയ്യപ്പെടുന്നു. എന്നാൽ മറ്റ് ഉത്പന്നങ്ങളായ റബ്ബർ 10.5 ശതമാനവും പരുത്തി 0.3 ശതമാനവും തീറ്റപ്പുല്ല് 0.37 ശതമാനവും പച്ചിലവളം 1.08 ശതമാനവും ഔഷധച്ചെടികൾ 0.24 ശതമാനവും മറ്റു വൃക്ഷങ്ങൾ 6.24 ശതമാനവുമാണ് നിലവിലുള്ളത്.

വിവിധ വിളകളുടെ വിന്യാസം കുറേക്കൂടി താഴെത്തട്ടിലേക്ക് പരിശോധിക്കുകയാണെങ്കിൽ നെല്ല് കുഴൽമന്ദം ബ്ലോക്കിലും കരിമ്പ് ചിറ്റൂർ ബ്ലോക്കിലും കുരുമുളക്, മറ്റുവാഴ ഇവ അട്ടപ്പാടി, ആലത്തൂർ ബ്ലോക്കുകളിലും ഇഞ്ചി അട്ടപ്പാടി ബ്ലോക്കിലും മഞ്ഞൾ, പപ്പായ, മരച്ചീനി ഇവ ആലത്തൂർ ബ്ലോക്കുകളിലും അടയ്ക്ക, ഏത്തവാഴ, കശുമാവ് ഇവ മണ്ണാർക്കാട്, അട്ടപ്പാടി ബ്ലോക്കുകളിലും കുരുമുളക്, ജാതി ഇവ മണ്ണാർക്കാട് ബ്ലോക്കിലും ചക്ക പട്ടാമ്പി ബ്ലോക്കിലും പൈനാപ്പിൾ ശ്രീകൃഷ്ണപുരം, അട്ടപ്പാടി ബ്ലോക്കുകളിലും മുരിങ്ങ ആലത്തൂർ, പട്ടാമ്പി ബ്ലോക്കുകളിലും എള്ള് ശ്രീകൃഷ്ണപുരം ബ്ലോക്കിലും വെറ്റില തൃത്താല, ശ്രീകൃഷ്ണപുരം ബ്ലോക്കുകളിലും കൊക്കോ അട്ടപ്പാടി, ചിറ്റൂർ ബ്ലോക്കുകളിലുമാണ് കൂടുതൽ കൃഷി ചെയ്തുവരുന്നത്.

ഉത്പാദനത്തിന്റെ കാര്യത്തിൽ അരി സംസ്ഥാനത്തെ മൊത്തം ഉത്പാദനത്തിന്റെ 45 ശതമാനവും ചോളം 98 ശതമാനവും പയറുവർഗങ്ങൾ 66.2 ശതമാനവും മഞ്ഞൾ 23.6 ശതമാനവും പുളി 27.6 ശതമാനവും മറ്റുവാഴ 28.2 ശതമാനവും മധുരക്കിഴങ്ങ് 27.6 ശതമാനവും മുരിങ്ങ 25 ശതമാനവും പാലക്കാടിന്റെ സംഭാവനയാണ്. ഉത്പാദനത്തിന്റെ കാര്യത്തിൽ സംസ്ഥാനത്തിന് 100 ശതമാനവും സംഭാവന നൽകുന്ന വിളകളാണ് റാഗി, നിലക്കടല, പരുത്തി എന്നിവ.

എന്തുകൊണ്ട് നെൽകൃഷി കുറയുന്നുവെന്നതിന് കൃഷിച്ചെലവുസംബന്ധിച്ച കണക്കുകൾകൂടി ഒത്തുനോക്കുന്നത് നന്നായിരിക്കും. ഒരു ഹെക്ടർ സ്ഥലം നെൽകൃഷി ചെയ്യുന്നതിനായി വരുന്ന ചെലവ് 28,180 രൂപയാണ്. ഉത്പന്നത്തിനു ലഭിക്കുന്നത് കേവലം 28,401 രൂപയും. ഇത് സീസൺ അടിസ്ഥാനത്തിൽ തരം തിരിച്ചാൽ വിരിപ്പിൽ ഹെക്ടറിൽ 907 രൂപ നഷ്ടവും മുണ്ടകനിൽ 6636 രൂപയും പുഞ്ചയിൽ 400 രൂപയും വീതം ലാഭവും ലഭിക്കുന്നുവെന്നാണ് കണക്ക്. മറ്റുവിളകളാകട്ടെ ഹെക്ടറിന് തെങ്ങിന് 30,159 രൂപ ചെലവിടുമ്പോൾ ലാഭം 14,279 രൂപയും മരച്ചീനിക്ക് 48,126 രൂപ ചെലവിടുമ്പോൾ ലാഭം 20,080 രൂപയും ഏത്തവാഴയ്ക്ക് 1,31,333 രൂപ ചെലവിടുമ്പോൾ 83,403 രൂപയും ഇഞ്ചിക്ക് 90,150 രൂപ ചെലവിടമ്പോൾ ലാഭം 60,808 രൂപയും കുരുമുളക് 39,207 രൂപ ചെലവിടമ്പോൾ ലാഭം 16,215 രൂപയും മഞ്ഞൾ 62,766 രൂപ ചെലവിടമ്പോൾ ലാഭം 7,584 രൂപയുമാണ്. കമുകാകട്ടെ 46,128 രൂപ ചെലവഴിച്ചാൽ 404 രൂപ നഷ്ടം സംഭവിക്കുന്നു. ഇതറിയാവുന്ന കർഷകനെ കുറ്റം പറഞ്ഞിട്ടെന്തു കാര്യം?

1980 മുതൽ 2010 വരെയുള്ള ഓരോ ദശാബ്ദത്തിലും പ്രധാനവിളകളുടെ വിസ്തൃതിയിൽ സംഭവിച്ച മാറ്റം നമുക്ക് പരിശോധിക്കാം.

മേൽ ഉദ്ധരിച്ച കണക്കുകളിൽനിന്നും 1980 മുതൽ 30 വർഷംകൊണ്ട് നെല്ലിന്റെ വിസ്തൃതിയിൽ 83,112 ഹെക്ടറിന്റെ ഇടിവു സംഭവിച്ചതായിക്കാണുന്നു. ഇതിൽ 30 ശതമാനം റബ്ബറും 41 ശതമാനം തെങ്ങും 11 ശതമാനം ഏത്തവാഴയും 10 ശതമാനം മറ്റുവാഴയും ആറു ശതമാനം പച്ചക്കറികളും കീഴടക്കിയതായിക്കാണാം. കൃഷിച്ചെലവിന്റെ കാര്യത്തിലും കർഷകത്തൊഴിലാളികളുടെ ലഭ്യതയിലും മാറ്റം വരാത്തിടത്തോളംകാലം മേൽ പ്രസ്താവിച്ച ഗതിവിഗതികൾക്ക് കാതലായമാറ്റം പ്രതീക്ഷിക്കാവുന്നതല്ല. ■

*(വിവരങ്ങൾക്ക് സാമ്പത്തികസ്ഥിതി വിവരക്കണക്ക് വകുപ്പിലെ പ്രസിദ്ധീകരണങ്ങളോട് കടപ്പാട്)*

*പാലക്കാട് സാമ്പത്തികസ്ഥിതിവിവരക്കണക്ക് വകുപ്പിലെ റിസർച്ച് ഓഫീസറാണ് ലേഖകൻ*

| വർഷം | കൃഷിചെയ്യുന്ന വിസ്തൃതി (ഹെക്ടറിൽ) | നെല്ല് | റബ്ബർ | തെങ്ങ് | ഏത്തവാഴ | മറ്റുവാഴ | പച്ചക്കറികൾ |
|---|---|---|---|---|---|---|---|
| 1980 – 81 | 2,13,748 | 1,83,634 | 11,084 | 22,954 | 1,385 | 2,357 | 2,336 |
| 1990 – 91 | 2,17,032 | 1,45,687 | 24,045 | 38,153 | 2,782 | 3,974 | 19,729 |
| 2000 – 01 | 2,04,169 | 1,18,701 | 28,933 | 46,393 | 5,931 | 4,770 | 20,921 |
| 2009 – 10 | 1,98,996 | 1,00,522 | 35,559 | 57,186 | 10,593 | 10,384 | 7654 |

വിനീഷ് കളത്തറ

# നിശ്ശബ്ദതയ്ക്കു ശേഷം..?



നിശ്ശബ്ദതയുടെ പെരുക്കത്തിനിടയിൽ എവിടെയോ ആണ് കാഴ്ചകൾ ആരംഭിക്കുന്നത്. അവർ ചിതറിക്കിടക്കുന്ന ചട്ടക്കൂടുകൾ കൂട്ടിയൊരുക്കുകയാണ്. ഒരു ഓഫീസ് രൂപപ്പെടുന്നു. ടൈപ്പ് റൈറ്ററിന്റെ താളഘോഷങ്ങൾ തുടങ്ങുകയായി. ഓഫീസ് ചുമരുകൾക്കുള്ളിൽ തളയ്ക്കപ്പെട്ടുപോയ രണ്ടുജീവിതങ്ങൾ. ഒരു പുരുഷനും സ്ത്രീയും. പുരുഷൻ സ്ത്രീയെക്കുറിച്ച് പരാമർശിച്ചുതുടങ്ങുന്നു. നാം നിരന്തരം കേട്ടുശീലിച്ച കാല്പനിക വർണ്ണനയല്ലത്. ശരീരശാസ്ത്രത്തിലധിഷ്ഠിതമായ ഒരു വിവരണം. തിരക്കുപിടിച്ച ജീവിതപ്രമേയങ്ങളിലൂടെ സ്ത്രീ സഞ്ചരിക്കുന്നു, അവിരാമം...! നാടകം തുടരുകയാണ്. അരങ്ങിന് പുതിയ ദൃശ്യവ്യാകരണം തീർത്തുകൊണ്ട് 'സാധന സെന്റർ ഫോർ ക്രിയേറ്റീവ് പ്രാക്ടീസ്' അവതരിപ്പിക്കുന്ന നാടകമാണ് *നിശ്ശബ്ദതയ്ക്കുശേഷം* (After the silence). പ്രശസ്ത ചിലിയൻ തിയേറ്റർ ആക്ടിവിസ്റ്റായ ഏലിയാസ് കോഹൻ രചിച്ച ഈ നാടകം സംവിധാനം ചെയ്തിരിക്കുന്നത് പ്രശസ്ത നാടകപ്രവർത്തകനായ മാർട്ടിൻ ജോൺ.സിയാണ്.

സമാന്തര (അമച്വർ) നാടകവേദിയിൽ ഇടയ്ക്കുണ്ടായ നേർത്ത തളർച്ചയ്ക്കുശേഷം പുതിയ രംഗഭാഷ കരുത്താർജിക്കുന്നതിന്റെ ദൃശ്യസാക്ഷ്യമാണീ നാടകം. ഓഫീസ് ജീവനക്കാരായ സ്ത്രീക്കും പുരുഷനും പുറമേ ടൈപ്പ് റൈറ്ററും മുഖ്യ കഥാപാത്രമാവുകയാണ്. ടൈപ്പിങ് ശബ്ദം പശ്ചാത്തലത്തിൽ നിരന്തരം മുഴങ്ങിക്കൊണ്ടിരിക്കുന്നു. വിരസമായ ഈ ഓഫീസ് ജോലിയിൽനിന്നും രക്ഷപ്പെടാൻ പുരുഷൻ ശ്രമിക്കുമ്പോൾ സ്ത്രീ അതിനനുവദിക്കുന്നില്ല. കാരണം അവൾക്കത് ജീവിതോപാധിയാണ്. സർഗാത്മകമായതൊന്നുംതന്നെ അവിടെ രൂപപ്പെടുന്നില്ല. അതിവേഗതയിൽ പുരോഗമിക്കുന്ന ക്രിയാംശങ്ങളിലൂടെയാണ് ഓഫീസ് വിരസത മൂർത്തവത്കരിച്ചിരിക്കുന്നത്. രക്ഷപ്പെടാൻ കഴിയില്ലെന്ന തിരിച്ചറിവ് അവരെ ഗൃഹാതുരത്വമാർന്ന സ്വപ്നം കാണുന്നതിലേക്ക് നയിക്കുന്നു. വിഹ്വലതകൾക്കിടയിൽ ആ സ്വപ്നം ഒരു ബാല്യകുതൂഹലംപോലെ വളരുന്നു.

രണ്ട് മാധ്യമങ്ങളിലൂടെയാണ് ഈ നാടകത്തിലെ രചിത പാഠം പൂർത്തിയാകുന്നത്. ഇംഗ്ലീഷും മലയാളവും. ഈ പ്രതിപാത്രം ഭാഷണഭേദം ഒരിക്കലും നാടകാസ്വാദനത്തിന് തടസ്സമുണ്ടാക്കുന്നില്ല. ശരീരഭാഷയുടെ അന്യാദൃശമായ വിന്യാസത്തിലൂടെ രംഗസഞ്ചാരങ്ങൾ ക്രമീകരിച്ചിരിക്കുന്നു. അഭിനയമെന്നത് ശരീരഭാഷയുടെ ആകെത്തുകയാണെന്ന് പ്രേക്ഷകൻ തിരിച്ചറിയുന്നു. ബഹുതലസ്പർശിയായ നരേഷനല്ല ഈ നാടകത്തിന്റെ ദിശ നിർണയിക്കുന്നത്. വ്യക്തികളുടെ ആന്തരിക സംഘർഷം ആത്മഭാഷണത്തിലൂടെ വെളിവാക്കപ്പെടുകയാണ്. അരങ്ങിന്റെ ഒരരുകിൽ ക്രമീകരിച്ചിരിക്കുന്ന സംഗീതോപകരണങ്ങളിൽനിന്നും പ്രസക്തമായ സംഗീതം മാത്രം നമുക്ക് ശ്രവിക്കാനാവുന്നു. അതാകട്ടെ നാടകഗാത്രത്തിനോട് ഏറെ ചേർന്നുനിൽക്കുന്നതും.

2001 ൽ ഏലിയാസ് കോഹൻ എഴുതി സംവിധാനം ചെയ്ത അവതരിപ്പിച്ച *ആഫ്റ്റർ ദി സൈലൻസ്* 2011 ൽ മാർട്ടിൻ ജോൺ പുനരാവിഷ്കരിക്കുമ്പോൾ അത് മലയാള നാടകവേദിക്ക് ഒരു മുതൽക്കൂട്ടാവുകയാണ്. എവിടെയും എപ്പോഴും അവതരിപ്പിക്കാവുന്ന രീതിയിലാണ് രംഗക്രമീകരണങ്ങൾ മാർട്ടിൻ ഒരുക്കിയിട്ടുള്ളത്. തൃശൂർ സ്കൂൾ ഓഫ് ഡ്രാമയിൽനിന്നും പഠനം പൂർത്തിയാക്കിയശേഷം അദ്ദേഹം ലാറ്റിൻ അമേരിക്കൻ നാടകവേദിയുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചുവരികയാണ്. നാടകത്തിലെ ആൺ കഥാപാത്രത്തിന് ജീവൻനൽകിയിരിക്കുന്നതും മാർട്ടിനാണ്. സ്ത്രീകഥാപാത്രമായെത്തുന്നത് പ്രശസ്ത ചിലിയൻ നാടകപ്രവർത്തകയായ വലേറിയ ഒട്ഗിൻ എസ്പിനോസയാണ്. അവർ പാവനാടകത്തിലും കുട്ടികളുടെ നാടകത്തിലും പ്രത്യേക പരിശീലനം നേടിയിട്ടുണ്ട്. ഇവരോടൊപ്പം സഹനടനായും പശ്ചാത്തല സംഗീത പ്രയോക്താവായും ചിലിയൻ നാടകപ്രവർത്തകനായ ക്ലാഡിയോ ക്ലാവിയയും രംഗത്തെത്തുന്നു.

നാടകപ്രേക്ഷകനായ മലയാളിയുടെ ദൃശ്യാവബോധത്തെ നവീകരിക്കത്തക്കതരത്തിലുള്ള കുറേ നാടകങ്ങൾ അടുത്ത കാലത്ത് വിവിധ അരങ്ങുകളിൽ അവതരിപ്പിക്കുകയുണ്ടായി. സമാന്തര നാടകപ്രസ്ഥാനത്തെ തികച്ചും പ്രൊഫഷണൽ (കച്ചവട നാടകവേദിയല്ല) മാനങ്ങളുള്ള നാടകവേദിയാകുന്നതിനുള്ള ശ്രമങ്ങൾ നടക്കുന്നുണ്ട്. അതിലേക്കുള്ള ഒരു ഈടുവയ്പായി *ആഫ്റ്റർ ദി സൈലൻസി*നെയും പരിഗണിക്കാവുന്നതാണ്. ■

■ പ്രൊഫ. ടോണി മാത്യു

150–ാം ജന്മവാർഷികം

# കഥയുടെ കുലപതി



അനുക്ഷണം വികസിച്ചുകൊണ്ടിരിക്കുന്ന മലയാള ചെറുകഥാസാഹിത്യത്തിന്റെ തുടക്കക്കാരനായ വേങ്ങയിൽ കുഞ്ഞിരാമൻ നായനാർ ജനിച്ചിട്ട് 150 കൊല്ലം പൂർത്തിയായി (1861–1914). 1891 ൽ വിദ്യാവിനോദിനി മാസികയിൽ പ്രസിദ്ധപ്പെടുത്തിയ 'വാസനാവികൃതി' എന്ന കഥയാണ് മലയാളത്തിലെ ആദ്യത്തെ കഥ. പേരു വയ്ക്കാതെയാണ് പ്രഥമകഥ പ്രസിദ്ധപ്പെടുത്തിയതെങ്കിലും കുഞ്ഞിരാമൻ നായരുടേതാണ് ആ കഥയെന്ന് ഗവേഷകർ പിന്നീടു സ്ഥിരീകരിക്കുകയുണ്ടായി. *മലയാള ചെറുകഥാസാഹിത്യ ചരിത്രത്തിൽ* ഡോ. എം.എം. ബഷീറും *ചെറുകഥ ഇന്നലെ ഇന്ന്* എന്ന ഗ്രന്ഥത്തിൽ പ്രൊഫ. എം. അച്യുതനും ഈ അഭിപ്രായമാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

*"ഇത്ര കൊള്ളരുതാത്ത ഞാൻ ഇനി ഈ തൊഴിലിൽ ഇരുന്നാൽ നാലാമച്ഛന് അപമാനമേയുള്ളൂ. കളവു ചീത്തയാണന്നല്ലേ എല്ലാവരും പറയുന്നത്. ഞാനെന്റെ തൊഴിലും താവഴിയും ഒന്നു മാറ്റിനോക്കട്ടെ. ഇതുവരെ ചെയ്ത പാപമോചനത്തിനും മേലിൽ തോന്നാതിരിപ്പാനുംവേണ്ടി ഗംഗാസ്നാനവും വിശ്വനാഥദർശനവും ചെയ്യട്ടെ. പണ്ട് മുത്തശി സന്ധ്യാസമയത്തു ചൊല്ലാറുണ്ട്:*

*ശ്രുതിസ്മൃതിഭ്യാം വിഹിതാ വ്രതാദയഃ*
*പുനന്തിപാപം നയുനന്തി വാസനാം*
*അനന്തസേവാം തു നികൃതന്തി ദ്വയീ*
*മിതപ്രഭോ ത്വൽപുരുഷാ ബഭാഷിരെ"*

*(ഒപ്പ്) ഇക്കണ്ടക്കുറുപ്പ്.*

എന്നവസാനിക്കുന്ന കഥയിൽ മലയാള കഥാസാഹിത്യത്തിന്റെ ജാതകം കുറിച്ചിരിക്കുകയായിരുന്നു കേസരി വേങ്ങയിൽ കുഞ്ഞിരാമൻ നായനാർ.

വാസനാവികൃതി കൂടാതെ ഏഴു കഥകളേ അദ്ദേഹം എഴുതിയിട്ടുള്ളൂ. *മേനോക്കിയെ കൊന്നതാര്?, ദ്വാരക, എന്റെ അനുഭവം, മദിരാശിപ്പിത്തലാട്ടം, ഒരു പൊട്ടഭാഗ്യം, പരമാർഥം, കഥയൊന്നുമല്ല* എന്നിവയാണവ. ജീവിതാനുഭവങ്ങളുടെ ഉറവയിൽനിന്നും ഊറിക്കൂടിയതാണ് കഥകളെല്ലാം. ധർമബോധവും നർമബോധവും ഇവയിൽ പ്രകാശം പരത്തുന്നുണ്ട്. ഭാഷയും ഭാവവും ഭാവനയും ഏകോപിപ്പിച്ചിട്ടുമുണ്ട്. 220 കൊല്ലം മുമ്പെഴുതിയ കഥയാണെന്നോർക്കണം. രചനയുടെ ബാലാരിഷ്ടകളിലൂടെ കടന്നുപോയി അന്നത്തെ വായനക്കാരെ രസിപ്പിക്കാൻ അവർക്ക് കഴിഞ്ഞിട്ടുണ്ട്.

ബഹുമുഖമായ പ്രതിഭയുടെ ഉടമയായിരുന്നതിനാൽ കഥാരചനയിൽമാത്രം ഒതുങ്ങി നിൽക്കാൻ അദ്ദേഹത്തിനു കഴിഞ്ഞില്ല. സാഹിത്യത്തിലെ ഇതര വിഭാഗങ്ങളിലും ധാരാളം പ്രബന്ധങ്ങൾ രചിച്ചിട്ടുണ്ട്. അവയിൽ നർമലേഖനങ്ങൾ ഏറെയുണ്ട്. കേസരി എന്ന പേരിലാണ് അവയെല്ലാം എഴുതിയിരുന്നത്. കൃഷിവിജ്ഞാനപരമായും ധാരാളമെഴുതിയിട്ടുണ്ട്. സി.ഡി. ഡേവിഡ് സമാഹരിച്ചിറക്കിയ കേസരി എന്ന ഗ്രന്ഥത്തിലെ ഉപന്യാസങ്ങളിൽ കുഞ്ഞിരാമൻ നായനാരുടെ സർഗാത്മക പ്രതിഭയുടെ സ്ഫുരണം കണ്ടെത്താം.

അന്നു പ്രചാരത്തിൽ മുമ്പിൽനിന്ന മലയാള മനോരമ, കോഴിക്കോടൻ മനോരമ, ജനരഞ്ജിനി, സരസ്വതി, ഭാഷാപോഷിണി, മിതവാദി തുടങ്ങിയ പ്രസിദ്ധീകരണങ്ങളിൽ വിവിധ വിഷയങ്ങളെ ആസ്പദമാക്കി അദ്ദേഹം നിരന്തരം എഴുതിക്കൊണ്ടിരുന്നു. ക്ഷീണിക്കാത്ത മനീഷയും മഷിയുണങ്ങീടാത്ത പേനയുമായിരുന്നു അദ്ദേഹത്തിന്റേത്. കൗമാരകാലത്തുതന്നെ എഴുതിത്തുടങ്ങിയ അദ്ദേഹത്തിന്റെ പ്രഥമരചന പ്രത്യക്ഷപ്പെട്ടത് തിരുവനന്തപുരത്തുനിന്ന് പ്രസിദ്ധീകരിച്ചിരുന്ന *കേരള ചന്ദ്രിക*യിലാണ്. കോഴിക്കോട്ടു നിന്നും പുറത്തുവന്ന *കേരളപത്രിക*യിലും സ്ഥിരം ലേഖകനായിരുന്നു. സ്വന്തം പേര് മറച്ചുകൊണ്ടാണ് എഴുതിയതെല്ലാം. വജ്രസൂചി, വജ്രബാഹു, വിദൂഷകൻ, വികടദൂഷകൻ തുടങ്ങിയ തൂലികാനാമങ്ങളിലും എഴുതുമായിരുന്നു. എങ്കിലും കേസരി എന്ന തൂലികാനാമത്തിലാണ് പ്രസിദ്ധി കിട്ടിയത്. മറ്റൊരു കേസരിയും നമുക്കുണ്ടായിരുന്നുവല്ലോ – കേസരി എ. ബാലകൃഷ്ണപിള്ള. കേരള പത്രികയുടെയും കേരള സഞ്ചാരിയുടെയും പത്രാധിപത്യവും വഹിക്കുകയുണ്ടായി.

1861 ൽ പയ്യന്നൂരിനടുത്ത് വെരിഞ്ചല്ലൂർ ഗ്രാമത്തിൽ നായനാർ ജനിച്ചു. പിതാവ് പുളിയമ്പടപ്പ് ഹരിദാസൻ സോമയാജിപ്പാട്. മാതാവ് കുഞ്ഞാക്കമമ്മ. സംസ്കൃതം, ഇംഗ്ലീഷ്, മലയാളഭാഷകളിൽ പ്രാവീണ്യം നേടി. മദ്രാസ് സെയ്ദാപെട്ടിലെ അഗ്രിക്കൾച്ചറൽ കോളേജിൽ കൃഷിശാസ്ത്രം പഠിക്കുകയും തിരികെ നാട്ടിൽവന്ന്, ഗ്രാമത്തിലെ പാടശേഖരത്തിൽ അതു പ്രയോഗിച്ച് വിജയിക്കുകയും ചെയ്തു.

ദേശാഭിമാനിയും സ്വാതന്ത്ര്യമോഹിയുമായിരുന്ന അദ്ദേഹം 1888 ലെ ബോംബെ കോൺഗ്രസ് സമ്മേളനത്തിൽ പങ്കെടുത്തു. മലബാർ ഡിസ്ട്രിക്ട് ബോർഡംഗമായി 1992 ലും 1997 ലും പ്രവർത്തിച്ചു. കർമമേഖലയെ പുഷ്ടിപ്പെടുത്താൻ എന്നും ജാഗ്രത കാണിച്ച പൊതുജനസേവകനായിരുന്നു. 1911 ൽ നിസ്വാർഥസേവനത്തിനുള്ള കീർത്തിമുദ്ര ലഭിച്ചു. 1912 ൽ മദ്രാസ് നിയമസഭയിൽ അംഗമായി. നിയമസഭയിൽ പ്രസംഗിച്ചുകൊണ്ടിരുന്നപ്പോഴാണ് ഹൃദയസ്തംഭനമൂലം കേസരി നിര്യാതനായത് 1914 നവംബർ 14 ന്.

സാഹിത്യരംഗത്തും സാമൂഹികമേഖലയിലും രാഷ്ട്രീയത്തിലും ഒരുപോലെ പ്രകാശിക്കുന്ന അപൂർവം വ്യക്തികളിലൊരാളായിരുന്നു കേസരി വേങ്ങയിൽ കുഞ്ഞിരാമൻ നായർ. കേരളീയരുടെ സ്മൃതിയിൽ ആ നാമം ചിരസ്ഥായി ആയിരിക്കും. ■

# വേങ്ങയിൽ കുഞ്ഞിരാമൻ നായനാർ ദീർഘദർശി : മുല്ലപ്പള്ളി

## പുരസ്കാരം ഏർപ്പെടുത്താൻ നിർദേശം




**കേന്ദ്ര ആഭ്യന്തര സഹമന്ത്രി മുല്ലപ്പള്ളി രാമചന്ദ്രൻ വേങ്ങയിൽ കുഞ്ഞിരാമൻ നായനാർ ജന്മവാർഷികം ഉദ്ഘാടനം ചെയ്യുന്നു**

**ഇ**ൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ മലയാള ചെറുകഥയുടെ പിതാവ് കേസരി വേങ്ങയിൽ കുഞ്ഞിരാമൻ നായനാരുടെ നൂറ്റമ്പതാം ജന്മവാർഷികോത്സവവും-സാഹിത്യോത്സവവും തലശേരിയിൽ നടത്തി.

നായനാർ റോഡിൽ കേസരിയുടെ പഴയ കപ്പരട്ടി ഭവനാങ്കണത്തിൽ കേന്ദ്ര-ആഭ്യന്തര സഹമന്ത്രി മുല്ലപ്പള്ളി രാമചന്ദ്രൻ നൂറ്റൻപതാം വാർഷികം ഉദ്ഘാടനം ചെയ്തു. സംസ്ഥാന ഗ്രാമവികസന-സാംസ്കാരിക മന്ത്രി കെ.സി. ജോസഫ് സാഹിത്യോത്സവ പരിപാടികളുടെ ഉദ്ഘാടനവും നിർവഹിച്ചു.

വിദ്യാഭ്യാസത്തിന്റെയും വിജ്ഞാനത്തിന്റെയും അനന്തമായ മേഖലകളിലേക്ക് കടന്നുചെല്ലാനും അവ ഉപയോഗപ്പെടുത്താനും പരിശ്രമിച്ച ഉന്നതവ്യക്തിത്വമായിരുന്നു കേസരി വേങ്ങയിൽ കുഞ്ഞിരാമൻ നായനാരെന്ന് കേന്ദ്ര ആഭ്യന്തര സഹമന്ത്രി മുല്ലപ്പള്ളി രാമചന്ദ്രൻ ഉദ്ഘാടനപ്രസംഗത്തിൽ പറഞ്ഞു.

ജന്മികളുടെ പ്രതിനിധിയായി മദിരാശി നിയമസഭാംഗമായെങ്കിലും കുടിയാന്മാരുടെ പ്രശ്നങ്ങളെക്കുറിച്ച് ബോധവാനായിരുന്നു കേസരി. സമൂഹത്തിലെ അസമത്വങ്ങൾക്കെതിരെയും കാർഷിക-സാമൂഹിക പ്രശ്നങ്ങൾ മനസ്സിലാക്കിയും അദ്ദേഹം പ്രവർത്തിച്ചു. കേരളത്തിലെ മാർക്സ്വയിൻ എന്ന് ഉള്ളൂർ വിശേഷിപ്പിച്ച കേസരി ആംഗലേയവിദ്യാഭ്യാസത്തിന്റെ പ്രാധാന്യവും അന്നേ മനസ്സിലാക്കിയിരുന്നു.

കേസരി നായനാരുടെ പേരിൽ അവാർഡ് ഏർപ്പെടുത്താൻ സാഹിത്യ അക്കാദമിക്ക് നിർദ്ദേശം നൽകുമെന്ന് മന്ത്രി കെ.സി ജോസഫ് സാഹിത്യോത്സവം ഉദ്ഘാടനം ചെയ്തുകൊണ്ട് പറഞ്ഞു.

പ്രതിപക്ഷ ഉപനേതാവ് കോടിയേരി ബാലകൃഷ്ണൻ ചടങ്ങിൽ അധ്യക്ഷത വഹിച്ചു.

തലശേരി നഗരസഭാ ചെയർപേഴ്സൺ ആമിനാ മാളിയേക്കൽ, എരഞ്ഞോളി പഞ്ചായത്ത് പ്രസിഡണ്ട് രമ്യ. എ.കെ., ചലച്ചിത്ര സംവിധായകൻ മധു കൈതപ്രം, ഫാദർ ജിയോ പുളിക്കൽ, പപ്പൻ ചെറുതാഴം, കേസരി കുടുംബാംഗങ്ങളായ കെ.ടി. തമ്പാൻ മാസ്റ്റർ, ഹരിദാസൻ നായനാർ തുടങ്ങിയവർ പങ്കെടുത്തു സംസാരിച്ചു.

കേസരി സാഹിത്യോത്സവത്തിൽ മലയാള ഭാഷാ പാഠശാല ഡയറക്ടർ ടി.പി. ഭാസ്കര പൊതുവാൾ അധ്യക്ഷത വഹിച്ചു. കേരള പ്രസ് അക്കാദമി ചെയർമാൻ എൻ.പി. രാജേന്ദ്രൻ കേസരിയുടെ പത്രപ്രവർത്തനം സംബന്ധിച്ചും പ്രമുഖ കഥാകൃത്ത് അക്ബർ കക്കട്ടിൽ കേസരിയുടെ കഥാലോകം സംബന്ധിച്ചും സംസ്കൃത സർവകലാശാല പയ്യന്നൂർ പ്രാദേശികകേന്ദ്രം ഡയറക്ടർ ഡോ. ലിസി മാത്യു കേസരിയുടെ പ്രസ്ഥാനങ്ങൾ സംബന്ധിച്ചും പ്രഭാഷണം നടത്തി.

പയ്യന്നൂർ മലയാളഭാഷാ പാഠശാല കേസരി കുടുംബം എന്നിവരുടെ സഹകരണത്തോടെയായിരുന്നു പരിപാടി. 19-ന് വിപുലമായ ചെറുകഥാ ക്യാമ്പുമുണ്ടായിരുന്നു.

***സുഗതൻ ഇ.വി.***
*ജില്ലാ ഇൻഫർമേഷൻ ഓഫീസർ, കണ്ണൂർ*

# ആറളം ഫാമിൽ മെഡിക്കൽ ക്യാമ്പും റാലിയും

**ഇ**ൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ വിദ്യാലയങ്ങളിൽ ബോധവത്കരണത്തിന്റെ ഭാഗമായി കണ്ണൂർ ജില്ലയിൽ വിവിധ വിദ്യാലയങ്ങളിൽ ഗണിതം മധുരം, പരീക്ഷാപ്പേടി എങ്ങിനെ അകറ്റാം, നല്ല രക്ഷിതാവ് നല്ല കുട്ടി, ഇലക്കറികൾ പരിചരണത്തിലൂടെ, കുട്ടികളുടെ അവകാശങ്ങൾ തുട






എലപ്പുള്ളി സബ്സ്റ്റേഷൻ കേന്ദ്ര ഊർജസഹമന്ത്രി ഷിൻഡെ ഉദ്ഘാടനം ചെയ്യുന്നു

# എലപ്പുള്ളി സബ് സ്റ്റേഷൻ രാജ്യത്തിന് സമർപ്പിച്ചു

**കേ**ന്ദ്ര ഊർജമന്ത്രാലയത്തിനു കീഴിലുള്ള പവർഗ്രിഡിന്റെ പാലക്കാട് 400/200 സബ് സ്റ്റേഷൻ കേന്ദ്ര ഊർജ മന്ത്രി സുശീൽ കുമാർ ഷിൻഡേ രാജ്യത്തിനു സമർപ്പിച്ചു. കഞ്ചിക്കോട് വ്യവസായമേഖലയ്ക്ക് സമീപം എലപ്പുള്ളി പാറയിലെ സബ് സ്റ്റേഷനിൽ നടന്ന ചടങ്ങിൽ കേന്ദ്ര ഊർജ സഹമന്ത്രി കെ.സി.വേണുഗോപാൽ അധ്യക്ഷത വഹിച്ചു. സംസ്ഥാന വൈദ്യുതിമന്ത്രി ആര്യാടൻ മുഹമ്മദ്, കേന്ദ്ര ഊർജ്ജ സെക്രട്ടറി പി. ഉമാശങ്കർ, മറ്റ് ജനപ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു.

നിലവിൽ കേന്ദ്രപൂളിൽനിന്നും 1300 മെഗാവാട്ട് വരെ വൈദ്യുതി സ്വീകരിക്കുവാനുള്ള ശേഷിയാണ് സംസ്ഥാനത്തെ പ്രസരണസംവിധാനത്തിനുള്ളത്. പാലക്കാട് സബ് സ്റ്റേഷൻ പ്രവർത്തിച്ചു തുടങ്ങുന്നതോടെ ഇത് 1600 മെഗാവാട്ട് കടക്കും. സംസ്ഥാനത്തു തന്നെ ഏറ്റവും കൂടുതൽ ഊർജാവശ്യങ്ങളുള്ള വ്യവസായമേഖലകളിൽ ഒന്നാണ് പാലക്കാട്ടേത്. ഈ സബ് സ്റ്റേഷൻ പ്രവർത്തനസജ്ജമാകുന്ന മേഖലയുടെ വ്യവസായ പുരോഗതിക്ക് ആക്കം കൂട്ടും. വടക്കൻ കേരളത്തിൽ ഇപ്പോൾ നേരിടുന്ന വോൾട്ടേജ് ക്ഷാമം സബ് സ്റ്റേഷൻ പ്രവർത്തിച്ചു തുടങ്ങുന്നതോടെ ഇല്ലാതാകുമെന്നതാണ് പദ്ധതിയുടെ മറ്റൊരു നേട്ടം.

50 ശതമാനത്തോളം ഊർജാവശ്യങ്ങൾക്കും അന്യസംസ്ഥാനങ്ങളിൽനിന്നു വരുന്ന വൈദ്യുതിയെ ആശ്രയിക്കുന്ന സംസ്ഥാനമാണ് കേരളം. നിലവിൽ ഒറീസ, ആന്ധ്ര, കർണാടക, തമിഴ്നാട് എന്നിവിടങ്ങളിൽനിന്ന് കേരളത്തിലേക്ക് വരുന്ന വൈദ്യുതി കർണ്ണാടകയിലെ കോലാറിലെത്തിക്കുന്നു. അവിടെ നിന്ന് സേലം വഴി ഉദുമൽ പേട്ടയിലൂടെ തൃശൂരിൽ എത്തിക്കുകയാണ് ചെയ്യുന്നത്. മറ്റൊരു സബ് സ്റ്റേഷൻ പ്രവർത്തിക്കുന്നത് തിരുവനന്തപുരത്താണ്. സംസ്ഥാനത്തിന്റെ ഊർജ്ജാവശ്യത്തിലുണ്ടായ വൻ വർധനയുടെ പശ്ചാത്തലത്തിലാണ് ഈ വൈദ്യുതി വിതരണശൃംഖല പരിഷ്കരിച്ചത്. വരും വർഷങ്ങളിൽ കമ്മിഷൻ ചെയ്യപ്പെടുന്ന അന്യസംസ്ഥാന പദ്ധതികളിൽ നിന്ന് കേരളത്തിലേക്ക് കൂടുതലായി വൈദ്യുതി എത്തിക്കുന്നതിനുള്ള തയാറെടുപ്പും ആവശ്യമാണ്. ഇതിനുള്ള നടപടിയായാണ് പാലക്കാട്ട് പുതിയ സബ് സ്റ്റേഷൻ നിർമിക്കാൻ തീരുമാനിച്ചത്. 200 കോടി രൂപ ചെലവിട്ട് കേന്ദ്ര ഊർജ്ജമന്ത്രാലയത്തിനു കീഴിലുള്ള പവർ ഗ്രിഡാണ് ഈ സബ് സ്റ്റേഷൻ നിർമിച്ചത്. സ്ഥലമേറ്റെടുത്ത് 15 മാസത്തിനുള്ളിൽ പദ്ധതി പൂർത്തിയാക്കാനായെന്ന റിക്കാർഡും ഈ പദ്ധതിക്ക് സ്വന്തം. നിർമാണപുരോഗതി കേന്ദ്ര ഊർജ സഹമന്ത്രി കെ.സി. വേണുഗോപാൽ നേരിട്ട് വിവിധ ഘട്ടങ്ങളിൽ വിലയിരുത്തിയിരുന്നു. കേരളത്തിലേക്ക് കൂടുതൽ വൈദ്യുതി അന്യസംസ്ഥാന പദ്ധതികളിൽനിന്ന് എത്തിക്കേണ്ടത് അത്യന്താപേക്ഷിതമായതിനാൽ സമയബന്ധിതമായി പദ്ധതി പൂർത്തിയാക്കണമെന്ന് കർശന നിർദേശവും മന്ത്രി നൽകിയിരുന്നു.

സംസ്ഥാനത്തെ ഊർജോത്പാദനത്തിന്റെ 85 ശതമാനവും തെക്കൻ ജില്ലകളിലാണ് നടക്കുന്നത്. അതേസമയം വടക്കൻ കേരളത്തിന്റെ മാത്രം ദൈനംദിന ഊർജാവശ്യം ഏകദേശം 1200 മെഗാവാട്ടാണ്. നിലവിൽ തെക്കു നിന്ന് വടക്കോട്ടുള്ള വൈദ്യുത പ്രസരണത്തിൽ ഏതെങ്കിലും ചെറിയ തകരാറുണ്ടായാൽ അത് വടക്കൻ കേരളത്തെയാണ് കൂടുതൽ ബാധിക്കുന്നത്. ഈ സബ് സ്റ്റേഷന്റെ വരവോടെ ഇത്തരം സാഹചര്യങ്ങളിൽ കേന്ദ്ര വൈദ്യുതി കൂടുതലായി വടക്കൻ കേരളത്തിലെത്തിച്ച് പ്രശ്നം പരിഹരിക്കാനാകുമെന്നതും പുതിയ സബ്സ്റ്റേഷനെ ശ്രദ്ധേയമാക്കുന്നു.

*ടി.സി.ജോസഫ്*
*ജില്ലാ ഇൻഫർമേഷൻ ഓഫീസർ, പാലക്കാട്.*

ങ്ങിയ വിഷയങ്ങളിൽ സെമിനാറും ക്ലാസ്സും ഡോക്യുമെന്ററി പ്രദർശനവും നടന്നു. ഗണിതശാസ്ത്ര ഗ്രന്ഥകർത്താവും കണ്ണൂർ സയൻസ് പാർക്ക് ഡയറക്ടറുമായ പള്ളിയറ ശ്രീധരൻ, പ്രമുഖ സൈക്കോളജിസ്റ്റുകളായ ഡോ. ഇ.ഡി. ജോസഫ്, ഡോ. എസ്.എൽ.പി. ഉമർ ഫാറൂഖ് തുടങ്ങി വിവിധ വ്യക്തികൾ ക്ലാസ്സെടുത്തു.

ആറളം ഫാമിൽ ആറളം ഗവ. ഹൈസ്കൂളിന്റെ നേതൃത്വത്തിൽ മെഡിക്കൽ ക്യാമ്പും ബോധവത്കരണ റാലിയും നടത്തി. കീഴ്പ്പള്ളി പ്രാഥമികാരോഗ്യകേന്ദ്രത്തിലെ ഡോ. ഫെബിൻ ജോൺ മെഡിക്കൽ ക്യാമ്പിൽ പരിശോധനയും വിശദീകരണവും നടത്തി. ജില്ലാ ഇൻഫർമേഷൻ ഓഫീസർ സുഗതൻ ഇ.വി., ഹെഡ്മാസ്റ്റർ എ.കെ. ഗംഗാധരൻ, ഹെൽത്ത് ഇൻസ്പെക്ടർ എം. രാജീവൻ, പി.ടി.എ. പ്രസിഡണ്ട് രാജൻ, മദർ പി.ടി.എ. പ്രസിഡണ്ട് ബിന്ദു മോഹൻ, ജെ.എച്ച്.ഐ. കെ.എം. മാണി എന്നിവർ പങ്കെടുത്തു.

തുടർന്ന് കീഴ്പ്പള്ളി ടൗണിൽനിന്നും ആറളം കോളനി വരെ വിദ്യാർഥികളും അധ്യാപകരും ജനപ്രതിനിധികളും പങ്കെടുത്ത പ്ലക്കാർഡുകളേന്തിയ ബോധവത്കരണ റാലിയും നടന്നു. മുൻ ജില്ലാ പഞ്ചായത്ത് മെമ്പർ വത്സൻ അത്തിക്കൽ, എം.ഒ. പവിത്രൻ, കെ.എൻ. വേണു, പ്രേമരാജൻ മണ്ടൂർ തുടങ്ങിയവർ നേതൃത്വം നൽകി.

*സുഗതൻ ഇ.വി.*
*ജില്ലാ ഇൻഫർമേഷൻ ഓഫീസർ, കണ്ണൂർ*

# പൊതുമരാമത്ത് വകുപ്പിൽ ഇനി ഇ ടെൻഡറിങ്



ഇ ടെൻഡറിന്റെ ഉദ്ഘാടനം കേന്ദ്രമന്ത്രി പ്രൊഫ. കെ.വി. തോമസ് നിർവഹിക്കുന്നു

**പൊ**തുമരാമത്ത് വകുപ്പിലെ ചട്ടങ്ങളും നടപടിക്രമങ്ങളും സംസ്ഥാനത്തിന്റെ സാഹചര്യങ്ങൾക്കിണങ്ങിയ രീതിയിൽ കാലോചിതമായി പരിഷ്കരിക്കുമെന്ന് മന്ത്രി വി.കെ. ഇബ്രാഹിംകുഞ്ഞ് പറഞ്ഞു. പി.ഡബ്ല്യൂ.ഡി മാനുവൽ പരിഷ്കരണം പൂർത്തിയാക്കിയതിനു പിന്നാലെ കോഡ്, ഡാറ്റാ ബുക്ക് എന്നിവ പരിഷ്കരിക്കുന്നതിനുള്ള നടപടികളും സർക്കാർ സ്വീകരിച്ചു കഴിഞ്ഞതായി മന്ത്രി അറിയിച്ചു.

പൊതുമരാമത്ത് വകുപ്പിൽ പ്രീ ക്വാളിഫിക്കേഷൻ വിഭാഗത്തിൽ സമ്പൂർണ ഇ ടെൻഡറിങ് നടപ്പാക്കുന്നതിനായി കൊച്ചിയിൽ സംഘടിപ്പിച്ച ഉദ്ഘാടനച്ചടങ്ങിൽ അധ്യക്ഷത വഹിക്കുകയായിരുന്നു മന്ത്രി.

അഴിമതിരഹിതഭരണമെന്ന ലക്ഷ്യത്തിലേക്കുള്ള വലിയൊരു ചുവടുവയ്പാണ് ഇ ടെൻഡറിങ്. ടെൻഡറിങ് നടപടികൾ കൂടുതൽ കാര്യക്ഷമതയോടെ വേഗത്തിൽ പൂർത്തിയാക്കാൻ ഈ സംവിധാനം വഴിയൊരുക്കും. കരാറുകാർക്ക് വെബ്സൈറ്റിൽ നിന്നും ടെൻഡർ രേഖകൾ വായിക്കാനും ടെൻഡറിങ്ങിൽ പങ്കെടുക്കാനും കഴിയും. ടെൻഡറുകളിൽ കൂടുതൽ മത്സരക്ഷമത ഉറപ്പു വരുത്താനും ഇതുവഴി കഴിയുമെന്ന് മന്ത്രി ചൂണ്ടിക്കാട്ടി.

സമ്പൂർണ ഇ ടെൻഡറിങ് നടപ്പാക്കിയ സാഹചര്യത്തിൽ റോഡ്സ് ആൻഡ് ബ്രിഡ്ജസ്, ബിൽഡിങ്സ്, നാഷണൽ ഹൈവെ എന്നിവയുടെ പ്രീ ക്വാളിഫിക്കേഷൻ വിഭാഗത്തിൽ വരുന്ന എല്ലാ ടെൻഡറുകളും പ്രസിദ്ധീകരിക്കുന്നതും സ്വീകരിക്കുന്നതും സർക്കാരിന്റെ ഇ ടെൻഡറിങ് വെബ്സൈറ്റ് വഴി ആയിരിക്കും. പ്രീ ക്വാളിഫിക്കേഷനു പിന്നാലെ മറ്റു ജോലികൾക്കും ഇ ടെൻഡറിങ് ഉടനെ നടപ്പാക്കുമെന്ന് മന്ത്രി പറഞ്ഞു. അതിവേഗത്തിൽ മുന്നോട്ടു കുതിക്കുന്ന സാങ്കേതിക വിദ്യയ്ക്കൊപ്പമെത്താൻ കേരളത്തിന് കഴിയുന്നില്ലെന്ന് സമ്പൂർണ ഇ ടെൻഡറിങ് ഉദ്ഘാടനം ചെയ്ത കേന്ദ്രമന്ത്രി പ്രൊഫ. കെ.വി. തോമസ് പറഞ്ഞു.

മേയർ ടോണി ചമ്മിണി, എം.എൽ.എമാരായ ഹൈബി ഈഡൻ, ഡൊമിനിക് പ്രസന്റേഷൻ, അൻവർ സാദത്ത്, ജില്ലാ കളക്ടർ പി.ഐ. ഷെയ്ക്ക് പരീത്, പൊതുമരാമത്ത് സെക്രട്ടറി മനോജ് ജോഷി, ചീഫ് എൻജിനീയർ ടി. ബാബുരാജ്, ദേശീയപാത വിഭാഗം ചീഫ് എൻജിനീയർ കെ. ജോസഫ് മാത്യു, കെട്ടിടവിഭാഗം ചീഫ് എൻജിനീയർ പി.കെ. സതീശൻ, എൻ.ഐ.സി കേരള ഡയറക്ടർ ഡോ. കെ. സന്താനരാമൻ, കരാറുകാരുടെ സംഘടനാപ്രതിനിധികളായ വർഗീസ് കണ്ണമ്പിള്ളി, കെ.എ. അബ്ദുള്ള, കെ.വി. ജോർജ്, പൊതുമരാമത്ത് സൂപ്രണ്ടിങ് എൻജിനീയർ എസ്. ഹുമയൂൺ എന്നിവർ പങ്കെടുത്തു.

*നിജാസ് ജുവൽ*
*അസി. ഇൻഫർമേഷൻ ഓഫീസർ, എറണാകുളം*

# കലാമണ്ഡലം : വികസനത്തിന് 10.75 കോടി

**ക**ലാമണ്ഡലത്തിന്റെ വികസനപ്രവർത്തനങ്ങൾക്ക് അടുത്ത സാമ്പത്തികവർഷം 10.75 കോടി രൂപ ചെലവഴിക്കുമെന്ന് മന്ത്രി കെ. സി. ജോസഫ് പ്രസ്താവിച്ചു. കലാമണ്ഡലത്തിന്റെ പ്രവർത്തനം വിപുലീകരിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ പ്രധാന കേന്ദ്രങ്ങളിൽ സബ്സെന്ററുകൾ തുടങ്ങുമെന്നും മന്ത്രി പറഞ്ഞു. ചെറുതുരുത്തി കലാമണ്ഡലം കൂത്തമ്പലത്തിൽ സംസ്ഥാന കലാപുരസ്കാരസമർപ്പണം നടത്തി സംസാരിക്കുകയായിരുന്നു അദ്ദേഹം .

ഓഗസ്റ്റ് മാസം കേരള കലാമണ്ഡലത്തിന്റെ ആഭിമുഖ്യത്തിൽ ഡൽഹിയിൽ ഒരാഴ്ച നീണ്ടു നിൽക്കുന്ന സാംസ്കാരികോത്സവം സംഘടിപ്പിക്കും. കലാമണ്ഡലത്തിലെ പട്ടികജാതി – പട്ടിക വർഗ വിദ്യാർഥികളുടെ സ്റ്റൈപ്പൻഡ് 750 രൂപയിൽ നിന്ന് 1500 രൂപയായി ഉയർത്തി. അടുത്ത സാമ്പത്തികവർഷം എല്ലാ വിദ്യാർഥികളുടെയും സ്റ്റൈപ്പൻഡ് 1500 രൂപയായി ഉയർത്തുമെന്നും മന്ത്രി കെ. സി. ജോസഫ് പറഞ്ഞു. പ്രധാന മന്ത്രിയുടെ അടുത്ത കേരള സന്ദർശനവേളയിൽ കലാമണ്ഡലം സന്ദർശിക്കുമെന്നും മന്ത്രി കൂട്ടിചേർത്തു. കലാമണ്ഡലത്തിൽ യു.ജി.സി. ശമ്പള പരിഷ്കരണം നടപ്പാക്കി . കൂടുതൽ അധ്യാപകരെ യു.ജി.സിയുടെ പരിധിയിൽ കൊണ്ടു വരുന്നതിനും സർവകലാശാല ആയതിനു ശേഷം റിട്ടയർ ചെയ്തവർക്കും ഈ ആനുകൂല്യം ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കും .

അഡ്മിനിസ്ട്രേറ്റീവ് സ്റ്റാഫുകളുടെ തസ്തിക സർവകലാശാലയുടെ സമാനമായ തസ്തികകളിലേക്ക് പുനർ നിർണയിച്ചു കഴിഞ്ഞു. ഇവർക്ക് അർഹമായ ശമ്പള സ്കെയിൽ നൽകുന്നതിനും കൂടുതൽ തസ്തികകൾ സൃഷ്ടിക്കുന്നതിനും സർക്കാർ അടിയന്തരനടപടി സ്വീകരിക്കുമെന്നും അദ്ദേഹം അറിയിച്ചു.

യു.ജി.സിയുടെ ആറാം ശമ്പള പരിഷ്കരണം നടപ്പിലാക്കുന്നതിനും നിലവിലുള്ള എല്ലാവരെയും യു.ജി.സിയുടെ പരിധിയിൽ കൊണ്ടുവരുന്നതിനും ആവശ്യമായ പ്രോപ്പോസലുകൾ സമർപ്പിക്കുവാൻ വൈസ് ചാൻസലറോട് ആവശ്യപ്പെട്ടിട്ടുണ്ട്. കെ. രാധാകൃഷ്ണൻ എം.എൽ.എ. അധ്യക്ഷത വഹിച്ചു. വൈസ് ചാൻസലർ പി.എൻ. സുരേഷ് സ്വാഗതം പറഞ്ഞു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ.വി. ദാസൻ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് അജിത സതീഷ്, ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എം.സുലൈമാൻ, മടവൂർ വാസുദേവൻ നായർ, പി. നിർമല ദേവി, മായ ഉദയൻ, വാസന്തി മേനോൻ എന്നിവർ പ്രസംഗിച്ചു.

# സ്വാഭിമാൻ മൂന്നാം വർഷത്തിലേക്ക്

'സർ, എനിക്ക് ഉറക്കം നഷ്ടപ്പെട്ടിട്ട് മാസങ്ങളായി. പറമ്പിൽ തെങ്ങു കയറാൻ ആളെ കിട്ടാത്തതാണ് എന്നെ അലട്ടുന്ന പ്രശ്നം. പതിവായി ഇതുവഴി നടന്നുപോകുന്ന കുട്ടികളുടെ തലയിൽ തേങ്ങ വീഴുമെന്ന് പേടിച്ച് ഉറങ്ങാനാവുന്നില്ല. എന്നെ സഹായിക്കണം'

രണ്ടു വർഷം മുമ്പ് കോഴിക്കോട് ജില്ലാ കളക്ടർ ഡോ.പി.ബി സലീമിന് കിട്ടിയ നിവേദനങ്ങളിലൊന്നായിരുന്നു ഇത്. ഈ സങ്കടഹർജിയിൽ നിന്നാണ് മാതൃകാ പദ്ധതിയായ സ്വാഭിമാന്റെ പിറവി.

പരമ്പരാഗത തൊഴിലുകൾക്ക് കോഴിക്കോട് ജില്ലയിൽ വിദഗ്ധ തൊഴിലാളികളെ കിട്ടാതിരിക്കുകയും എന്നാൽ യുവജനങ്ങൾക്കിടയിൽ തൊഴിലില്ലായ്മ രൂക്ഷമാകുകയും ചെയ്ത സാഹചര്യത്തിലാണ് ജില്ലാ ഭരണകൂടം സ്വാഭിമാൻ പദ്ധതിക്ക് രൂപം നൽകിയത്. മൂന്നാം വർഷത്തിലേക്ക് പ്രവേശിക്കുമ്പോൾ സ്വാഭിമാൻ സോഷ്യൽ സർവ്വീസ് & ചാരിറ്റബിൾ സൊസൈറ്റിയായി ജില്ലയിൽ പ്രവർത്തനം വിപുലപ്പെടുത്തിയിട്ടുണ്ട്.

ഡോ. പി.ബി. സലീം സ്ഥാപക രക്ഷാധികാരിയും ജില്ലാ കളക്ടർ ചെയർമാനുമായി 15 അംഗങ്ങൾ ഉൾപ്പെടുന്നതാണ് സൊസൈറ്റി ഭരണസമിതി. നിലവിൽ 130 തൊഴിലാളികളാണ് സ്വാഭിമാനിൽ അംഗങ്ങളായിട്ടുള്ളത്. കൂടുതൽ തൊഴിലാളികൾക്ക് ഉടൻ പരിശീലനം നൽകുമെന്ന് കോ-ഓർഡിനേറ്റർ പി. ചന്ദ്രശേഖരൻ പറഞ്ഞു.

പ്ലംബിങ്, ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ്, തെങ്ങുകയറ്റം മരപ്പണി പോലുള്ള മേഖലകളിൽ വിദഗ്ധതൊഴിലാളികളെ സംഘടിപ്പിക്കുന്നതിന് ജില്ലാ കളക്ടർ ഡോ. പി.ബി സലീം സ്ഥാനമേറ്റയുടൻ രൂപം കൊടുത്ത ആശയമാണ് സ്വാഭിമാൻ-സർവീസ് ഓൺ കോൾ പദ്ധതി. തൊഴിൽരഹിതർക്ക് വിദഗ്ധ പരിശീലനം നൽകി ഒരു ഫോൺ കോളിലൂടെ സേവനം ലഭ്യമാക്കുന്ന പദ്ധതിയാണിത്. കോഴിക്കോട് കോർപ്പറേഷൻ പരിധിയിൽ മാത്രം നിലവിലുള്ള ഈ സേവനം ജില്ലയുടെ മറ്റു ദേശങ്ങളിലേക്കും വ്യാപിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. തൊഴിലാളികൾക്ക് ലഭിക്കുന്ന കൂലിയുടെ അഞ്ചു ശതമാനം സേവനവിഹിതം ഉപയോഗിച്ചാണ് സ്വാഭിമാൻ പ്രവർത്തി ക്കുന്നത്.

വടകര നഗരസഭയിലും കൊടുവള്ളി ഗ്രാമപഞ്ചായത്തിലും സ്വാഭിമാൻ പ്രവർത്തനങ്ങൾ പ്രാരംഭഘട്ടത്തിലാണ്. 2010 ജനുവരി 10 ന് വ്യവസായ മന്ത്രിയായിരുന്ന എളമരം കരീമായിരുന്നു സ്വാഭിമാൻ ഉദ്ഘാടനം ചെയ്തത്. പദ്ധതിയുടെ പ്രാരംഭപ്രവർത്തനങ്ങൾക്ക് ഒരു ലക്ഷം രൂപയും അനുവദിച്ചിരുന്നു.

കോഴിക്കോട് പാരിഷ് ഹാളിൽ നടന്ന രണ്ടാം വാർഷികാഘോഷത്തിൽ പങ്കെടുത്ത സ്വാഭിമാൻ പ്രവർത്തകരും കുടുംബാംഗങ്ങളും ദുരിതക്കയത്തിൽ നിന്ന് ജീവിതം വീണ്ടെടുത്തതിന്റെ സന്തോഷത്തിലായിരുന്നു. സ്വാഭിമാന്റെ ചെയർമാൻ ഡോ. പി.ബി. സലീമിന്റെ അധ്യക്ഷതയിൽ നടന്ന ചടങ്ങ് എ. പ്രദീപ്കുമാർ എം.എൽ.എ ഉദ്ഘാടനം ചെയ്തു. വടകര സ്വാഭിമാൻ പദ്ധതിയുടെ പ്രഖ്യാപനവും അദ്ദേഹം നിർവഹിച്ചു. മുൻ വനം മന്ത്രി ബിനോയ് വിശ്വം യൂണിഫോം വിതരണം ചെയ്തു. കോഴിക്കോട് അസി. കലക്ടർ ടി.വി. അനുപമ, സ്വാഭിമാൻ കോ-ഓർഡിനേറ്റർ പി. ചന്ദ്രശേഖരൻ, ഐ.വി. ശശാങ്കൻ എന്നിവർ സംസാരിച്ചു.

ഫോൺ: 0495-2372666, 9446460600. ഇ.മെയിൽ: www.swabhiman.nic.in

*എം. മധുസൂദനൻ*
*അസി. ഇൻഫർമേഷൻ ഓഫീസർ, കോഴിക്കോട്.*



**മന്ത്രി കെ.സി. ജോസഫ് മാത്തൂർ ഗോവിന്ദൻകുട്ടിക്ക് കഥകളി പുരസ്കാരം നൽകുന്നു**

ഒരു ലക്ഷം രൂപയും പ്രശസ്തിപത്രവും അടങ്ങിയ പുരസ്കാരം മാത്തൂർ ഗോവിന്ദൻ കുട്ടി, പള്ളം മാധവൻ, കിടങ്ങൂർ രാമ ചാക്യാർ, തൃക്കൂർ രാജൻ എന്നിവർ മന്ത്രിയിൽ നിന്ന് ഏറ്റുവാങ്ങി. കെ. സുന്ദരേശൻ നന്ദി പറഞ്ഞു.

*എം.എസ്. അലിക്കുഞ്ഞ്,*
*ജില്ലാ ഇൻഫർമേഷൻ ഓഫീസർ, തൃശൂർ.*

യാത്ര

■ ഉണ്ണികൃഷ്ണൻ ഉളിയക്കോവിൽ

യാത്രാവിവരണം

# ദേവഭൂമി ഉത്തരാഞ്ചൽ

3

## മസൂറി

മസൂറിയിലെത്തിയപ്പോൾ പത്തു മണി കഴിഞ്ഞിരുന്നു. മസൂറി ലൈബ്രറി റോഡിലെ ഹോട്ടൽ വിഷ്ണുപാലസ്.

കഠിനമായ തണുപ്പിനെ വെല്ലുവിളിച്ച് തലയുറകളും കയ്യുറകളും ധരിച്ച് ബ്ലാങ്കെറ്റും പുതച്ച് ഞങ്ങളിൽ ചിലർ മാൾറോഡിൽ പോയി.

വഴിവക്കിൽക്കണ്ട ചായക്കടയിൽനിന്നും ചായകുടിച്ചപ്പോൾ ടൂറിസ്റ്റുകളെ ചൂഷണം ചെയ്യുന്ന കച്ചവടക്കാരുടെ രീതി നേരിട്ടനുഭവിക്കാൻ കഴിഞ്ഞു. ഒരു ചായയ്ക്ക് 15 രൂപ!

സന്ദർശകരോട് സഹാനുഭൂതിയും സ്നേഹവും പ്രകടിപ്പിക്കുന്ന നല്ല മനുഷ്യരുടെ നാടാണ് ഉത്തരാഞ്ചൽ. എങ്കിലും ടൂറിസത്തിനു പേരുകേട്ട സ്ഥലങ്ങളിൽ ചൂഷണം കുറവല്ല. തീർഥാടനകേന്ദ്രങ്ങളിലേക്കുള്ള യാത്രയിൽ സ്ഥിതി തികച്ചും വ്യത്യസ്തമാണ്. സാധു സന്യാസിമാർ യാതൊരു കരുതലും കൂടാതെ യാത്രചെയ്യുന്നതു കാണാൻ കഴിയും. അവർക്ക് കിടക്കാൻ സ്ഥലവും വിശക്കുമ്പോൾ ഭക്ഷണവും എവിടെയും ലഭിക്കും. ഇവിടത്തെ ഗ്രാമീണ ജനത നിഷ്കളങ്കരും സേവനതത്പരരുമാണ്.




രാത്രിയിലെ താപനില നാലു ഡിഗ്രി സെൽഷ്യസിലും താഴെയായിരുന്നു. മഴ പെയ്യുന്നതുപോലെ കട്ടിയായി മഞ്ഞുപൊഴിയുന്നുണ്ടായിരുന്നു. കയ്യുറയും കാലുറയും ധരിച്ചതിനുശേഷം ഒന്നിനുമീതെ ഒന്നായി കമ്പിളികൾപുതച്ചിട്ടും ശരീരം കിടുകിടാ വിറച്ചുതുടങ്ങി.

ടൂറിസത്തിന് ഏറെ പ്രാധാന്യമുള്ള ഹിൽസ്റ്റേഷനാണ് മസൂറി. അനന്യമായ സൗന്ദര്യം കവിഞ്ഞൊഴുകുന്ന ഈ മാന്ത്രികപ്രദേശത്തിന് 64 ച.കി. മീറ്റർ വിസ്തീർണമുണ്ട്. സമുദ്രനിരപ്പിൽനിന്നും രണ്ടായിരം മീറ്ററിലധികം ഉയരത്തിൽ സ്ഥിതിചെയ്യുന്ന മസൂറിയിൽ നാഗരികതയുടെ വഴിമരുന്നിട്ടത് ബ്രിട്ടീഷുകാരാണ്. വന്യജീവികളും വെള്ളച്ചാട്ടങ്ങളും വളഞ്ഞുപുളഞ്ഞ റോഡുകളും ഇടതൂർന്ന മരങ്ങൾക്കിടയിൽ നിരയായിക്കാണുന്ന ശില്പഭംഗിയുള്ള കെട്ടിടങ്ങളും വർണപ്പൂക്കളും ഓറഞ്ചുമരങ്ങളും ഒക്കെ ചേർന്ന് മസൂറിയെ പ്രകൃതിരമണീയമാക്കുന്നു. ഇന്ത്യൻ അഡ്മിനിസ്ട്രേറ്റീവ് അക്കാദമിപോലുള്ള പ്രധാനപ്പെട്ട പല സ്ഥാപനങ്ങളും ഈ പ്രദേശത്തുണ്ട്.

മാർച്ച് ഒന്നിന്റെ പ്രഭാതം. കട്ടിപ്പുകപോലെ മഞ്ഞു പറന്നുനടക്കുന്ന നിരത്ത്. വെള്ളി ഉരുക്കിയൊഴിച്ചതുപോലെ തിളങ്ങുന്ന മഞ്ഞണിഞ്ഞ പർവതനിരകൾ ഡൂൺ താഴ്വരയെ ഹൃദ്യമാക്കുന്നു. മസൂറി - യമുനോത്രി പാതയിലെ കെംപ്ടി ഫാൾസ് എന്ന വെള്ളച്ചാട്ടം കാണുകയെന്നതായിരുന്നു ആദ്യപരിപാടി. മസൂറിൽനിന്നും 14 കിലോമീറ്റർ അകലെയാണ് ഈ വെള്ളച്ചാട്ടം. മസൂറിലെത്തുന്ന 90% സഞ്ചാരികളും ഇവിടം സന്ദർശിക്കാറുണ്ട്. കെംപ്ടി എന്ന പേരിലുള്ള ഗ്രാമത്തിന്റെ സാമീപ്യമാണ് വെള്ളച്ചാട്ടത്തിന് ആ പേരു ലഭിക്കാൻ കാരണം. അനേകം തട്ടുകളിലായി പതഞ്ഞുവരുന്ന ഈ അപൂർവചാരുതയുള്ള ജലപാതത്തിന്റെ ഓരോ തട്ടിലും കുളിക്കാമെന്നതാണ് ഏറ്റവും വലിയ ആകർഷണീയത.

മസൂറിയിലെ അടുത്ത ആകർഷണകേന്ദ്രം ഗൺഹില്ലാണ്. മസൂറിയിലെ രണ്ടാമത്തെ വലിയമലയാണ് ഗൺഹിൽ. ബ്രിട്ടീഷ് ഭരണകാലത്ത് നിത്യേന ഉച്ചയ്ക്ക് കൃത്യം പന്ത്രണ്ടു മണിക്ക് ഈ മലയിൽനിന്നും ഒരു വെടിയുതിർക്കുക പതിവായിരുന്നുവത്രേ. ആളുകൾ അവരുടെ വാച്ചുകളിലെ സമയം കറക്ടു ചെയ്യാൻ ഈ വെടിയൊച്ചയ്ക്ക് കാതോർത്തിരിക്കുമായിരുന്നു. 1919 ൽ ഈ

സമ്പ്രദായം അവസാനിപ്പിച്ചു. ടൗണിൽനിന്നും വാൾ റോഡിലൂടെ ഒരു കിലോമീറ്റർ ദൂരം നടന്നാണ് ഞങ്ങൾ ഗൺ ഹില്ലിനു താഴെയെത്തിയത്. വഴിയിൽ ഇരുവശത്തും നിരനിരയായിക്കെട്ടിയ ചെറിയ സ്റ്റാളുകളിൽ വിദേശസാധനങ്ങൾ കച്ചവടം ചെയ്യുന്ന നേപ്പാളികൾ. റോപ് വേയിലൂടെ 400 മീറ്റർ സഞ്ചരിച്ചുവേണം ഗൺ ഹില്ലിൽ ഇറങ്ങാൻ. മലമുകളിലെ ഒരു ചെറിയ മൈതാനമാണിത്. ചുറ്റും അനേകം കടകൾ. ഇവിടെ നിന്നുമുള്ള മസൂറി-ഡൂൺകാഴ്ച നയനാനന്ദകരമാണ്. അവിടത്തെ പരമ്പരാഗതവേഷമണിഞ്ഞ് ഞങ്ങളിൽ ചിലർ ക്യാമറയ്ക്കു പോസ് ചെയ്തു.

ഗൺ ഹില്ലിനുതാഴെയുള്ള റോഡ് ഒട്ടകത്തിന്റെ മുതുകുപോലെ വളഞ്ഞതാണ്. ഈ റോഡിന്റെ വശങ്ങളിൽ ദേവതാരുമരങ്ങൾ അതിരിട്ടുനിൽക്കുന്ന അലൗകിക കാഴ്ച കാണേണ്ടതുതന്നെയാണ്. ഹിമാലയ പർവതനിരകളിലെ ഗഢ്വാൾഭാഗത്തിന്റെ വശ്യത ഇവിടെ നിഴലിട്ടുകാണാം.

മുനിസിപ്പൽ ഗാർഡനിലെ കുട്ടികളുടെ പാർക്ക്, ചെറിയ തടാകത്തിലെയും ഡൂൺ താഴ്‌വരയിലെ ജിൽ തടാകത്തിലെയും ബോട്ടിങ് എന്നിവ സഞ്ചാരികളെ ആകർഷിക്കുന്നു. ഉച്ചഭക്ഷണത്തിനുശേഷം മസൂറിയോട് യാത്രപറഞ്ഞ് ഡെറാഡൂണിലേക്കു തിരിച്ചു.

# ഡെറാഡൂൺ

ശിവാലിക് പർവതനിരകളുടെ താഴ്‌വരയിൽ കിഴക്ക് ഗംഗയും പടിഞ്ഞാറ് യമുനയും അതിരിട്ടുനിൽക്കുന്ന 1880 ച.കി.മീറ്റർ വിസ്തീർണമുള്ള ഡെറാഡൂൺ ജില്ല ഉത്തരാഞ്ചൽ സംസ്ഥാനത്തിന്റെ തലസ്ഥാനമാണ്. വലിയ മലകളുടെ അടിത്തട്ടിൽ സ്ഥിതിചെയ്യുന്ന ഒരു ചെറിയ നഗരം.

ഇന്ത്യൻ മിലിട്ടറി അക്കാദമി, വൈൽഡ് ലൈഫ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യ, ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങിയ നമ്മുടെ അഭിമാനമായ സ്ഥാപനങ്ങൾ ഇവിടെയാണ് സ്ഥിതിചെയ്യുന്നത്. 1982 ൽ സ്ഥാപിതമായ വൈൽഡ് ലൈഫ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യ ലോകത്തിലെ രണ്ടാമത്തെ വന്യമൃഗ ഗവേഷണസ്ഥാപനമാണ്. ഇന്ത്യയിലെ വിവിധ ഭാഗങ്ങളിലെ സസ്യ-ജന്തുവൈവിധ്യത്തെ വിശകലനംചെയ്ത് ഓരോ ജീവിയുടെയും ജൈവ സവിശേഷതകൾ ഇവിടെ രേഖപ്പെടുത്തിവച്ചിട്ടുണ്ട്. ജന്തുക്കളുടെ രോമം മുതൽ ഡി.എൻ.എ വരെ പരിശോധിച്ച് ഏതു ജീവിയാണെന്നും ഏതു പ്രദേശത്ത് കാണുന്നവയാണെന്നും ഏത് കാലത്ത് ജീവിച്ചിരുന്നവയാണെന്നും തെളിയിക്കുവാൻ ഇവിടെ സംവിധാനമുണ്ട്. വനം-പരിസ്ഥിതിസംരക്ഷണത്തിന് റിമോട്ട് സെൻസിങ് സംവിധാനമുപയോഗിക്കുന്ന ലോകത്തിലെ ഏറ്റവും മികച്ച സ്ഥാപനങ്ങളിലൊന്നാണിത്.

രാജ്യത്തെയും വിദേശത്തെയും അൻപതിലധികം സർവകലാശാലകളുമായി സഹകരിച്ചുകൊണ്ടുള്ള ഗവേഷണങ്ങൾക്ക് ഇവിടെ സൗകര്യമുണ്ട്. വനം വകുപ്പുദ്യോഗസ്ഥർ, സൈനികർ, കസ്റ്റംസ് ഉദ്യോഗസ്ഥർ, പൊലീസ് തുടങ്ങിയവർക്കും ഇവിടെ ക്ലാസ്സുകൾ നടത്തുന്നു. വനവിഭവങ്ങളുടെ കള്ളക്കടത്തു തടയാൻ ഈ ഉദ്യോഗസ്ഥരെ ശാസ്ത്രീയമായി പരിശീലിപ്പിക്കുകയാണ് ക്ലാസ്സുകളുടെ ലക്ഷ്യം. ഞങ്ങൾ എത്തുമ്പോൾ കേരള വനംവകുപ്പിലെ റെയ്ഞ്ച് ഓഫീസർമാരായ രണ്ടു മലയാളികൾ ഇവിടെ പരിശീലനത്തിനുണ്ടായിരുന്നു.

കേരള വനം-പരിസ്ഥിതി വകുപ്പിലെ ഉദ്യോഗസ്ഥനും ഉത്തരാഞ്ചൽ സ്വദേശിയുമായ എ.കെ. ഭരദ്വാജാണ് ഇൻസ്റ്റിറ്റ്യൂട്ടിലെ അഡ്മിനിസ്ട്രേറ്റീവ് വിഭാഗം തലവൻ. ഇൻസ്റ്റിറ്റ്യൂട്ട് സന്ദർശിക്കുന്നതിന് അനുമതി ലഭിക്കാൻ നേരത്തേതന്നെ അദ്ദേഹത്തിന് കത്തയച്ചിരുന്നതിനാൽ ഞങ്ങൾ അവിടെയെത്തിയപ്പോൾ കേരളത്തിൽനിന്നുള്ള മാധ്യമപ്രവർത്തകർക്ക് ക്ലാസ്സെടുക്കുന്നതിനും സ്ലൈഡ് ഷോ നടത്തുന്നതിനും മറ്റുമുള്ള ഒരുക്കങ്ങൾ പൂർത്തിയാക്കി കാത്തിരിക്കുകയായിരുന്നു അദ്ദേഹം. ഭരദ്വാജിന്റെ നേതൃത്വത്തിൽ ഡോ. റാവത്ത്, ഡോ. സേത്ത്, ഡോ. വി.ബി. മാഥൂർ എന്നിവർ ഞങ്ങൾക്ക് ക്ലാസ്സുകളെടുത്തു. ഒപ്പം നടത്തിയ സ്ലൈഡ് പ്രദർശനത്തിൽ ഉത്തരാഞ്ചലിന്റെ ജൈവവൈവിധ്യം കൂടുതൽ അറിയാൻ സാധിച്ചു. ഭാരതത്തിന്റെയും സമീപരാജ്യങ്ങളുടെയും ജീവലോകത്തെ ചിത്രങ്ങളിലൂടെയും വിവരണങ്ങളിലൂടെയും പരിചയപ്പെടാൻ ഞങ്ങൾക്കു കഴിഞ്ഞു.

ഇൻസ്റ്റിറ്റ്യൂട്ട് ലൈബ്രറി, കംപ്യൂട്ടർ സെന്റർ, ഡി.എൻ.എ പരിശോധനാകേന്ദ്രം, ഡി.എൻ.എ പരിശോധനാ സംവിധാനം എന്നിവയൊക്കെ ഞങ്ങൾ കണ്ടു. ഇൻസ്റ്റിറ്റ്യൂട്ടിനെക്കുറിച്ചുള്ള ലഘുലേഖകൾ, പുസ്തകങ്ങൾ, പോസ്റ്ററുകൾ തുടങ്ങിയവ ഞങ്ങൾക്കുതന്നു. ചെറിയ ചായസത്കാരത്തിനും ഒന്നിച്ചുള്ള ഫോട്ടോയെടുപ്പിനും ശേഷമാണ് ഞങ്ങൾ അവിടെനിന്നും യാത്രയായത്.

ഇൻസ്റ്റിറ്റ്യൂട്ടിന്റെ വിലാസം : Wild Life Institute of India, P.B. No. 18, Chandrabhani, Dehradun - 248 001, Utharanchal. Website : www.wii.gov.in, e-mail : vbm@wii.gov.in

ഡെറാഡൂൺ - ചക്രൗതപാതയിൽ 45 കി. മീറ്റർ പിന്നിട്ടാൽ യമുന ജലവൈദ്യുത പദ്ധതിയുടെ ഡാം സൈറ്റാണ്. ഡെറാഡൂൺ - റായ്പൂർ റോഡിലെ തപോവനം, ബ്രിട്ടീഷ് പട്ടാളക്കാർക്കുവേണ്ടി നിർമിച്ച ചക്രൗതയിലെ താമസസ്ഥലങ്ങൾ, ദേവൻ-ടൈഗർ വെള്ളച്ചാട്ടങ്ങൾ, നഗരത്തിനുള്ളിലെ താരകേശ്വര മഹാദേവിക്ഷേത്രം, സഹസ്രധാരയിലെ സൾഫർ ജലമൊഴുകുന്ന ഉറവ എന്നിവയൊക്കെ ഏവരെയും ആകർഷിക്കും.

പാണ്ഡവരെ നശിപ്പിക്കാൻ കൗരവർ പണിത അരക്കില്ലം, പാണ്ഡവർ രക്ഷപ്പെട്ട ഗുഹ തുടങ്ങിയ പുരാണസ്മാരകങ്ങൾ ഡെറാഡൂണിൽനിന്നും 75 കി. മീറ്റർ അകലെയാണ്. കുവയിൽനിന്നും 1100 മീറ്റർ മുകളിലുള്ള പർവതത്തിലാണിവ. ■

(തുടരും)



പി.സി. വിജയൻ

# ചരിത്രത്തിലൂടെ : ഏപ്രിൽ 2012

**1**
- ലോക വിഡ്ഢിദിനം.
- ആധുനിക വൈദ്യശാസ്ത്രത്തിന്റെ പിതാവായ വില്യം ഹാർവി ജനിച്ചു. (1578 - 1651)
- ലാറി ബേക്കർ ജന്മദിനം (1917 - 2007). ചെലവുകുറഞ്ഞ കെട്ടിട നിർമാണത്തിന്റെ ഉപജ്ഞാതാവ്

**2**
- അന്താരാഷ്ട്ര ബാല പുസ്തക ദിനം. ഡാനിഷ് എഴുത്തുകാരൻ ഹാൻസ് ക്രിസ്ത്യൻ അൻഡേഴ്സന്റെ ജന്മദിനം.
- മുഗൾ ഭരണാധികാരി ഔറംഗസേബ് അമുസ്ലീങ്ങളുടെ മേൽ ജസിയ നികുതി വീണ്ടും ചുമത്താനാരംഭിച്ചു. (1679)
- ഫ്രഞ്ച് നോവലിസ്റ്റ് എമിലി സോള ജനിച്ചു (1840 - 1902)

**3**
- ബെഞ്ചമിൻ ബെയ്‌ലി ജന്മദിനം (1791 - 1871)
- രാജ്യസഭ നിലവിൽവന്നു (1952)



**4**
- ഇന്ത്യയിലെ ആദ്യ ബഹിരാകാശയാത്രികനായ രാകേശ് ശർമ ബഹിരാകാശത്തേക്ക് യാത്ര തിരിച്ചു (1984)




**5**
- ദേശീയ നാവികദിനം
- ആദ്യ കേരളമന്ത്രിസഭ ഇം.എം. ശങ്കരൻ നമ്പൂതിരിപ്പാടിന്റെ നേതൃത്വത്തിൽ നിലവിൽ വന്നു (1957)
- യൂറി ഗഗാറിൻ എന്ന് പേരിട്ട ബഹിരാകാശപേടകം കസാക്കിസ്ഥാനിൽ നിന്ന് യാത്ര തിരിച്ചു (2011)

**6**
- കുട്ടികൃഷ്ണമാരാർ ചരമദിനം (1900 - 1973)
- മഹാത്മാഗാന്ധി ദണ്ഡി കടപ്പുറത്തുവച്ച് പ്രതീകാത്മകമായി ഉപ്പു ശേഖരിച്ചു (1930)
- അടൽ ബിഹാരി വാജ്‌പേയ് അധ്യക്ഷനായി ഭാരതീയ ജനതാപാർട്ടി സ്ഥാപിതമായി (1980)

**7**
- ലോക ആരോഗ്യദിനം
- വില്യം വേർഡ്സ്‌വർത്ത് ജനിച്ചു (1770 - 1850)



**8**
- കേരള ശാസ്ത്ര സാഹിത്യ പരിഷത്ത് രൂപംകൊണ്ടു (1962)
- തോപ്പിൽ ഭാസി ജനിച്ചു (1924 - 1992)



**9**
- രാഷ്ട്രീയ ഏകതാ ദിനം




**10**
- ഇന്ത്യയുടെ വിവിധോദ്ദേശ്യ ഉപഗ്രഹമായ ഇൻസാറ്റ് 1 എ യാഥാർഥ്യമായി (1982)
- ഹോമിയോപ്പതി ചികിത്സാ സമ്പ്രദായ സ്ഥാപകൻ ഡോ. സാമുവൽ ഹാനിമാൻ ജനിച്ചു (1755 - 1843)

**11**
- ദേശീയ സുരക്ഷിത മാതൃദിനം
- പാർക്കിൻസൺസ് ദിനം
- വിരലടയാളവും ഫോട്ടോയും പതിച്ച പാൻകാർഡുകൾ നൽകാൻ കേന്ദ്രസർക്കാർ തീരുമാനിച്ചു (2011)

**12**
- ലോക ബഹിരാകാശ യാത്രാദിനം
- കുമാരനാശാൻ ജന്മദിനം (1873 - 1924)



**13**
- ജാലിയൻ വാലാബാഗ് ദിനം
- ഐറിഷ് നാടകകൃത്ത് സാമുവൽ ബെക്കറ്റ് ജനിച്ചു (1906 - 1989)



**14**
- അഗ്നിസേനാ ദിനം
- ഭീംറാവു റാംജി അംബേദ്കർ ജന്മദിനം (1893 - 1956)
- പ്രകാശത്തിനു തരംഗ സ്വഭാവമുണ്ടെന്നു തെളിയിച്ച ക്രിസ്ത്യൻ ഹൈജൻസ് ജന്മദിനം (1629 - 1695)

**15**
- അന്താരാഷ്ട്ര സ്പെഷ്യൽ ലൈബ്രേറിയൻ ദിനം
- സിക്ക് മതസ്ഥാപകനും ആത്മീയാചാര്യനുമായ ഗുരുനാനാക് ജനിച്ചു (1469 - 1539)
- മുംബൈ ബോറിബന്ദറിൽ നിന്നും താനെവരെ 34 കി.മീ. ദൂരത്തിൽ ഇന്ത്യയിലെ ആദ്യ തീവണ്ടി ഓടി (1853)

**16**
- സ്വാതിതിരുനാൾ ബാലരാമവർമ ജനിച്ചു (1813 - 1847)
- കോഴിക്കോട്ടും ലക്ഷദ്വീപിലും വൻ കൊടുങ്കാറ്റ് (1847). ആയിരക്കണക്കിന് ആളുകൾ മരിച്ചു.

**17**
- ഹീമോഫീലിയ ദിനം
- ലോക്‌സഭ നിലവിൽ വന്നു (1952)
- തകഴി ശിവശങ്കരപ്പിള്ള ജനിച്ചു ( 1912 - 1999)
- സിരിമാവോ ബണ്ഡാരനായികേ ജനിച്ചു (1916 - 2000). ആദ്യ വനിതാ പ്രധാനമന്ത്രി.

**18**
- ലോക പൈതൃകദിനം
- കേരളം സമ്പൂർണ സാക്ഷരത നേടിയ സംസ്ഥാനമായി (1991)
- ശ്രീഹരിക്കോട്ടയിൽ നിന്ന് ഇന്ത്യ ജി.എസ്.എൽ.വി. വിക്ഷേപിച്ചു (2001)

**19**
- ഇന്ത്യയുടെ ആദ്യ കൃത്രിമ ഉപഗ്രഹം ആര്യഭട്ട വിക്ഷേപിച്ചു (1975)



**20**
- അഴിമതിവിരുദ്ധ സുതാര്യഭരണ ലക്ഷ്യം നടപ്പാക്കുന്നതിനായി രാജ്യത്തെ 640 ജില്ലകളിലും ഇ - ഡിസ്ട്രിക്ട് മിഷൻ നടപ്പാക്കാൻ കേന്ദ്ര ഗവൺമെന്റ് തീരുമാനിച്ചു (2011)

**21**
- ഒന്നാം പാനിപത്ത് യുദ്ധത്തിൽ ബാബർ ഇബ്രാഹിം ലോദിയെ വധിച്ചു (1526)
- ബ്രസീലിയ ബ്രസീലിന്റെ പുതിയ തലസ്ഥാനമായി (1960)
- വിദ്യാഭ്യാസപരിഷ്കർത്താവ് ഫ്രഡ്രിക് ഫ്രോബേൽ ജനിച്ചു (1782 - 1852)

**22**
- ലോക ഭൗമദിനം. 1970 ൽ തുടക്കം
- പെഡ്രോ ആൽവർസ് കാബ്രൽ ബ്രസീൽ കണ്ടുപിടിച്ചു (1500)
- ഇംഗ്ലീഷ് നോവലിസ്റ്റ് ഹെൻറി ഫീൽഡിങ് ജനിച്ചു (1707 - 1754)
- ജർമൻ തത്വചിന്തകൻ ഇമ്മാനുവൽ കാന്റ് ജന്മദിനം (1724 - 1804)

**23**
- ലോക പുസ്തകദിനം. ഷെയ്ക്‌സ്പിയർ, സെർവാന്റിസ്, ഡെ ലാ വെഗ എന്നിവരുടെ ചരമദിനം
- ക്വാണ്ടം സിദ്ധാന്തം ആവിഷ്കരിച്ച മാക്സ് പ്ലാങ്ക് ജനിച്ചു (1858 - 1947)
- ലോലിതയിലൂടെ പ്രശസ്തനായ വ്ലാഡിമർ നബോക്കോവ് ജനിച്ചു (1899 - 1977)

**24**
- മാനവ ഏകതാ ദിനം
- സത്യസായിബാബ സമാധിയടഞ്ഞു (1926 - 2011). യഥാർഥ പേര് രത്നാകരം സത്യനാരായണ രാജു.
- രണ്ടുതവണ എവറസ്റ്റ് കീഴടക്കി ചരിത്രം സൃഷ്ടിച്ച നവാങ്ഗൊംബു അന്തരിച്ചു (2011)

**25**
- ഇന്ത്യൻ ടെലിവിഷനിൽ കളർ സംപ്രേഷണം ആരംഭിച്ചു. സത്യജിത് റേയുടെ *ശത്‌രഞ്ജ് കേ ഖിലാടി* എന്ന സിനിമയായിരുന്ന പ്രഥമ കളർ പരിപാടി
- ഇന്ത്യൻ ക്ലാസിക്കൽ ഗായകൻ ഗുലാം അലി അന്തരിച്ചു (1902 - 1968)

**26**
- കേരള സംഗീതനാടക അക്കാദമി രൂപീകരിച്ചു (1958)
- ശ്രീനിവാസ രാമാനുജൻ ചരമദിനം (1887 - 1950)



**27**
- ഭൂമിയെചുറ്റി ആദ്യ കപ്പൽസഞ്ചാരം നടത്തിയ ഫെർഡിനാന്റ് മെഗല്ലൻ വധിക്കപ്പെട്ടു (1521)
- നാഷണൽ പ്രതിരോധ കോളേജ് ന്യൂഡൽഹിയിൽ ഉദ്ഘാടനം ചെയ്തു (1960)
- വാലസ് ഹ്യൂം കാരത്തേഴ്സ് ജനിച്ചു (1896 - 1937). നൈലോൺ കണ്ടുപിടിച്ചത് ഈ അമേരിക്കൻ രസതന്ത്രജ്ഞനാണ്.

**28**
- അമേരിക്കയുടെ അഞ്ചാമത്തെ പ്രസിഡന്റ് ജെയിംസ് മോൺറോ ജനിച്ചു (1758 - 1831) അദ്ദേഹത്തിന്റെ മോൺറോ സിദ്ധാന്തം പ്രശസ്തം.
- കെന്നത്ത് കൗണ്ട ജനിച്ചു(1924). സാംബിയയെ സ്വാതന്ത്ര്യത്തിലേക്കു നയിച്ചു. 1991 വരെ സാംബിയൻ പ്രസിഡന്റ്.
- ഡച്ച് വാനനിരീക്ഷകൻ ഹെൻഡ്രിക് ഓർട് ജനിച്ചു (1900 - 1992)



**29**
- ജനീവയിലെ സ്റ്റോക്ഹോം കൺവെൻഷൻ എൻഡോസൾഫാൻ നിരോധിച്ചു (2011)
- രാജരവിവർമ ജനിച്ചു (1848 - 1906)
- അന്തർദേശീയ നൃത്തദിനം

**30**
- സാഹിത്യപ്രവർത്തക സഹകരണസംഘം (എസ്.പി.സി.എസ്) പ്രവർത്തനം ആരംഭിച്ചു.
- ജർമൻ ഗണിതശാസ്ത്രജ്ഞൻ യൊഹാൻ കാൾ ഫ്രെഡറിക് ഗൗസ് ജനിച്ചു (1777 - 1855)
- ആർ. ശങ്കർ ജനിച്ചു (1909 - 1972)



വാർത്തയിൽ

# അനൂപ് ജേക്കബ് എം.എൽ.എ ആയി സത്യപ്രതിജ്ഞ ചെയ്തു



ടി.എം. ജേക്കബിന്റെ നിര്യാണത്തോടെ ഒഴിവു വന്ന പിറവം മണ്ഡലത്തിൽ നടന്ന ഉപതരെഞ്ഞെടുപ്പിൽ തെരഞ്ഞെടുക്കപ്പെട്ട അനൂപ് ജേക്കബ് എം.എൽ.എ ആയി സത്യപ്രതിജ്ഞ ചെയ്തു. 22 ന് രാവിലെ 9.30ന് നിയമസഭാ ചേംബറിൽ സ്പീക്കറിനു മുമ്പാകെയാണ് സത്യപ്രതിജ്ഞ ചെയ്തത്.

മാർച്ച് 17 നായിരുന്നു പിറവം വോട്ടെടുപ്പ്. 19 ന് വോട്ടെണ്ണൽ നടന്നു. ടി.എം. ജേക്കബിന്റെ മകനായ അനൂപിന് 12070 വോട്ടിന്റെ ഭൂരിപക്ഷമുണ്ടായിരുന്നു. ആകെ വോട്ട് 183170. പോൾ ചെയ്തത് 158261. അനൂപ് ജേക്കബ് - 82756 (52.29%), എം.ജെ. ജേക്കബ് - 70686 (44.66%), കെ.ആർ. രാജഗോപാൽ - 3241 (2.05%).

അനൂപ് ജേക്കബ് ജനനം - 1977 ഡിസംബർ 16

ഭാര്യ - അനില

മക്കൾ - ടി.എം. ജേക്കബ്, ലിറ ജേക്കബ്

# സാഫല്യം പദ്ധതിക്ക് തുടക്കമായി

ഇത്തിരി മണ്ണും തലചായ്ക്കാനൊരു കൂരയും ഏതൊരാളിന്റെയും ജീവിതസ്വപ്ന മാണ്. അതിന്റെ സാക്ഷാത്കാരമാണ് സംസ്ഥാനസർക്കാർ നടപ്പാക്കുന്ന സാഫല്യം ഭവനപദ്ധതി. ഭവനനിർമാണ ബോർഡ്, ഹഡ്കോ, സന്നദ്ധസംഘടനകൾ എന്നിവയുടെ സഹായത്തോടെ ഫ്ളാറ്റുകൾ നിർമിച്ച് സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്കു നൽകുകയാണ് പദ്ധതിയുടെ ലക്ഷ്യം.

ഭവനരഹിതരില്ലാത്ത കേരളം ലക്ഷ്യമിട്ട് സർക്കാർ നടപ്പാക്കുന്ന പദ്ധതിയുടെ സംസ്ഥാനതല നിർമാണോദ്ഘാടനം കോട്ടയം അകലകുന്നം പഞ്ചായത്തിൽ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി മാർച്ച് 11 ന് നിർവഹിച്ചു. ഈ സംരംഭം ഭവന നിർമാണരംഗത്ത് വൻ മാറ്റങ്ങൾക്ക് കാരണമാകുമെന്നും വീടില്ലാത്തവരുടെ ആകുലതകൾക്കും ആവലാതികൾക്കും ശാശ്വതപരിഹാരമാകുമെന്നും അദ്ദേഹം പറഞ്ഞു.

സാഫല്യം ഭവനപദ്ധതിയുടെ ഭാഗമായി വീട് നൽകാൻ ധനകാര്യവകുപ്പും ഭൂമി നൽകാൻ റവന്യൂ വകുപ്പും സംയുക്തമായി പ്രവർത്തിക്കും. ആദ്യഘട്ടമായി വിവിധ ജില്ലകളിലെ പത്തു പഞ്ചായത്തുകളിൽ ഒമ്പതു മാസംകൊണ്ട് ഫ്ളാറ്റുകളുടെ നിർമാണം പൂർത്തിയാകും. 30 കോടിയുടെ അടങ്കൽച്ചെലവിൽ 1003 ഫ്ളാറ്റുകളാണ് തുടക്കത്തിൽ നിർമിക്കുക. മൂന്നു നില ഫ്ളാറ്റ് സമുച്ചയങ്ങളിൽ ഓരോ ഫ്ളാറ്റിലും 195 ചതുരശ്ര വിസ്തീർണം ഉണ്ടാകും. ഒരു കിടക്കമുറി, ഹാൾ, അടുക്കള, കുളിമുറി എന്നിവ ഉൾക്കൊള്ളുന്നതാണ് ഓരോ ഫ്ളാറ്റും.

ഒന്നാം ഘട്ടത്തിൽ പദ്ധതി നടപ്പാക്കുന്ന പഞ്ചായത്തുകൾ (ബ്രാക്കറ്റിൽ ഫ്ളാറ്റുകളുടെ എണ്ണം)

ചാത്തന്നൂർ-കൊല്ലം (48), ചെട്ടിക്കുളങ്ങര-ആലപ്പുഴ (168), മീനച്ചൽ-കോട്ടയം (72), അകലക്കുന്നം-കോട്ടയം (240), എരുമേലി-കോട്ടയം (96), പുതക്കാട്-തൃശൂർ (72), കട്ടപ്പന-ഇടുക്കി (72), ചേളന്നൂർ-കോഴിക്കോട് (72), തിരുവാലി-മലപ്പുറം (72), എലപ്പുള്ളി-പാലക്കാട് (96).

ഓരോ ഫ്ളാറ്റിന്റെയും നിർമാണച്ചെലവ് രണ്ടര ലക്ഷം രൂപയാണ്. അടിസ്ഥാനസൗകര്യവികസനച്ചെലവുകൾ വഹിക്കേണ്ടത് തദ്ദേശസ്ഥാപനങ്ങളാണ്. സർക്കാർവിഹിതമായി ഒരു ലക്ഷമാണ് അനുവദിക്കുക. ഹഡ്കോ വായ്പാ ധനസഹായമായി ഒരു ലക്ഷം രൂപ, സന്നദ്ധസംഘടന വിഹിതമായി 25,000 രൂപ, ഗുണഭോക്തൃവിഹിതം 25,000 രൂപ എന്ന രീതിയിൽ സാമ്പത്തിക സമാഹരണംവഴിയാണ് പദ്ധതി നടപ്പാക്കുക. വായ്പാതുകയുടെ തിരിച്ചടവ് പലിശനിരക്ക് 10.5% ആയിരിക്കും. 168 മാസത്തെ കാലാവധിയാണ് തുക തിരിച്ചടവിന് അനുവദിച്ചിരിക്കുന്നത്. പ്രതിമാസം സബ്സിഡി ഇല്ലാതെയാണെങ്കിൽ 1236 രൂപയും പലിശ സബ്സിഡി കഴിഞ്ഞാണെങ്കിൽ 939 രൂപയും അടയ്ക്കേണ്ടിവരും.



സാഫല്യം പദ്ധതിയുടെ ഉദ്ഘാടനവേളയിൽ മന്ത്രിമാരായ കെ.എം. മാണി, തിരുവഞ്ചൂർ രാധാകൃഷ്ണൻ, മോൻസ് ജോസഫ് എം.എൽ.എ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് രാധാ വി. നായർ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് സൂസമ്മ കുര്യൻ, ഭവനവകുപ്പ് സെക്രട്ടറി എം. അജിത് കുമാർ, ഹൗസിങ് ബോർഡ് ചെയർമാൻ അറയ്ക്കൽ ബാലകൃഷ്ണപിള്ള എന്നിവർ സന്നിഹിതരായിരുന്നു.

പാർപ്പിടം പൗരാവകാശമാക്കുന്നതിന്റെ ഭാഗമായാണ് സർക്കാർ പദ്ധതി നടപ്പാക്കുന്നത്. യു.ഡി.എഫ് സർക്കാരിന്റെ ആദ്യ ബജറ്റിൽ പ്രഖ്യാപിച്ചിരുന്നതാണീ പദ്ധതി.

# സൂര്യനിൽനിന്ന് വൈദ്യുതി : പുതിയ പ്ലാന്റുകൾ വരുന്നു



**സം**സ്ഥാനത്ത് അടുത്ത സാമ്പത്തികവർഷം പതിനായിരം വീടുകളുടെ മേൽക്കൂരകളിൽ ഒരു കിലോവാട്ടും അതിലധികവും ശേഷിയുള്ള സൗരവൈദ്യുത പ്ലാന്റുകൾ സ്ഥാപിക്കുമെന്ന് മന്ത്രി ആര്യാടൻ മുഹമ്മദ് പറഞ്ഞു. മാർച്ച് എട്ടിന് ഇതു സംബന്ധിച്ച ചർച്ചാവേളയിലാണ് മന്ത്രി ഇക്കാര്യം വ്യക്തമാക്കിയത്. ഇതിൽനിന്നും ഉത്പാദിപ്പിക്കുന്ന വൈദ്യുതി കെ.എസ്.ഇ.ബിക്ക് അവരുടെ വിതരണശൃംഖലയിലൂടെ വിൽക്കാൻ സൗകര്യമൊരുക്കുകയാണ് സർക്കാരിന്റെ ലക്ഷ്യമെന്ന് മന്ത്രി വ്യക്തമാക്കി.

പവർകട്ടും ലോഡ് ഷെഡ്ഡിങ്ങുമില്ലാത്ത സൗരവൈദ്യുത പ്ലാന്റുകൾ കേരളത്തിന്റെ ഊർജപ്രതിസന്ധിക്ക് ശാശ്വതപരിഹാരമാകും. ഈ പദ്ധതി പ്രകാരം 10 മെഗാവാട്ട് സ്ഥാപിതശേഷി അടുത്ത ഒരു വർഷത്തിനുള്ളിൽ സാധ്യമാകും. ഓരോ വീട്ടിൽനിന്നും സൗരോർജം വഴി പ്രതിദിനം ശരാശരി ആറു യൂണിറ്റ് വൈദ്യുതി ഉത്പാദിപ്പിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

സൗരോർജത്തെ വൈദ്യുതിയാക്കുന്ന സൗരപാനലുകൾ, വൈദ്യുതിയെ വിതരണ ശൃംഖലയിലേക്ക് കയറ്റിവിടാനുള്ള കൺട്രോൾ ഇൻവർട്ടർ എന്നിവയാണ് സംവിധാനത്തിലെ പ്രധാന ഘടകങ്ങൾ. ഒരു കിലോവാട്ട് സൗരവൈദ്യുതി പ്ലാന്റ് ഒന്നിന് ഏകദേശം 10 ച. മീറ്റർ സ്ഥലം ആവശ്യമായിവരും. ഒരു പ്ലാന്റിന് രണ്ടു ലക്ഷം രൂപയാണ് ചെലവ് കണക്കാക്കിയിരിക്കുന്നത്. ഇതിന്റെ മൂന്നിൽ ഒന്നു ഭാഗം കേന്ദ്ര സബ്സിഡിയായി ലഭ്യമാക്കാൻ കേന്ദ്രമന്ത്രി ഫറൂഖ് അബ്ദുള്ള വാഗ്ദാനം നൽകിയിട്ടുണ്ട്. തുല്യവിഹിതം സംസ്ഥാന സർക്കാരും വഹിക്കും. പദ്ധതിയുടെ മുഴുവൻ ചുമതലയും അനർട്ടിനെയാണ് സംസ്ഥാന സർക്കാർ ഏൽപ്പിച്ചിരിക്കുന്നത്.


# കേരള ടൂറിസം വെബ്സൈറ്റിന് ദേശീയ പുരസ്കാരം

**പ്ര**തിവർഷം 28 ലക്ഷം പേർ സന്ദർശിക്കുന്ന കേരള ടൂറിസം വെബ്സൈറ്റിന് ദേശീയ ടൂറിസം പുരസ്കാരം ലഭിച്ചു. വിവരസാങ്കേതികവിദ്യയുടെ ഏറ്റവും നൂതനമായ ഉപയോഗത്തിനുള്ള ദേശീയപുരസ്കാരമാണ് വെബ്സൈറ്റിന് ലഭിച്ചത്.

മാർച്ച് ഒന്നിന് ന്യൂഡൽഹിയിൽവച്ചു നടന്ന ചടങ്ങിൽ രാഷ്ട്രപതി പ്രതിഭാ പാട്ടീലിൽനിന്ന് സംസ്ഥാന ടൂറിസം മന്ത്രി അനിൽകുമാറും സെക്രട്ടറി ടി.കെ. മനോജ്കുമാറും ചേർന്ന് പുരസ്കാരം ഏറ്റുവാങ്ങി. വിവിധ അന്താരാഷ്ട്ര ദേശീയ ഭാഷകളിൽ കേരള ടൂറിസം വെബ്സൈറ്റ് ലഭ്യമാണ്. വീഡിയോ, ഫോട്ടോ, ഓഡിയോ ഗാലറികൾ, വെർചൽ മൂവികൾ, റോയൽറ്റി ഫ്രീ കണ്ടന്റുകൾ, അഞ്ചു വർഷത്തെ ഉത്സവ കലണ്ടർ എന്നിവയും സൈറ്റിലുണ്ട്. ടൂറിസം വകുപ്പനുവേണ്ടി തിരുവനന്തപുരത്തെ ഇൻവിസ് മൾട്ടിമീഡിയയാണ് www.keralatourism.org എന്ന വെബ്സൈറ്റ് രൂപകല്പന ചെയ്യുന്നത്.

ദേശീയ ടൂറിസം ഏർപ്പെടുത്തിയ മറ്റ് പുരസ്കാരങ്ങളും രാഷ്ട്രപതി വിതരണം ചെയ്തു.



# എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ ഓൺലൈൻ സംവിധാനം

**എം**പ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനത്തിൽ കൂടുതൽ സുതാര്യതയും വേഗതയും ഉറപ്പാക്കുന്നതിനുവേണ്ടി ഓൺലൈൻ സംവിധാനം നടപ്പാക്കും. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴിയുള്ള നിയമനങ്ങൾക്ക് കാലതാമസം ഒഴിവാക്കാനായിട്ടാണ് ഇത്തരമൊരു സംവിധാനത്തിന് സർക്കാർ തുടക്കമിട്ടത്.

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ ജനസൗഹൃദകേന്ദ്രങ്ങളാക്കിമാറ്റി കേരളത്തിലെ തൊഴിൽരഹിതരായ അനേകം പേർക്ക് സൗജന്യസേവനം നൽകുകയാണ് പദ്ധതിയുടെ ലക്ഷ്യം. ഡൽഹി എൻ.ഐ.സി വികസിപ്പിച്ച വെബ് എനേബിൾഡായ സി.എ.എസ്.ഇ (കേസ്) എന്ന സോഫ്ട്‌വെയറാണ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ ഉപയോഗിക്കുക. ഈ സോഫ്റ്റുവെയറിലൂടെ ഉദ്യോഗാർഥികൾക്ക് ഓൺലൈനായി രജിസ്റ്റർ ചെയ്യാം. രജിസ്ട്രേഷൻ പുതുക്കുന്നതിനും സർട്ടിഫിക്കറ്റ് ചേർക്കുന്നതിനും ഇതിൽ സൗകര്യമുണ്ടാകും. ഫലത്തിൽ രജിസ്റ്റർ ചെയ്യാനും മറ്റുമായി എക്സ്ചേഞ്ചുകളിൽ ചെലവഴിക്കുന്ന സമയം ഉദ്യോഗാർഥികൾക്ക് ലാഭിക്കാൻ സാധിക്കും. മാനവശേഷിമാത്രം ഉപയോഗിച്ചുള്ള പ്രവർത്തനങ്ങളുടെ അപാകതകളും പരാതികളും ഒഴിവാക്കാനും ഇതുവഴി കഴിയും.

കേരളത്തിലെ ഉദ്യോഗാർഥികൾക്ക് പര്യാപ്തമായ വിദ്യാഭ്യാസ യോഗ്യതയുണ്ടെങ്കിലും സാങ്കേതികപരിജ്ഞാനം കുറവാണ്. അതിനാൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ 2012-13 ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി തൊഴിൽനൈപുണ്യ വികസനകേന്ദ്രങ്ങളാക്കാനാണ് സർക്കാർ നിർദേശം നൽകിയിരിക്കുന്നത്.

പെൺജീവിതം

■ പി.കെ. ശോഭന

# ഹോസ്റ്റൽ ജീവിതത്തിന്റെ കാഴ്ചകൾ

വിമൻസ് ഹോസ്റ്റൽ അന്തേവാസികൾ, പരിസരവാസികൾ മുൻവഴികളും പിൻവഴികളും എല്ലാ ഇടവഴികളും - അശ്ലീലതയോട് ബന്ധിപ്പിച്ചിട്ടല്ലാതെ പൊതുസമൂഹത്തിൽ പരാമർശിക്കപ്പെടാറില്ല. ശരിയാണ്. പൂവാലന്മാരും എക്സിബിഷനിസ്റ്റുകളും അറയ്ക്കാതെയും മടിക്കാതെയും നിർബാധം വിളയാടുന്ന ഇടങ്ങളാണിവ. വനിതാ ഹോസ്റ്റലുകളിൽ വേഷം മാറിയും മാറാതെയും അതിക്രമിച്ചു കടക്കുന്ന നായകന്റെ പരാക്രമങ്ങൾക്കുള്ള പ്രേക്ഷകപ്രിയം കണക്കിലെടുത്താവണം, ഇന്ത്യൻ സിനിമകളിൽ നിരന്തരം ഈയൊരു സീൻ ഏറ്റവും അബ്സേഡായി ആവർത്തിക്കാറുള്ളത്. മുമ്പൊക്കെ ഏപ്രിൽ ഫൂൾ ദിവസത്തിന്റെ വിജയത്തിനു വേണ്ടി കാര്യമായ പരിശ്രമങ്ങൾ നടത്താറുണ്ടായിരുന്നു ഹോസ്റ്റലുകളിൽ; പ്രത്യേകിച്ച് വടക്കൻ കേരളത്തിൽ ഒരു ഏപ്രിൽ ഫൂൾ ദിനത്തിൽ, കാലിക്കറ്റ് യൂണിവേഴ്സിറ്റി വിമൻസ് ഹോസ്റ്റലിനു മുമ്പിൽ ഒരു കടയുടെ അടിച്ചുമാറ്റിയ ഹോർഡിങ് പ്രത്യക്ഷപ്പെട്ടു *ഇവിടെ ബ്രെഡ്ഡും പാലും കിട്ടും.* മറ്റൊരു ക്രിസ്തുമസ് തലേന്ന് മെൻസ് ഹോസ്റ്റൽ സാന്താക്ലോസ്സുമാർ വന്ന് കാഴ്ചയ്ക്ക് വലുപ്പവും മനോഹരവുമായ സമ്മാനപ്പെട്ടി തന്നു. ഒരുപാട് പൊതികൾക്കുള്ളിൽ പൊതിഞ്ഞുവെച്ച 'സാനിട്ടറി നാപ്കിനാ'യിരുന്നു ഗിഫ്റ്റ്!

ഇതെല്ലാം മനോധർമമനുസരിച്ച് നിർദോഷകരമായ തമാശകളായിട്ടോ ശുദ്ധ പെർവേഷനായിട്ടോ കണക്കാക്കാം.

പക്ഷേ, തല ബക്കറ്റുകൊണ്ട് മൂടിയും കൂരിരുട്ടിൽ അത്യാവശ്യയിടം വ്യക്തമാക്കാൻ മെഴുകുതിരി കത്തിച്ച് പ്രത്യക്ഷപ്പെടുകയും മറ്റ് വിചിത്രങ്ങളായ നൂതനരീതികൾ പരീക്ഷിക്കുകയും ചെയ്യുന്ന എക്സിബിഷനിസ്റ്റുകളുടെ ലീലകൾ, ജുപ്സാവഹം മാത്രമല്ല ശിക്ഷാർഹം കൂടിയാണ്.

എന്നാൽ ഹോസ്റ്റലിനുള്ളിൽ നിരന്തരം അഭിമുഖീകരിക്കേണ്ടിവരുന്ന കയ്പേറിയ ഭൗതികസാഹചര്യങ്ങൾ, ഈ കാഴ്ചകളുടെയും അനുഭവങ്ങളുടെയും ദുരന്തപർവത്തെ അപ്രസക്തമാക്കുന്നു. അസംതൃപ്തികളുടെയും പരിമിതികളുടെയും ഒരു പറുദീസയാണ് വിമൻസ് ഹോസ്റ്റലുകൾ. വെള്ളം, വൈദ്യുതി, ഭക്ഷണം, ടോയ്‌ലറ്റ് സൗകര്യം എന്നിവ പ്രാഥമികാവശ്യങ്ങളാണെന്ന് അക്ഷരാർഥത്തിൽ നമ്മൾ അനുഭവിച്ചറിയും ഇവിടെ. മെൻസ് ഹോസ്റ്റലുകളിലും ഇതു തന്നെയാണ് അവസ്ഥയെന്നത് വാസ്തവമല്ല. കാരണം മെൻസ് ഹോസ്റ്റലുകളിലെ സൗകര്യംപോലും വിമെൻസ് ഹോസ്റ്റലുകളിൽ ഒരിക്കലും കിട്ടാറില്ല. ആർത്തവകാലം ഒരു നരകകാലമായി മാറും. ഇങ്ങനെയൊക്കെയാണെങ്കിലും സ്ത്രീകൾക്ക് വിധിക്കപ്പെട്ട സ്വതഃസിദ്ധമായ ക്ഷമാശീലം കൊണ്ടും ജീവിതത്തിന്റെ ഈ ചെറിയ ഇടവേള പ്രശ്നഭരിതമാക്കേണ്ടയെന്ന് കരുതുന്നതുകൊണ്ടും ആരും ഇതിനെതിരെ കാര്യമായി പ്രതികരിക്കാറില്ല. എറണാകുളം മഹാരാജാസ് ഹോസ്റ്റലിലുണ്ടായിരുന്നപ്പോൾ ഞങ്ങൾ കുറച്ചു പേർ അടുത്തൊരു ഹോട്ടലിൽ രാവിലത്തെ ചായകുടിക്കാനെന്ന വ്യാജേനയാണ് അവിടെ ടോയ്‌ലറ്റിൽ പോയിരുന്ന്.

ഈ യാഥാർഥ്യങ്ങൾ സുഖകരമോ ആശാവഹമോ അല്ലാതെയായിരിക്കുമ്പോഴും ഒരുപാടുകാലം നിരവധി ഹോസ്റ്റലുകളിൽ ജീവിച്ചിരുന്നതിന്റെ ഗൃഹാതുരത്വത്തോടെ പറയട്ടെ സ്ത്രീകൾക്ക് നേടാൻ കഴിയുന്ന അപൂർവമായ ഒരു ഭാഗ്യമാണ് ഹോസ്റ്റൽജീവിതം.

പൊതു ജീവിതത്തിൽ - വീടിനുള്ളിലും പുറത്തും - സ്ത്രീകൾ പെരുമാറേണ്ട രീതികളെയും നിർവഹിക്കേണ്ട കർത്തവ്യങ്ങളെയുംപറ്റി നൂറ്റാണ്ടുകളായി പിന്തുടരുന്ന അലിഖിതവും അലംഘനീയവുമായ പെരുമാറ്റച്ചട്ടങ്ങളുണ്ട് - *കാലിന്മേൽ കാല് കയറ്റി ഇരിക്കരുത്, കാല് അകത്തി ഇരിക്കരുത്, മലർന്ന് കിടക്കരുത്, മരണക്കിടക്കയിലാണെങ്കിലും വസ്ത്രം തെറ്റിക്കിടക്കരുത്, പൊട്ടിച്ചിരിക്കരുത്, ഉറക്കെ സംസാരിക്കരുത്* തുടങ്ങിയ അസംഖ്യം നിയമങ്ങൾ. ആയിരക്കണക്കിന് കാണികളുള്ള ഒരു സ്റ്റേജിലെത്തുന്നതുപോലെയാണ് സ്ത്രീകളുടെ മനോനില. അദൃശ്യരുടെ ഈ



വീക്ഷണം കൊണ്ട് അവരുടെ ചലനങ്ങളും നിയന്ത്രിക്കപ്പെട്ടിരിക്കുന്നു. അതുകൊണ്ടാണ് തലകുനിച്ച്, കണ്ണുകൾ താഴ്ത്തി പെൺകുട്ടികൾ നടന്നുപോകുന്നത്. ഈയൊരു മാനസികാവസ്ഥയിൽ നിന്ന് രക്ഷപ്പെടുന്നതിന് വലിയ പരിശ്രമങ്ങൾ വേണ്ടിവരും. കേരളത്തിനു പുറത്ത് താമസിക്കുമ്പോഴാണ് ഇതിന്റെ വ്യത്യാസം ബോധ്യപ്പെടുക. പുരുഷന്മാരുടെ സാന്നിധ്യമില്ലാത്ത ഹോസ്റ്റൽജീവിതം വലിയ സുരക്ഷയും ആത്മവിശ്വാസവും പെൺകുട്ടികൾക്കു നൽകുന്നുണ്ട്. പലരിലും വളരെ സ്വാഭാവികമായ മാറ്റങ്ങൾ ഉണ്ടാകാറുണ്ട്. മാത്രമല്ല, ഏകതാനവും അരോചകവുമായ വീട്ടുജോലികളുടെ പ്ലാനിങ്ങും പ്രാവർത്തികമാക്കലും എന്ന ഒരേയൊരു ജീവിതലക്ഷ്യത്തിൽനിന്നും വ്യതിചലിക്കുമ്പോൾ കാഴ്ചപ്പാടുകളും പരിണമിക്കും. സർഗാത്മകമാണോ അല്ലയോ എന്നതിനെക്കാൾ വീട്ടുത്തരവാദിത്തങ്ങൾക്ക് ബദലായി പുതിയ കാര്യങ്ങൾ ആസൂത്രണം ചെയ്യാമെന്നത് കൗതുകകരമാണ്. വളരെ നിസ്സാരമെന്ന് പ്രത്യക്ഷത്തിൽ തോന്നുന്ന ഈ മനോഭാവം ആർജിച്ചെടുക്കുന്നതിനുള്ള കടമ്പകൾ സ്ത്രീകൾക്കുമാത്രം മനസ്സിലാകുന്നതാണ്.

തിരുവനന്തപുരത്തെ യൂണിവേഴ്സിറ്റി വിമെൻസ് ഹോസ്റ്റലിലെ ഒരു സുഹൃത്ത് പൊടുന്നനെയാണ് നീന്തൽ പഠിക്കാൻ തീരുമാനിച്ചത്. പാലക്കാട്ടെ പറളി എന്ന ഗ്രാമത്തിൽനിന്നും വരുന്ന അവൾ, യാതൊരു തയാറെടുപ്പുകളോ പ്രേരണകളോ ഇല്ലാതെ സ്വിം സ്യൂട്ട് അണിഞ്ഞ് ഞങ്ങളെയെല്ലാം അമ്പരപ്പിക്കുകയുണ്ടായി.

വൈകുന്നേരം തിരിച്ചെത്തുന്നതിനുള്ള സമയത്തെപറ്റിയായിരിക്കും അന്തേവാസികൾ ഏറ്റവും കൂടുതൽ പ്രതിഷേധിക്കാറുള്ളത്. വീട്ടിലാണെങ്കിൽ, അനുസരണപൂർവം അഞ്ചുമണിക്ക് തിരിച്ചെത്തുന്നവർതന്നെയാണ് ഇവിടെ പ്രതിഷേധിക്കുന്നത്. അതാണ് വീടും ഹോസ്റ്റലും തമ്മിലുള്ള വ്യത്യാസം. മിക്കവാറും ഹോസ്റ്റൽ സ്ഥിതിചെയ്യുന്ന നഗരത്തിന്റെ സ്വഭാവമായിരിക്കും, ഈ സമയ നിബന്ധനയുടെ മാനദണ്ഡം. മദ്രാസ് യൂണിവേഴ്സിറ്റി ഹോസ്റ്റൽ എട്ടര എന്നത് എട്ടുമണിയാക്കി മാറ്റിയപ്പോൾ പരാതിയുമായി ചെന്ന എന്നോട് വാർഡൻ പറഞ്ഞത് തിരുവനന്തപുരം ഹോസ്റ്റൽ ആറു മണിക്ക് അടയ്ക്കുന്ന കാര്യം തനിക്കറിയാമെന്നാണ്. ഹൈദരബാദ് സെൻട്രൽ യൂണിവേഴ്സിറ്റി ഹോസ്റ്റൽ രാത്രി 12 മണിക്ക് അടയ്ക്കുന്നതിനെതിരെയുണ്ടാക്കിയിരുന്ന കോലാഹലം എനിക്കറിയാമായിരുന്നു. പൂണെ എസ്.എൻ.ഡി.ടി. യൂണിവേഴ്സിറ്റി ഹോസ്റ്റലിൽ ഗസ്റ്റായി താമസിക്കുന്ന ഒരു ദിവസം തൊട്ടുത്ത ഫിലിം ഇൻസ്റ്റിറ്റ്യൂട്ടിൽ സിനിമ കാണാൻ ഞങ്ങൾ പോയി. തിരിച്ചുകയറുന്നതിന് നേരായ മാർഗം സാധ്യമല്ലായിരുന്നു. പുറത്ത് ബൂത്തിൽനിന്നും ഫോൺ വിളിക്കുമ്പോൾ സുഹൃത്ത് പറഞ്ഞു 'വീട്ടിലേക്കൊന്നു വിളിക്കണം. ഇത് നല്ല ഹോസ്റ്റലാണ്, രാത്രി 12 മണിക്ക് പുറത്തിറങ്ങി ഫോൺ വിളിക്കാൻ അനുവദിക്കുമെന്നറിയിക്കാം.'

'പന്ത്രണ്ടു മണിക്ക് പുറത്തിറങ്ങാൻ അനുവദിക്കുന്ന ഹോസ്റ്റൽ നല്ലതാണെന്ന് വീട്ടുകാർ വിശ്വസിക്കുമോ'-മറ്റൊരു സുഹൃത്ത് സംശയം പ്രകടിപ്പിച്ചു.

ഒരിക്കലും മറക്കാനാവാത്ത സൗഹൃദങ്ങൾ സമ്പാദിക്കുന്നതിന് ഹോസ്റ്റൽ ജീവിതം കാരണമാകും. അതിർവരമ്പുകളോ മുകളിൽനിന്നുള്ള നിർദേശങ്ങളോ ഇല്ലാത്ത സ്ത്രീലോകത്തിൽ പലപ്പോഴും പഠിക്കുകയും അറിയുകയും ചെയ്യുന്നുണ്ട്. പല കാര്യങ്ങളും മനസ്സിലാക്കുന്നതിനുള്ള സമയവും സന്ദർഭവുമുള്ളതിനാൽ ഈ രീതിയിൽ ഉപയോഗിക്കുകയാണെങ്കിൽ സ്ത്രീശാക്തീകരണം എന്ന പദം അക്ഷരാർഥത്തിൽ പ്രാവർത്തികമാക്കാൻ ഹോസ്റ്റലിനുള്ളിൽ സാധിക്കുന്നതാണ്. ■

# വിജ്ഞാന വിപ്ലവത്തിന് തിരികൊളുത്തിയ ഋഷിവര്യൻ

**പി.**എൻ. പണിക്കർ കേരളത്തിന്റെ വികസനം ഗ്രന്ഥശാലാപ്രസ്ഥാനത്തിലൂടെയും സാക്ഷരതാ പ്രവർത്തനത്തിലൂടെയും ത്വരിതപ്പെടുത്തിയെന്ന് മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി പറഞ്ഞു.

പി.എൻ. പണിക്കരുടെ 103 ാം ജന്മദിനാഘോഷവും സാമൂഹിക പ്രവർത്തകദിനാചരണവും തിരുവനന്തപുരം കലാഭവൻ തിയേറ്ററിൽ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

ഏറ്റവും വലിയ സമ്പത്തായ വിദ്യ താഴേത്തട്ടിൽ എത്തിക്കുവാൻ സാമാന്യജനങ്ങളെ അക്ഷരലോകത്തേക്ക് കൈപിടിച്ചുയർത്തിയ കർമധീരനായിരുന്നു പി.എൻ. പണിക്കരെന്നും അദ്ദേഹത്തെ മലയാള ജനതയ്ക്ക് ഒരിക്കലും വിസ്മരിക്കാനാവുകയില്ലെന്നും മുഖ്യമന്ത്രി കൂട്ടിച്ചേർത്തു. സാമാന്യജനങ്ങളെ സംഘടിപ്പിച്ച് കേരളത്തിലെ കുഗ്രാമങ്ങളിൽപോലും ഗ്രന്ഥശാലകൾ സ്ഥാപിച്ച് വായനയുടെ സന്ദേശം ഏറ്റവും പാവപ്പെട്ടവനിൽ എത്തിച്ച് വിജ്ഞാന വിപ്ലവത്തിന് തിരികൊളുത്തിയ പി.എൻ. പണിക്കർ കേരളത്തിലെ നവോത്ഥാന നായകന്മാരിൽ പ്രമുഖനാണെന്ന് മുഖ്യമന്ത്രി അനുസ്മരിച്ചു.

പി.എൻ. പണിക്കർ ഫൗണ്ടേഷൻ ഏറ്റെടുത്ത് നടപ്പിലാക്കുന്ന എല്ലാ കർമ പരിപാടികൾക്കും സർക്കാരിന്റെ പരിപൂർണ പിന്തുണ ഉണ്ടാകുമെന്നും മുഖ്യമന്ത്രി പറയുകയുണ്ടായി.

വിദ്യാഭ്യാസമന്ത്രി പി.കെ. അബ്ദുറബ്ബിന്റെ അധ്യക്ഷതയിൽകൂടിയ യോഗത്തിൽ ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് തയ്യാറാക്കിയ *വായനയുടെ വളർത്തച്ഛൻ* എന്ന പി.എൻ. പണിക്കർ ഡോക്യുമെന്ററിയുടെ പ്രദർശനോദ്ഘാടനം സാംസ്കാരികമന്ത്രി കെ.സി. ജോസഫ് നിർവഹിച്ചു.

പ്രതിപക്ഷ ഉപനേതാവ് കോടിയേരി ബാലകൃഷ്ണൻ എം.എൽ.എ, പാലോട് രവി എം.എൽ.എ, ജെ. ലളിതാംബിക, മുൻ മന്ത്രി എം. വിജയകുമാർ, എൻ. ബാലഗോപാൽ, അഡ്വ. വി.എസ്. ഹരീന്ദ്രനാഥ് എന്നിവർ പങ്കെടുത്തു.



**പി.എൻ. പണിക്കരുടെ 103 ാം ജന്മദിനാഘോഷം മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യുന്നു**

# എസ്.ഐ.ഇ.ടിക്ക് ദേശീയ പുരസ്കാരം



മികച്ച എസ്.ഐ.ഇ.ടിക്കുള്ള ദേശീയപുരസ്കാരം എസ്.ഐ.ഇ.ടി ഡയറക്ടർ ഡോ. ബാബു സെബാസ്റ്റ്യൻ ഏറ്റുവാങ്ങുന്നു

ഇന്ത്യയിലെ ഏറ്റവും മികച്ച എസ്.ഐ.ഇ.ടിക്കുള്ള ദേശീയപുരസ്കാരം കേരളം കരസ്ഥമാക്കി. മറ്റ് സംസ്ഥാനങ്ങളെ പിന്തള്ളി 17 ാമത് ഓൾ ഇന്ത്യാ ചിൽഡ്രൻസ് എഡ്യുക്കേഷണൽ ഓഡിയോ-വീഡിയോ ഫെസ്റ്റിവലിന്റെ മത്സരവിഭാഗത്തിൽ ഏറ്റവും കൂടുതൽ അവാർഡുകൾ നേടിയാണ് കേരളാ എസ്.ഐ.ഇ.ടി ഈ നേട്ടം കൈവരിച്ചത്.

ഫെസ്റ്റിവലിന്റെ വിവിധ മത്സരവിഭാഗങ്ങളിൽ മികച്ച എസ്.ഐ.ഇ.ടിക്കുള്ള വ്യക്തിഗത അവാർഡുകൾ അടക്കം ആറ് ദേശീയ അവാർഡുകളാണ് കേരള എസ്.ഐ.ഇ.ടിക്ക് ലഭിച്ചത്. സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷണൽ ടെക്നോളജി നിർമിച്ച *ദ യങ് ഗാർഡിയൻ ഓഫ് മാംഗ്രോവ്സ്, പാബ്ലോ പിക്കാസോ, കോറൽസ് റെയിൻ ഫോറസ്റ്റ് ഓഫ് ദി ഓഷൻസ്* എന്നിവ വീഡിയോ വിഭാഗത്തിലും ആയുർവേദം, സവിശേഷപ്രതികരണം, ഹ്യൂമൻ ഓർഗൻ ട്രാൻസ്പ്ലാന്റേഷൻ എന്നിവ ഓഡിയോ വിഭാഗത്തിലുമാണ് മത്സരിച്ച് വിജയം നേടിയത്. വ്യക്തിഗത യിനത്തിൽ മികച്ച ക്യാമറ, സ്ക്രിപ്റ്റ്, എന്നിവയ്ക്കുള്ള അവാർഡുകളും ലഭിച്ചു.

ഇതിനു പുറമേ 2011 ലെ നാലാമത് എസ്.ഐ.ഇ.ടി ചിൽഡ്രൻസ് ഫിലിം ഫെസ്റ്റിവലിൽ മികച്ച ചിത്രമായി തിരഞ്ഞെടുക്കപ്പെട്ട *ദൈവസൂത്രം* ദേശീയതലത്തിലും മികച്ച കുട്ടികളുടെ ചിത്രത്തിനുള്ള പുരസ്കാരം നേടി.

# ഈ ചരിത്രനേട്ടം മലയാളിക്ക് സ്വന്തം



പാക് കടലിടുക്ക് നീന്തിക്കടന്ന ആദ്യ മലയാളിയെന്ന നേട്ടം ചേർത്തല സ്വദേശി എസ്.പി. മുരളീധരൻ സ്വന്തമാക്കി. കടലിടുക്കിലെ പ്രതികൂല സാഹചര്യങ്ങളെ അതിജീവിച്ച് 14 മണിക്കൂറും 22 മിനിട്ടുംകൊണ്ടാണ് അദ്ദേഹം ഈ ചരിത്രനേട്ടത്തിലേക്ക് നീന്തിക്കയറിയത്.


ശ്രീലങ്കയിലെ തലൈമന്നാറിൽനിന്ന് പുലർച്ചെ 1.55 നു നീന്തലാരംഭിച്ച മുരളീധരന്റെ ദൗത്യം വൈകുന്നേരം 4.22 ന് തമിഴ്നാട്ടിലെ ധനുഷ്കോടിയിൽ പൂർത്തിയായി. ഒൻപതു മണിക്കൂർകൊണ്ട് നീന്തി റെക്കോർഡ് സ്ഥാപിക്കാനായിരുന്നു ലക്ഷ്യം. എന്നാൽ കടലിലെ പ്രതികൂലസാഹചര്യം നിമിത്തം ദിശതെറ്റി 10 കി.മീ. അധികം നീന്തേണ്ടിവന്നു. ഇന്ത്യൻ-ശ്രീലങ്കൻ നാവികസേനകൾ, കോസ്റ്റ്ഗാർഡ് യൂണിറ്റുകൾ, മധുര സ്വിമ്മിങ് അസോസിയേഷൻ, സ്വിമ്മിങ് ഫെഡറേഷൻ ഓഫ് ഇന്ത്യ തുടങ്ങിയവരുടെ സാന്നിധ്യവും ഏറെ ശ്രദ്ധേയമായി.

12 മണിക്കൂറും 31 മിനിട്ടും കൊണ്ട് പാക് കടലിടുക്ക് നീന്തിക്കടന്ന ആന്ധ്രസ്വദേശി ഡി.ജി.പി രാജീവ് ത്രിവേദിയുടെ റെക്കോർഡ് മുരളീധരന് മറികടക്കാനായില്ല. അതിൽ താൻ നിരാശനല്ലെന്നും ഓഗസ്റ്റിൽ അമേരിക്കയിലെ കാറ്റ്ലീന കടലിടുക്ക് നീന്തിക്കടക്കുകയാണ് അടുത്ത ലക്ഷ്യമെന്നും എസ്.പി. മുരളീധരൻ പറഞ്ഞു.


# ഭൂമിക്കും സൂര്യനും വ്യത്യസ്ത രാസഘടന

ഭൂമിയുടെയും സൂര്യന്റെയും രാസഘടന ഒന്നാണെന്ന കാലങ്ങളായുള്ള ധാരണയ്ക്ക് മാറ്റം. രണ്ടിന്റെയും രാസഘടന വ്യത്യസ്തമാണെന്നാണ് ആസ്ട്രേലിയൻ സർവകലാശാലയിലെ ശാസ്ത്രജ്ഞർ കണ്ടെത്തിയിരിക്കുന്നത്. സൗരയൂഥത്തിലെ എല്ലാ ഗൃഹ-ഉപഗ്രഹങ്ങളുടെയും ഘടന ഒന്നാണെന്ന നിഗമനം ഇതോടെ ഇല്ലാതായി.

ഉൽക്കാശിലകളെ അടിസ്ഥാനമാക്കിയാണ് ഭൂമിയുടെയും സൂര്യന്റെയും ഘടന കണക്കാക്കിയിരുന്നത്. ഈ നിരീക്ഷണങ്ങൾക്കൊടുവിൽ, ഉൽക്കാശിലകളുടെ സംയുക്തമടങ്ങിയതാണ് ഭൂമിയുടെ രാസഘടനയെന്ന് ശാത്രജ്ഞർ കണ്ടെത്തി. പ്രൊഫ. ഇയാൻ കാംബെലിന്റെ നേതൃത്വത്തിലുള്ള സംഘമാണ് പഠനം നടത്തിയത്. 20 വർഷത്തെ ഗവേഷണങ്ങൾക്കൊടുവിലാണ് ഇത് ശാസ്ത്രീയമായി തെളിയിക്കാൻ കഴിഞ്ഞതെന്ന് അദ്ദേഹം വ്യക്തമാക്കി.



■ ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി)



# പുതിയ കാഴ്ചപ്പാട് പുതിയ കേരളം

നാടിന്റെ ആവശ്യങ്ങൾ കണ്ടറിഞ്ഞ് ദീർഘവീക്ഷണത്തോടെ പ്രവർത്തിക്കുവാൻ സർക്കാരിന് ബാധ്യസ്ഥതയുണ്ട്. മുതലാളിത്തത്തേക്കുറിച്ചും സാമ്രാജ്യത്വ അധിനിവേശത്തെക്കുറിച്ചും മാത്രം ചർച്ചചെയ്തുകൊണ്ടിരുന്നാൽ നാട് മുന്നോട്ടു പോകില്ല. കാലം വളരെ വേഗം സഞ്ചരിച്ചുകൊണ്ടിരിക്കുകയാണ്. അതിനൊപ്പം സഞ്ചരിക്കാൻ നാം തയ്യാറാകേണ്ടതുണ്ട്. അനാവശ്യ വിവാദങ്ങൾമൂലം കാലത്തിനൊപ്പം സഞ്ചരിക്കാൻ നമുക്ക് സാധിച്ചിട്ടില്ല. ലോകത്തിലെ പല രാജ്യങ്ങളും നമ്മുടെ രാജ്യത്തെ പല സംസ്ഥാനങ്ങളും അതിവേഗം മുന്നോട്ടു പോയപ്പോൾ, സാധ്യതകളേറെയുള്ള നാം അവസരങ്ങൾ കൊട്ടിയടച്ചു.

അഞ്ചു വർഷം നോക്കിയുള്ള ഭരണമല്ല നമുക്കാവശ്യം. പത്തോ, മുപ്പതോ, അമ്പതോ വർഷത്തിനപ്പുറത്തേക്കു നോക്കി വേണം തീരുമാങ്ങളെടുക്കാൻ. സർക്കാർ വിഭാവനംചെയ്യുന്ന പല പദ്ധതികളും ഭാവികേരളത്തിന് തികച്ചും അനിവാര്യമായ പദ്ധതികളാണ്. പ്രധാനമായും വിഴിഞ്ഞം തുറമുഖം. എത്രയോ കാലമായി പ്രകൃതിദത്തമായ ഈ തുറമുഖം യാഥാർഥ്യമായി കാണാൻ നാം ആഗ്രഹിക്കുന്നു. 224 കോടി രൂപയാണ് ഈ വർഷത്തെ ബജറ്റിൽ വിഴിഞ്ഞം തുറമുഖത്തിന്റെ പ്രവർത്തനത്തിനായി വകയിരുത്തിയിരിക്കുന്നത്. ഇതിൽനിന്നുതന്നെ വിഴിഞ്ഞം പദ്ധതി നടപ്പിലാക്കുന്നതിനുള്ള ഈ സർക്കാരിന്റെ പ്രതിബദ്ധത മനസിലാക്കാം.

നമ്മുടെ യാത്രാസൗകര്യങ്ങൾ കാലാനുസൃതമായി പരിഷ്ക്കരിച്ചില്ലെങ്കിൽ ജീവിതം തന്നെ ട്രാഫിക്കിൽ കുടുങ്ങിപ്പോകും. അതുകൊണ്ട് ഭാവിയിലെ തിരക്കുകൂടി മുൻനിർത്തിക്കൊണ്ടാണ് നൂതനമായ യാത്രാ സൗകര്യങ്ങൾ ഒരുക്കുന്നതിന് സർക്കാർ തീരുമാനിച്ചത്. മെട്രോ റെയിൽ പദ്ധതിയുടെ പ്രവർത്തനങ്ങൾ കൊച്ചിയിൽ തുടങ്ങിക്കഴിഞ്ഞു. മോണോ റെയിലിന്റെ സാധ്യതാപഠനം പൂർത്തിയായി. കോഴിക്കോട് 14 കിലോമീറ്ററും തിരുവനന്തപുരത്ത് 22 കിലോമീറ്ററുമാണ് മോണോ റെയിൽ നടപ്പിൽ വരുന്നത്.

ബുള്ളറ്റ് ട്രെയിൻ എന്നത് ചില ആളുകൾക്കെങ്കിലും അസാധ്യമായ കാര്യമായി തോന്നിയേക്കാം. 1,20,000 കോടി രൂപ മുടക്കുമുതലുള്ള ബുള്ളറ്റ് ട്രെയിൻ ആവശ്യമുണ്ടോ എന്ന് മറ്റു ചിലർക്കു തോന്നിയേക്കാം. പക്ഷേ അഞ്ചു വർഷം കഴിയുമ്പോൾ അല്ലെങ്കിൽ 10 വർഷം കഴിയുമ്പോൾ സമയവുമായി സന്ധിചെയ്യുവാൻ നമുക്ക് കഴിയാതെവരും. ഒന്നര ശതമാനം പലിശ നിരക്കിൽ വായ്പയും നിക്ഷേപകരും ഉണ്ടെങ്കിൽ ഇത്തരം സാധ്യതകളും നമുക്ക് ഉപയോഗിച്ചു കൂടേ? 50 കോടി രൂപ വകയിരുത്തി രാജ്യത്തെ ആദ്യത്തെ ബുള്ളറ്റ് ട്രെയിൻ എന്ന ആശയത്തിന് വേഗം കൂട്ടാൻ സർക്കാർ നിശ്ചയിച്ചിരിക്കുകയാണ്. തിരുവനന്തപുരം-മംഗലാപുരം അതിവേഗ റെയിലിലൂടെയാണ് ഈ പദ്ധതി വിഭാവനം ചെയ്യുന്ന്. 53 മിനിട്ടുകൊണ്ട് കൊച്ചിയിലെത്തുവാൻ കഴിയുമെങ്കിൽ നമ്മളിൽ ആരാണ് ആ അവസരം പാഴാക്കുക.

മറ്റൊരു നൂതനമായ ആശയം ആകാശക്കാറാണ്. ഉൾപ്രദേശങ്ങളെ ബന്ധപ്പെടുത്തിക്കൊണ്ടുള്ള ഗതാഗത സംവിധാനമാണിത്. ഇതിന്റെ പ്രാരംഭപ്രവർത്തനങ്ങൾക്കായി 25 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

വികസന പ്രവർത്തനങ്ങൾക്കൊപ്പമാണ് ക്ഷേമപ്രവർത്തനങ്ങളുടെ സ്ഥാനം. വികസനത്തിന്റെ നേരിട്ടുള്ള പ്രയോജനം ഉടനേ ലഭിക്കാത്ത ജനവിഭാഗമുണ്ട്. അവർക്കു വേണ്ടി പ്രത്യേക കരുതൽ ഈ സർക്കാരിന്റെ മുഖമുദ്രയാണ്. വികസനവും കരുതലുമുള്ള പുതിയൊരു കേരളത്തിനായി ആത്മാർഥമായി ശ്രമിക്കാം. ■